വാളയാർ, മഞ്ചേരി എന്നിങ്ങനെ പ്രധാനപ്പെട്ടതും ഏറ്റവും കൂടുതൽ വാഹനങ്ങൾ പോകുന്നതുമായ നാലഞ്ച് ചെക്ക്പോസ്റ്റുകളാണ്. ബാക്കിയുള്ളവ ചെറിയ ഇൻറേണൽ ചെക്ക്പോസ്റ്റുകളാണ്. ആ നാല് പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകൾ ആണ് ഇപ്പോൾ ടൈറൻ ചെയ്തിരിക്കുന്നത്. ശ്രീ. അഹമ്മദാലി പറഞ്ഞതുപോലെ ഇപ്പോൾ കാസർകോട്ട് അങ്ങോട്ടുമിങ്ങോട്ടും പോകുന്നതിനും വരുന്നതിനും സൗകര്യമായ രീതിയിൽ ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തിയെടുക്കുന്നതിന് ഗവൺമെൻറ് നടപടി സ്വീകരിക്കുന്നതാണ്. അതുപോലെ ചെക്ക് പോസ്റ്റുകൾ സുരക്ഷിതമാക്കികൊണ്ട് നികുതി പിരിവ് വർദ്ധിപ്പിച്ചെടുക്കുകയെന്നുള്ളതാണ് ലക്ഷ്യം. നമ്മുടെ സംസ്ഥാനത്ത് ഏകദേശം 176 ഐറ്റംസിന് സെയിൽസ്ടാക്സ് ഈടാക്കുന്നുണ്ട്. ഇപ്പോഴത്തെ കയറിനേറത് ഇളവ് ചെയ്തു. വെറ്റില കൃഷിക്കാരുടേത് ഇളവു ചെയ്തു. വളരെ പരിമിതമായി മാത്രമുള്ളത്. ഏറ്റവും കൂടുതൽ കിട്ടാവുന്ന നികുതി കൂടുതൽ പിരിക്കുകയും അത് പിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കുകയും അതേസമയത്ത് നെഗ്ളക്റ്റഡായിട്ടുള്ള 50,000 രൂപ 30,000 രൂപ, അല്ലെങ്കിൽ അങ്ങനെയുള്ള ഐറ്റംസിൽ നിന്നുകിട്ടുന്ന, നെഗ്ളക്റ്റഡായിട്ട് കിട്ടുന്ന സെയിൽസ്ടാക്സ് ഒഴിവാക്കുകയും ചെയ്യണമെന്നാണ് ആഗ്രഹിക്കുന്നത്. അല്ലെങ്കിൽ ജനങ്ങൾക്ക് അക്കാര്യത്തിൽ കുറേക്കൂടി ബുദ്ധിമുട്ടുണ്ടാകും. 50,000 രൂപ പിരിക്കുകയും 2 ലക്ഷം രൂപ അതിൻറെ എസ്റ്റാബ്ലിഷ്മെൻറ് എക്സ്പെൻഡിച്ചർ ആകുകയും ചെയ്യുന്ന സാഹചര്യം ഉണ്ടാകാതിരിക്കുന്നതിന് ആവശ്യമായ രീതിയിലുള്ള മാറ്റം വരുത്തണമെന്നാണ് ആഗ്രഹിക്കുന്നത്. അതുകൊണ്ട് .....(ബഹളം).....ഈ ധനകാര്യ ബിൽ സബ്ജക്റ്റുകമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കാൻ സഭ അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. 1986-ലെ ധനകാര്യബിൽ സാമ്പത്തികകാര്യം സംബന്ധിച്ച 8-ാം സബ്ജക്റ്റുകമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു. ബിൽ സബ്ജക്ടുകമ്മിറ്റിക്ക് അയച്ചു.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും ഇന്ന് ഉച്ചയ്ക്കുശേഷം 4 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(സഭ 4 മണിക്ക് സമ്മേളിക്കുന്നതിലേക്കായി ഉച്ചയ്ക്കു ശേഷം 2.41-ന് പിരിഞ്ഞു.)

(നിയമസഭ ഉച്ചയ്ക്കുശേഷം 4 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വി. എം. സുധീരൻറെ അദ്ധ്യക്ഷതയിൽ വീണ്ടും സമ്മേളിച്ചു)

(2) 1986-ലെ കേരള സമുദ്ര മൽസ്യബന്ധന നിയന്ത്രണ (രണ്ടാം ഭേദഗതി) ബിൽ.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, 1986-ലെ കേരള സമുദ്രമൽസ്യബന്ധന നിയന്ത്രണ (രണ്ടാംഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് അടിയന്തിരനിയമനിർമ്മാണം നടത്തുവാൻ ആവശ്യമായ സാഹചര്യങ്ങളും വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെൻറും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: സർ, 1986–ലെ കേരള സമുദ്ര മത്സ്യ ബന്ധനനിയന്ത്രണ (രണ്ടാംഭേദഗതി) ബിൽ ഭൂനികുതിയും വനവും മൽസ്യബന്ധനവും സംബന്ധിച്ച രണ്ടാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഞാൻ പിന്താങ്ങുന്നു.

ശ്രീ. കെ. കരുണാകരൻ: സർ, ഈ ബിൽ അവതരിപ്പിക്കേണ്ടിവന്ന സാഹചര്യം ബഹുമാനപ്പെട്ട സഭാംഗങ്ങൾക്ക് അറിയാം. വലിയതരത്തിലുള്ള ബോട്ട് നിശ്ചിതപരിധിക്കുള്ളിൽ കടന്ന് മൽസ്യബന്ധനം നടത്തുന്നതുകൊണ്ട് പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടു കണക്കിലെടുത്തുകൊണ്ടാണ് 1980–ൽ ഇതിന് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടുള്ള ഒരു നിയമം പാസ്സാക്കിയത്. ആ നിയമം പാസ്സാക്കിയതിനുശേഷം അത് നടപ്പിലാക്കുന്ന അവസരത്തിൽ അന്നത്തെ വ്യവസ്ഥയനുസരിച്ച് 22 കിലോമീറ്ററിനുള്ളിൽവന്ന് മൽസ്യബന്ധനം നടത്തുകയാണെങ്കിൽ 5,000 രൂപ ആദ്യത്തെ ഗഡുവായി പിഴ അടയ്ക്കാനും, അതായത് 1,000 രൂപ വിലവരുന്ന മൽസ്യമാണെങ്കിൽ 5,000 രൂപ പിഴയടയ്ക്കാനും 1,000 രൂപയിൽമേൽ വരുന്നതാണെങ്കിൽ അഞ്ചിരട്ടി ഈടാക്കാനുമാണ് വ്യവസ്ഥ ചെയ്തിരുന്നത്. അത് പ്രാവർത്തികമാക്കിയപ്പോഴാണ് കണ്ടുവരുന്ന ഒരു പ്രത്യേകത ആ പിഴയടയ്ക്കൽകൊണ്ട് അവർക്ക് വലിയ ബുദ്ധിമുട്ട് ഉണ്ടാകുന്നില്ല എന്നാണ്. അതുകൊണ്ട് കൂടുതൽ ലംഘിക്കപ്പെടുന്നതായി പരാതിയുണ്ടായിട്ടുണ്ട്. അത് തടയുന്നതിന് ആവശ്യമായ സംവിധാനം ഉണ്ടാകണം. ഇങ്ങനെ ലംഘിച്ചുകടക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം കൂടുതൽ ശിക്ഷണനടപടികൾ ഏർപ്പെടുത്തിയെങ്കിൽ മാത്രമേ പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് അവരുടെ തൊഴിൽ സ്വതന്ത്രമായി, സ്വച്ഛന്ദം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കൂ എന്നുള്ളത് കണക്കിലെടുത്തുകൊണ്ട് നിശ്ചിതപരിധി ലംഘിക്കുന്ന ആൾക്കാർക്ക് കൂടുതൽ ശിക്ഷ നൽകേണ്ടതാണെന്ന് ഇന്ന് ബോദ്ധ്യമായതിന്റെ അടിസ്ഥാനത്തിൽ ആണ് ഒരു ഓർഡിനൻസ് പുറപ്പെടുവിക്കാൻ ഇടയായത്. ഇപ്പോഴത്തെ ഭേദഗതിനിയമം അനുസരിച്ച് ഏറ്റവും ചുരുങ്ങിയത് 25,000 രൂപയെന്ന് നിശ്ചയിച്ചിരിക്കുകയാണ്. വിലയെ സംബന്ധിച്ചിടത്തോളം അഞ്ചിരട്ടി എന്നത് നിലനിൽക്കുന്നു. അതേയവസരത്തിൽ ആയിരംരൂപ എന്നത് 5,000 രൂപയാക്കി വർദ്ധിപ്പിച്ചിരിക്കുന്നു. 25,000–ന് മേൽ 50,000 രൂപവരെ പിഴ ഈടാക്കാനുള്ള വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആദ്യത്തെപ്രാവശ്യം പിഴകൊണ്ട് അവസാനിക്കുന്ന കേസുകളിൽ പിന്നീടും ആവർത്തിക്കുകയാണെങ്കിൽ, രണ്ടാംപ്രാവശ്യം ആ ബോട്ട് പിടിച്ചെടുക്കാനുള്ള വ്യവസ്ഥ ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പരമ്പരാഗതമൽസ്യത്തൊഴിലാളികൾക്ക് മീൻ പിടിക്കാനുള്ളതായ അവരുടെ ഏരിയ സുരക്ഷിതമായി നിലനിർത്താനും വൻകിടബോട്ടുകൾ ഉപയോഗിച്ചുകൊണ്ട് കൂടുതൽ മൽസ്യം വിശേഷിച്ചും ആഴക്കടലിൽപോയി പിടിക്കുന്നതിനുപകരം പുറംകടലിൽ പോയി പിടിച്ചാൽ ഉണ്ടാകാവുന്ന ദോഷവും കണക്കിലെടുത്തുകൊണ്ട് ആണ് ഈ നിയമം കൊണ്ടുവന്നിട്ടുള്ളത്. വലിയ അഭിപ്രായവ്യത്യാസങ്ങൾക്ക് ഇടയില്ലാത്ത ഒന്നായതുകൊണ്ട് ഇത് എത്രയുംവേഗം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, താഴെക്കാണുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. The Kerala Marine Fishing Regulation (Second

LIBRARY ARCHIVES Kerala Legislative Assembly

Amendment) Bill 1986 be circulated for eliciting public opinion till 31—7—1986. സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയാണ്. 1980—ൽ ഈ സഭ പാസ്സാക്കിയ ഒരു നിയമത്തിന് 2—ാം ഭേദഗതിയാണിത്. മദ്രീൻ റെഗുലേഷൻസ് ആക്ട് (1980) ഈ സഭയുടെ മുമ്പാകെ പരിഗണനയ്ക്ക് വന്നപ്പോഴും നടന്ന ചർച്ച ഇപ്പോഴും പ്രസക്തമാണ്. അൽപ്പം ചരിത്രം പറഞ്ഞുകൊണ്ട് ഈ ബില്ലിലേയ്ക്ക് കടക്കാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. അതിനു മുമ്പ് ഒരുകാര്യംകൂടി പറയാനുണ്ട്. നിയമനിർമ്മാണം എന്നു പറയുന്നത് ഈ സഭയെ സംബന്ധിച്ചിടത്തോളം വളരെ അപൂർവ്വമായി ലഭിക്കുന്ന ഒരു സന്ദർഭമാണ്. വാസ്തവത്തിൽ ഭരണഘടനാപരമായി ഗവൺമെന്റിനു ചില ആവശ്യങ്ങൾ നിർവ്വഹിക്കാൻ വേണ്ടിയാണ് സാധാരണഗതിയിൽ സമ്മേളനം നമ്മെ കൂടാറുള്ളത്. ഈ കഴിഞ്ഞ രണ്ടുമൂന്നു സമ്മേളനത്തിനിടയിൽ ഈ ബില്ലിനെക്കുറിച്ചുള്ള ചർച്ച ന്യായമായ നിലയിൽ ആരംഭിക്കുന്നത് ഇന്നു മാത്രമാണ്. അതും ഈ സഭയുടെ കാലാവധി കഴിയാൻപോകുന്ന ഒരു സന്ദർഭത്തിലാണ് ഈ ചർച്ച വരുന്നത്. നിയമനിർമ്മാണസഭയുടെ പ്രധാനജോലി നിയമനിർമ്മാണമാണ്. അതുമാത്രം നമ്മുടെ സഭയിൽ നടക്കുന്നില്ലെന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാം. ഇതുപോലുള്ള നിയമനിർമ്മാണത്തിന് നമുക്കു കിട്ടുന്ന സമയവും വളരെ പരിമിതമാണ്. എന്തായാലും അങ്ങയുടെ നിർദ്ദേശം അനുസരിച്ച് വളരെ പരിമിതമായ സമയത്തിനുള്ളിൽത്തന്നെ പ്രസക്തമായ കാര്യങ്ങൾ പറഞ്ഞ് അവസാനിപ്പിക്കാൻ ഞാൻ പരമാവധി ശ്രമിക്കുന്നതാണെന്ന് ആദ്യമേ ഉറപ്പുനൽകുന്നു. അതേയവസരത്തിൽ മറ്റൊരു കാര്യംകൂടി സഭയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. പ്രത്യേകിച്ച് നമ്മുടെ സഭാനേതാവിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ. അദ്ദേഹം വളരെ വാശിയോടുകൂടി സഭയെക്കൊണ്ട് അംഗീകരിപ്പിച്ചതാണ് ഉച്ചയ്ക്കുമേലുള്ള സമ്മേളനം. ഈ സമ്മേളനത്തിൽ സജീവമായി പങ്കെടുക്കണമെന്നുള്ള ആത്മാർത്ഥമായ ഉദ്ദേശത്തോടുകൂടിയാണ് ഞാനിവിടെ സന്നിഹിതനായത്. പക്ഷേ ഭരണകക്ഷിയിൽപ്പെട്ട എത്ര ആളുകൾ ഇന്ന് ഹാജരായിട്ടുണ്ടെന്നും മുഖ്യമന്ത്രി ഒന്ന് പിന്നിലേയ്ക്ക് നോക്കണം. അതേസമയം ഈ നിർദ്ദേശത്തെ എതിർത്ത പ്രതിപക്ഷാംഗങ്ങളിൽ ഭൂരിപക്ഷവും സഭയിൽ ഉണ്ട്. ഇതാണ് ജനാധിപത്യത്തിന്റെ കീഴ്വഴക്കം. 20—ൽ താഴെ ആളുകൾ പോലും ആ ഭാഗത്തില്ല. ഇരുപതിൽത്താഴെ അംഗങ്ങൾ പോലുമില്ലാത്ത ഒരു ഭരണകക്ഷി ബഹുഭൂരിപക്ഷം വരുന്ന പ്രതിപക്ഷം. ബില്ലിനെക്കുറിച്ചുള്ള ചർച്ചയാണ്. നിയമനിർമ്മാണ നടപടികളിൽ മുഖ്യമന്ത്രിക്ക് വളരെ നിർബന്ധമുണ്ടെങ്കിലും ഭരണകക്ഷിയിൽപ്പെട്ടവർ കാണിക്കുന്ന താൽപ്പര്യം അങ്ങേയ്ക്ക് ബോദ്ധ്യമാകുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഇതിൽക്കൂടുതൽ ആക്ഷേപാർഹമായ ഒരു സംഗതിയുണ്ടോ?

ശ്രീ. എം. എം. ഹസ്സൻ: സർ, വർക്കല രാധാകൃഷ്ണനാണ് ആദ്യത്തെ പ്രാസംഗികനെന്ന് ഈ ലിസ്റ്റിൻപ്രകാരം കണ്ടതുകൊണ്ടാണ് മെമ്പർമാർ അൽപ്പം വൈകിവന്നാൽമതിയെന്ന് തീരുമാനിച്ചത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഈ ബില്ലിനെക്കുറിച്ചുള്ള പ്രസക്തമായ കാര്യങ്ങളാണ് ഞാൻ സംസാരിക്കുന്നത്. നിങ്ങൾക്ക് വിവരം ഉണ്ടാകരുത് എന്നുള്ള നിർബന്ധംകൊണ്ടാണ് വരാത്തത്. വിജ്ഞാനമെന്നു പറയുന്നത് നല്ല കാര്യമാണ്. ആ വിജ്ഞാനം നേടിക്കൂടായെന്നുള്ള വൈരാഗ്യബുദ്ധിയാണ് ഹസ്സന്റെ പാർട്ടിയിൽപ്പെട്ടവർക്കുള്ളത് എന്ന കാര്യം ഇപ്പോൾ വ്യക്തമായി. ഈ ബില്ല് എന്താണെന്നോ,

LIBRARY ARCHIVES Kerala Legislative Assembly

അതിലെ വ്യവസ്ഥകളും എന്താണെന്നോ വിവരമുള്ള ആളുകളും പറഞ്ഞാൽ മനസ്സിലാക്കരുതു് എന്ന നിർബന്ധം കൊണ്ടാണല്ലോ നിങ്ങളും വാ തിരിക്കുന്നതു്.

ഈ ബിൽ ദൂരവ്യാപകമായ ഫലങ്ങളും ഉളവാക്കുന്ന ഒരു ബില്ലാണെന്നു് ഇതിന്റെ ഒറിജിനൽ ബില്ലു് ചർച്ച ചെയ്ത അവസരത്തിൽത്തന്നെ ഞാൻ അഭിപ്രായം പറഞ്ഞിരുന്നു. ഞാൻ ആ അഭിപ്രായത്തിൽ ഇന്നും ഉറച്ചു നിൽക്കുകയാണു്. ഇടതുപക്ഷജനാധിപത്യമുന്നണി 1980—ൽ പാസ്സാ ക്കിയ ഒരു നിയമമാണു് ഇന്നു് നമ്മളും ഭേദഗതി ചെയ്യുന്നതു്. അന്നു് ഈ നിയമത്തിന്റെ ചർച്ചയിൽ അപ്പുറത്തിരുന്നവരും ഇപ്പുറത്തിരുന്നവരും പങ്കെടുത്തിരുന്നതാണു്. അപ്പുറത്തിരുന്നുകൊണ്ടാണു് അന്നു ഞാൻ ആ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തതു്. അതേസമയം ബഹുമാന്യരായ നഹാ സാഹിബ്ബും ശ്രീ. ഇ. അഹമ്മദും അടക്കമുള്ള ആളുകളും ഇപ്പുറത്തി നിന്നാണു് ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തതു്. അന്നു് നഹാസാ ഹിബ്ബു് പ്രകടിപ്പിച്ച അഭിപ്രായം ഇന്നു് എന്റെ കൈവശം ഉണ്ടു്. അതു് വായിക്കാം. അന്നു് ശ്രീ. ഇ. അഹമ്മദു് പ്രകടിപ്പിച്ച അഭിപ്രായവും ഈ രേഖയിലുണ്ടു്. ഇതു് പറയുന്നതു് വളരെ രസാവഹമായതുകൊ ണ്ടാണു്. വിധിവൈപരീത്യമാണെന്നു് കാണിക്കാൻവേണ്ടിയാണു് ഞാനിതു് പറയുന്നതു്. അന്നും ഇന്നും ഞാനിബില്ലിനോടു് ഒരേ സമീപനമാണു് സ്വീകരിച്ചിട്ടുള്ളതു്. അന്നു് 5,000 രൂപ പെനാൽറ്റി ഇ ബില്ലിൽ ഏർപ്പെ ടുത്തിയപ്പോഴും അശങ്ക പ്രകടിപ്പിച്ചവരാണു് ഇന്നു് അപ്പുറത്തിരിക്കുന്ന ശ്രീ. നഹാസാഹിബ്ബു് അടക്കമുള്ളവർ. അവർതന്നെ ഇതു് 25,000 രൂപ ആയി വർദ്ധിപ്പിക്കണമെന്നു പറഞ്ഞു. ഭേദഗതി കൊണ്ടുവന്നതു് വിധി വൈപരീത്യമെന്നല്ലാതെ എന്തു പറയാനാണു്!

ശ്രീ. വി. ദിനകരൻ: സർ, ഇവിടെ 1980—ൽ ഭൂരിപക്ഷമുള്ള ഒരു കക്ഷിയുടെ പ്രതിനിധി എന്ന നിലയ്ക്കാണു് ഈ ബില്ലുമായി ശ്രീ. ശ്രീനിവാസൻ നിയമസഭയിൽ വന്നതു്. ഇപ്പുറത്തിരിക്കുന്നവർ എന്തു് എതിർത്താൽത്തന്നെയും സദുദ്ദേശത്തോടുകൂടിയാണു് ഈ ബില്ലുകൊണ്ടു വന്നിരുന്നതെങ്കിൽ പോർട്ടു് മുതലാളിമാർക്കു് കൂട്ടുനിൽക്കാതെ പർമ്പരാ ഗത മൽസ്യത്തൊഴിലാളികളോടു് ആത്മാർത്ഥത കാണിച്ചിരുന്നെങ്കിൽ ഇന്നു് ഈ വൈകിയവേളയിൽ ഇവിടെയിരുന്നു് ഈ ബില്ലു് ചർച്ച ചെയ്യേണ്ട ആവശ്യം വരികയില്ലായിരുന്നു. അന്നു തന്നെ ആ നിയമം പാസ്സാക്കി എടുക്കാമായിരുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ദിനകരന്റെ വിവരം കുറഞ്ഞു പോയതുകൊണ്ടാണു് ഇതു് പറഞ്ഞതു്. അതിനു് ഒരു കാരണം പറയാം. അന്നു് 5,000 രൂപ പെനാൽറ്റി ഏർപ്പെടുത്തിയപ്പോഴും ആ പെനാൽറ്റി കൂടിപ്പോയി എന്നു പറഞ്ഞു് ഈ സഭയിൽ അതിനെ എതിർത്തതു് ഒരു കാലത്തു് ഫിഷറീസു് വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന ശ്രീ. അവുക്കാ ദർകുട്ടി നഹയാണു്. അപ്പോഴും ഈ ഗവൺമെന്റു് ഭരണഘടന 213—ാം വകുപ്പനുസരിച്ചു് ഒരു ഓർഡിനൻസു് പുറപ്പെടുവിക്കുന്നതിനു് കാരണം പറഞ്ഞിരിക്കുന്നതു് അതിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ നിന്നും വ്യക്തമാണു്. ഉദ്ദേശലക്ഷ്യങ്ങളിൽ പറഞ്ഞിരിക്കുന്നതു്: കടലിൽ രണ്ടു വിഭാഗം ആളുകളും തമ്മിൽ ലഹളയും വഴക്കും വക്കാണവും ഉണ്ടാകുന്നു. അതുപോലെതന്നെ ഇതിനു് ഏറിയ നിർണ്ണയിച്ചിരിക്കുന്നതിനു് അകത്തു നിന്നു പലപ്പോഴും എൻക്രോച്ചുമെന്റു് ഉണ്ടാകുന്നുവെന്നാണു്. അതു കൊണ്ടു് പരമ്പരാഗത മീൻ പിടിത്തക്കാരും പഴ്സീൻ വല ഉപയോഗിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നവരും തമ്മിൽ കൂടെക്കൂടെ സംഘട്ടനം ഉണ്ടാകാറുണ്ട്. 80—ലെ നിയമ വ്യവസ്ഥ അനുസരിച്ച് അതിനെ നിയന്ത്രിക്കാൻ പറ്റാതെവന്നു. 5,000 രൂപ പെനാൽറ്റി ഇതിന് പരിഹാരം ആകുന്നില്ല. കൂടുതൽ കാര്യക്ഷമമായി നിയന്ത്രിക്കാൻ വേണ്ടി 25,000 രൂപയായി പെനാൽറ്റി വർദ്ധിപ്പിക്കണമെന്നാണ് ബില്ലിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ പറഞ്ഞിരിക്കുന്നത്. അങ്ങനെ 25,000 രൂപയായി വർദ്ധിപ്പിച്ചതുകൊണ്ട് പരമ്പരാഗത മൽസ്യത്തൊഴിലാളികളും അതുപോലെതന്നെ പഴ്സീൻ വല ഉപയോഗിക്കുന്നവരും തമ്മിലുള്ള തർക്കം തീരുമെന്നാണ് ഗവൺമെന്റ് കരുതുന്നതെങ്കിൽ ഗവൺമെന്റിന്റെ അഭിപ്രായം തെറ്റാണെന്ന് പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. ഒരു നിയമത്തിൽ പെനാൽറ്റി വർദ്ധിപ്പിച്ചതുകൊണ്ട് ആ നിയമത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളും പൂർണ്ണമായി നിറവേറ്റിക്കൊള്ളണമെന്നില്ല. നിയമം പൂർണ്ണമായി നിറവേറ്റുന്നതിന് വേറെ ചില നടപടികളാണ് ആവശ്യം. 25,000 രൂപയായി വർദ്ധിപ്പിക്കുന്നതിന് ഞാൻ എതിരല്ല. അത് സ്വാഗതം ചെയ്യുകയാണ്. പക്ഷെ ഗവൺമെന്റിന്റെ അപ്രോച്ച്, തെറ്റാണെന്ന് ചൂണ്ടിക്കാണിക്കാനാണ് ഞാൻ ഇത് ഇത്രയും എടുത്തുപറയുന്നത്. ഈ നിയമത്തിന് സ്വൽപം ചരിത്രമുണ്ട്. ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ കാലത്താണ്. മൽസ്യത്തൊഴിലാളികൾക്കുവേണ്ടി രണ്ടു നിയമങ്ങൾ പാസ്സാക്കിയത്. രണ്ടും 1980—ലെ നിയമസഭാസമ്മേളനത്തിൽ വച്ചാണ്. ഫിഷർമെൻ സൊസൈറ്റീസ് രൂപീകരിക്കുന്നതിന്- ഒരു നിയമവും മൽസ്യത്തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിനുവേണ്ടി മറ്റൊരു നിയമവും അന്നത്തെ സംസ്ഥാന നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കി. ഈ രണ്ടു നിയമങ്ങളും പൈലറ്റു ചെയ്തത് അന്നത്തെ മൽസ്യബന്ധന വകുപ്പുമന്ത്രിയും റവന്യൂ മന്ത്രിയുമായിരുന്ന സഖാവ് പി. എസ്. ശ്രീനിവാസനാണ്. അന്ന് ആ നിയമത്തെ സ്വാഗതം ചെയ്തുകൊണ്ട് ഞങ്ങൾ ഒരു കാര്യം പറഞ്ഞു, കേരളത്തിലെ രണ്ടു നിയമങ്ങൾക്കും മാഗ്നാകാർട്ടയുടെ സ്വഭാവമുണ്ട് എന്ന്. കേരളത്തിലെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം, പ്രത്യേകിച്ച് ടെനൻസിനെ സംബന്ധിച്ചടത്തോളം അവരുടെ മാഗ്നാകാർട്ടാ എന്നു വിശേഷിപ്പിക്കുന്നതാണ് കേരളത്തിലെ അഗ്രേറിയൻ റിലേഷൻസ് ആക്ട്. കരയിലുള്ള ജൻമിത്വം അവസാനിപ്പിക്കാൻ വേണ്ടിയുള്ളതായിരുന്നു അഗ്രേറിയൻ റിലേഷൻസ് ആക്ട്. കേരളത്തിൽ കരയിലുള്ള ജൻമിത്വം അവസാനിപ്പിച്ച് ചങ്ങലക്കിട്ടിരുന്ന ടെനൻസിനെ രക്ഷിക്കാൻ വേണ്ടിയാണ് കേരള ലാൻഡ് റിഫോംസ് ആക്ട് നമ്മൾ പാസ്സാക്കിയത്. അതിനു ശേഷം വന്ന, ദൂരവ്യാപകമായ ഫലം ഉളവാക്കുന്ന ഒരു നിയമമാണ് കടലിലെ ജൻമിത്വം അവസാനിപ്പിക്കുന്നതിനുവേണ്ടി പാസ്സാക്കിയ കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ട്. രണ്ടിനേറെയും ഉദ്ദേശലക്ഷ്യങ്ങളും ഒന്നാണ്. ഒന്ന് കരയിലും - ഒന്ന് കടലിലും. കടലിലെ ചൂഷണം അവസാനിപ്പിക്കാൻ വേണ്ടിയാണ് സഖാവ് പി. എസ്. ശ്രീനിവാസൻ 1980—ൽ കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ബിൽ ഈ സഭയിൽ അവതരിപ്പിച്ചത്. അവിടെ ഒരു തരം ചൂഷണമായിരുന്നു. പരമ്പരാഗത മൽസ്യത്തൊഴിലാളികളെ മുഴുവൻ ചൂഷണം ചെയ്തതിന്റെ ഫലമായിട്ട് അവർക്ക് ജീവിക്കാൻ നിവൃത്തിയില്ലാത്ത ഒരു സാഹചര്യം വന്നു. നമ്മുടെ രാജ്യത്തിന്റെ മൽസ്യോൽപ്പാദനം പൂർണ്ണമായി സ്തംഭനത്തിലായി. കേരളത്തിലെ മൽസ്യോൽപ്പാദനം 1976—മുതൽ 1980 വരെയുള്ള കാലഘട്ടത്തിൽ 1/3 ആയിക്കുറഞ്ഞു. പഴ്സീൻ വല എന്നു പറയുന്ന മുതലാളിത്ത മനോഭാവം വളർത്തുന്ന മെക്കനൈസ്ഡ് ഫിഷിംഗാണ് ഇതിന് പ്രധാന കാരണം എന്ന് വിവരമുള്ള ആളുകൾ ഗവൺമെന്റിൽ റിപ്പോർട്ട് ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെയാണ് നമ്മൾ ചിന്തിക്കാൻ തുടങ്ങിയത്. കടലിലെ ഈ ചൂഷണം അവസാനിപ്പിക്കുന്നതിന് കൊണ്ടുവന്ന ഒരു നിയമമാണ്, ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് അഭിമാനിക്കാവുന്ന ഒരു നിയമ നിർമ്മാണമാണ്, നമ്മുടെ സ്റ്റാറ്റ്യൂട്ട് ബുക്കിൽ രജതരേഖകളാൽ രേഖപ്പെടുത്താവുന്ന നിയമനിർമ്മാണമാണ് 1980—ലെ മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ട്. അതോടൊപ്പം തന്നെ നമ്മൾ ഒരു കാര്യം മനസ്സിലാക്കണം. നമ്മൾ കൂട്ടുകൃഷിയെക്കുറിച്ച് പറയാറുണ്ട്. ഭൂമിയിൽ കൂട്ടുകൃഷിയെപ്പോലെ കടലിൽ മൽസ്യത്തൊഴിലാളികൾക്ക് രക്ഷകിട്ടാൻ വേണ്ടി ഒരു കളക്ടീവ് ഫാമിംഗ് സിസ്റ്റം ഏർപ്പെടുത്തുന്നതിന് വേണ്ടിയാണ് ഫിഷർമെൻ ഹെൽഫയർ സൊസൈറ്റീസ് ആക്ട് കേരളത്തിൽ കഴിഞ്ഞ ഇടതുപക്ഷജനാധിപത്യ മുന്നണി പാസ്സാക്കിയത്. രണ്ടു നിയമങ്ങളും ഒരുപോലെ പ്രസക്തങ്ങളാണ്. അത് രണ്ടും മൽസ്യത്തൊഴിലാളി രംഗത്ത് ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കിയതാണ്. രണ്ടും ചൂഷണം അവസാനിപ്പിക്കാൻ വേണ്ടി പാസ്സാക്കിയതാണ്. ഫിഷർമെൻ വെൽഫെയർ സൊസൈറ്റി നിയമം പാസ്സാക്കിയെങ്കിലും ഇന്ന് ആ നിയമം പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല. ആ നിയമപ്രകാരമുള്ള ഇലക്ടറൽ റോൾസ് തയ്യാറാക്കിയില്ല. 1980—ൽ രൂപീകരിച്ച മൽസ്യത്തൊഴിലാളിക്ഷേമ സംഘങ്ങളുടെ തെരഞ്ഞെടുപ്പ് നടത്താൻ ഈ ഗവൺമെന്റിന് ഇതുവരെ സാധിച്ചിട്ടില്ല. മൽസ്യത്തൊഴിലാളികളുമായി പുലബന്ധം പോലുമില്ലാത്ത ആളുകളെയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അങ്ങനെയുള്ള സാഹചര്യത്തിൽ ഈ ഭേദഗതി നിയമവുമായി ഈ ഗവൺമെന്റ് വന്നത് വളരെ സ്വാഗതാർഹമാണ്. മറൊരു കാര്യം ചൂണ്ടിക്കാണിക്കാനുണ്ട്. നമ്മുടെ കേരള നിയമസഭയിൽ ഒരു പുതിയ കീഴ്വഴക്കം സൃഷ്ടിച്ചതിൽ ഞാൻ അങ്ങയെ അനുമോദിക്കുന്നു. ഈ നിയമനിർമ്മാണത്തിന് സഹായകമായ നിലയിൽ പശ്ചാത്തല വിവരണം അടങ്ങുന്ന മെറ്റീരിയൽസ് സെക്രട്ടറിയേറ്റിൽനിന്നും തയ്യാറാക്കി അംഗങ്ങൾക്ക് കൊടുത്തതിലും എനിക്ക് സന്തോഷമുണ്ട്. അതിലുള്ള ഒരു പോരായ്മ ചൂണ്ടിക്കാണിക്കുന്നത് ഈ സന്ദർഭത്തിൽ പ്രസക്തമാണ്. ഇത് മലയാളത്തിൽ തയ്യാറാക്കി കൊടുക്കണം. അതുകൂടി ഒന്ന് ശ്രദ്ധിക്കണം. രണ്ടാമത്തേത്, നേരത്തേ തന്നെ ഇവക മെറ്റീരിയൽസ് തയ്യാറാക്കി സർക്കുലേറ്റ് ചെയ്താൽ മെമ്പർമാർക്ക് അത് വായിക്കാനും അതനുസരിച്ച് ചർച്ചയിൽ ഒതുങ്ങി നിൽക്കാനും സന്ദർഭംകിട്ടും. ഇത് ഇന്നലെ രാത്രിയാണ് ഞങ്ങളുടെ കൈവശം കിട്ടുന്നത്. ഈ ബില്ല് ചർച്ചക്ക് വരുമെന്നുള്ളത്, പത്തരമണിക്കുശേഷമാണ് ഞങ്ങളൊക്കെ അറിയുന്നത്. ഞാൻ ഇതു നേരത്തേ വായിച്ചിരുന്നതുകൊണ്ട് മാത്രം ഒന്നുരണ്ടു കാര്യങ്ങൾ ഈ മെറ്റീരിയൽസിന്റെ അടിസ്ഥാനത്തിൽ പറയുകയാണ്. അല്ലെങ്കിൽ ഇതുതന്നിട്ട് കാര്യമില്ലല്ലോ? ഇപ്പോൾ നമ്മൾ പാസ്സാക്കുന്ന ഈ നിയമം ഫലപ്രദമായി പ്രയോഗത്തിൽ വരുത്തണമെങ്കിൽ ഒന്നുരണ്ടു കാര്യങ്ങൾ ശ്രദ്ധിക്കാനുണ്ട്. ഇന്ത്യയെ സംബന്ധിച്ചിടത്തോളം കേരളം ഉൾപ്പെടെ കർണ്ണാടക, തമിഴ്നാട്, ഗോവാ തുടങ്ങിയ സ്റ്റേറ്റുകളെ സംബന്ധിച്ചിടത്തോളം മൽസ്യബന്ധനത്തിന്റെ കാര്യത്തിൽ വ്യത്യസ്തങ്ങളായ നിലപാടാണുള്ളത്. നിയമനിർമ്മാണത്തിലും വ്യത്യാസമുണ്ട്.

സർ, 1980—ൽ മറൈൻ ഫിഷിംഗ് റഗുലേഷൻസ് ആക്ട് പാസ്സാക്കിയതിനുശേഷം ആ ആക്ടിന്റെ സാധുത കേരള ഹൈക്കോടതി പരിശോധിച്ചു. നിയമം പാസ്സാക്കാനുള്ള അധികാര്യം നമുക്കുണ്ടെന്ന് അവർ അംഗീകരിച്ചു. പക്ഷേ ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

അഞ്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിരുന്നത് ആർബിട്രറിയാണെന്ന് ഹൈക്കോടതി വിധിച്ചു. കാരണം, പഴ്സീൻ വലക്കാരുടെ മൗലികമായ അവകാശങ്ങളെ തടസ്സപ്പെടുത്തുന്നുവെന്നുള്ള ഒറ്റക്കാരണമാണ്. അതുകൊണ്ട് ആ നോട്ടിഫിക്കേഷനുകളെല്ലാം റദ്ദുചെയ്തു. പഴ്സീൻ വലകളും ഉപയോഗിക്കുന്ന മേഖലയെ സംബന്ധിച്ചിടത്തോളം ഏത് തത്വം അംഗീകരിക്കണമെന്നുള്ളതാണ് പ്രധാന വിഷയം. ഡെപ്ത്താണോ ഫാതം ഹൈറാണോ അംഗീകരിക്കേണ്ടത്? മഹാരാഷ്ട്രാ നിയമത്തിൽ ഡെപ്തുതാണ് എടുത്തിരിക്കുന്നത്. എന്നാൽ ഗുജറാത്തിൽ ഈ നിയമമേ ആവശ്യമില്ലെന്നാണ് അവരുടെ നിലപാട്. കേരളത്തിൽ ഇപ്പോഴുള്ള നിയമമനുസരിച്ച് ഈ ഫാതം ഹൈറ് മെഷർമെന്റ് മാത്രമല്ല, ഡെപ്ത് കൂടി എടുക്കണം. പത്തു കി. മീറ്ററിനുള്ളിൽ ഈ പഴ്സീൻവല ഉപയോഗിക്കാൻ പാടില്ലെന്നാണ് ഇപ്പോഴുള്ള നിയമത്തിലെ വ്യവസ്ഥ. പഴ്സീൻവല ഉപയോഗിക്കുന്ന മേഖലയിൽ ഇരുപത് മീറ്ററാണ് ഡെപ്തായിട്ട് നിർണ്ണയിച്ചിരിക്കുന്നത്. അതിനെ സംബന്ധിച്ചിടത്തോളമുള്ള ഡീമാർക്കേഷൻ നടപ്പിലാക്കാൻ പ്രയാസമുണ്ട്. ഈ നിയമം നടപ്പിലാക്കിയാൽ വരുന്ന പ്രയാസങ്ങളാണ് പറയുന്നത്. ഇതിന്റെ ആതറൈസ്ഡ് ഓഫീസറായി ഇപ്പോഴും നിയമിച്ചിരിക്കുന്നത് ഫിഷറീസിലെ ഒരു ഉദ്യോഗസ്ഥനെയാണ്. ഫിഷറീസിലെ ഉദ്യോഗസ്ഥൻ മാത്രമായാൽ പോര. കാരണം അയാൾക്ക് രണ്ട് ജോലിയുണ്ട്. ഒന്ന്, He is the licensing authority രണ്ട്, He is the registering authority. ഈ രണ്ട് രീതിയിലുള്ള ഫങ്ഷൻസ് നിർവ്വഹിക്കുമ്പോൾ അതിൽ ന്യായമായ ഒരു തീരുമാനം വരില്ലെന്ന് മഹാരാഷ്ട്ര ഗവൺമെന്റിനു തോന്നിയിട്ട് അവർ തഹസീൽദാരെയാണ് ആതറൈസ്ഡ് ഓഫീസറായി വച്ചിരിക്കുന്നത്. ഒരു റവന്യൂ ഉദ്യോഗസ്ഥനായിക്കൊള്ളട്ടെ ആതറൈസ്ഡ് ഓഫീസറെന്നു തീരുമാനിച്ചു. നമ്മുടെ നാട്ടിനെ സംബന്ധിച്ചിടത്തോളവും ഈ പ്രയാസങ്ങളുണ്ട്. ഇത് ഫലപ്രദമായി തീരണമെങ്കിൽ പഴ്സീൻവലയുടെ ഉപയോഗം പൂർണ്ണമായും നിരോധിക്കണം. ഇന്ന് നമ്മുടെ രാജ്യത്ത് സ്വീകരിച്ചിരിക്കുന്ന ഒരു സമീപനമെന്താണെന്നു വച്ചാൽ ഇത്ര കി. മീ. ദൂരത്തിനപ്പുറത്ത് ഇത് ഉപയോഗിച്ചുകൊള്ളാമെന്നാണ്. പ്രായോഗികമായ ഒരു നിർദ്ദേശമെന്താണെന്നു വച്ചാൽ, മൺസൂൺ മാസങ്ങളിൽ, അതായത്——ജൂൺ, ജൂലൈ, ആഗസ്റ്റ് തുടങ്ങിയ മാസങ്ങളിൽ പൂർണ്ണമായും ഇതിന്റെ ഉപയോഗം നിയന്ത്രിക്കണം. മൽസ്യങ്ങൾ പത്തു കി. മീറ്ററിനുള്ളിലാണ് മുട്ടയിടുന്നത്. ഇങ്ങനെ മുട്ടയിടുന്ന സീസണിൽ യാതൊരു കാരണവശാലും പഴ്സീൻ വലകൾ പത്തു കി. മീറ്ററിനുള്ളിൽ ഉപയോഗിക്കാൻ പാടില്ല. അതുകൊണ്ട് പൂർണ്ണമായും ഈ മാസങ്ങളിൽ പഴ്സീൻ വലയുടെ ഉപയോഗം നിയന്ത്രിച്ചാൽമാത്രമേ ഈ നിയമം ഫലപ്രദമായി നടപ്പിലാക്കാൻ കഴിയൂ. അതല്ലാതെ നമ്മൾ വിചാരിക്കുന്നതുപോലെ പെനാൽറ്റി അയ്യായിരത്തിൽ നിന്ന് ഇരുപത്തയ്യായിരമായി വർദ്ധിപ്പിച്ചതുകൊണ്ടുമാത്രം ഇത് എഫക്ടീവായിട്ട് നിറുത്തലാക്കാൻ കഴിയില്ല.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ മൽസ്യങ്ങൾ മുട്ടയിടുന്നതുകൊണ്ട് പത്തു കി. മീറ്ററിനുള്ളിൽ ഉള്ള സ്ഥലങ്ങളിൽ പൂർണ്ണമായും പഴ്സീൻവല ഉപയോഗിച്ചുകൊണ്ടുള്ള മൽസ്യബന്ധനം നിറുത്തലാക്കണമെന്നാണ് ഞങ്ങൾ പറഞ്ഞത്. ലോകത്തിൽ ഫിഷിംഗ് ഡെവലപ്പ് ചെയ്തിട്ടുള്ള രാഷ്ട്രങ്ങളിൽ ഏതെങ്കിലും ഒരു പ്രത്യേക സീസണിൽ മൽസ്യങ്ങൾ മുട്ടയിടുന്നുവെന്നുള്ളതിന്റെ പേരിൽ മൽസ്യബന്ധനം നിരോധിച്ചതായി പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. വി. താമരാക്ഷൻ: ലോകത്തിൽ ആദ്യമായി ട്രോളിംഗ് ഏർപ്പെടുത്തിയ നോർവേയിൽ 1979–ൽ ട്രോളിംഗ് നിമിത്തം മൽസ്യങ്ങളും നശിക്കുന്നുവെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ട്രോളിംഗ് ബോട്ടുകളും നിരോധിച്ചത് അങ്ങേയ്ക്കറിയാമോ? അതുപോലെ 1981–ൽ ഫിലിപ്പൈൻസിലും ഇൻഡോനേഷ്യയിലും, ഈ മാസങ്ങളിൽ പൂർണ്ണമായും ട്രോളിംഗ് ബോട്ടുകളും നിരോധിച്ചിരുന്നത് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. വർക്കല രാധാകൃഷ്ണൻ: പടിഞ്ഞാറൻ രാജ്യങ്ങളിൽ, ബഹുമാനപ്പെട്ട താമരാക്ഷൻ പൂണ്ടിക്കാണിച്ചതുപോലെ മൺസൂൺ മാസങ്ങളിൽ മെക്കനൈസ്ഡ് ഫിഷിംഗ് നിരോധിച്ചിട്ടുണ്ട്. കേരളത്തിലും അത് പൂർണ്ണമായും നിരോധിക്കണം. ഇതിൽ മഴലികാവകാശത്തിന്റെ പ്രശ്നമുണ്ടെന്നുള്ള ചിന്താഗതി പാടില്ല. അതു പറയാൻ കാരണം, കേന്ദ്രഗവൺമെന്റ് ഇതിനെക്കുറിച്ച് അന്വേഷിക്കാൻ ഒരു കമ്മിറ്റിയെ നിയമിച്ചു. ആ കമ്മിറ്റി ഇതിനെക്കുറിച്ച് ആലോചിച്ചു. അതുപോലെ കലാവർ കമ്മിറ്റി റിപ്പോർട്ടും നമ്മുടെ മുമ്പിലുണ്ട്. നമ്മുടെ സതേൺ സ്റ്റേറ്റുകളുടെ സെക്രട്ടറിമാരെല്ലാംകൂടി ചർച്ചചെയ്ത മറ്റൊരു കമ്മിറ്റിയുമുണ്ട്. ഇതിനുവേണ്ടി ശാസ്ത്രജ്ഞൻമാരടങ്ങുന്ന ഒരു കമ്മിറ്റിയുണ്ട്. ഈ കമ്മിറ്റികളും ഇതിന്റെ എല്ലാ വശങ്ങളും പരിശോധിച്ച് അവസാനമെത്തിയ നിഗമനം കേരളത്തിൽ പഴ്സീൻ വല ഉപയോഗിക്കുന്നത് പരമ്പരാഗത തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഹാനികരമാണ്. അതുകൊണ്ട് അത് പൂർണ്ണമായും അവസാനിപ്പിക്കണമെന്നായിരുന്നു. അതുകൊണ്ട് ഗവൺമെന്റിന്റെ ഭാഗത്തിൽ ഒരു മാറ്റം വരുത്തണം. കേവലം ഈ നിയമത്തിൽ ഭേദഗതി വരുത്തി പെനാൽറ്റി വർദ്ധിപ്പിച്ചതുകൊണ്ടുമാത്രം ഈ നിയമത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ സാധിതപ്രായമാക്കാൻ കഴിയുമെന്ന് കരുതരുത്. പഴ്സീൻവല കണ്ടുകെട്ടണമെന്നുള്ളതൊക്കെ ഞാൻ പൂർണ്ണമായി സമ്മതിക്കുന്നു. പക്ഷേ ഇതുകൊണ്ടൊന്നും ഈ രാജ്യത്ത് പരമ്പരാഗത മൽസ്യത്തൊഴിലാളികൾ ആഗ്രഹിക്കുന്ന നിലയിൽ പൂർണ്ണമായും നിയന്ത്രണം വരുത്താൻ കഴിയില്ല. അതിന് ഗവൺമെന്റിന്റെ മെഷീനറി കാര്യക്ഷമമായിത്തന്നെ പ്രവർത്തിക്കേണ്ടതായിട്ടുണ്ട്. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഞാൻ നേരത്തേ പറഞ്ഞതുപോലെ അന്ന് പറഞ്ഞ അഭിപ്രായങ്ങളിൽത്തന്നെയാണോ ഭരണപക്ഷം ഊന്നിനിൽക്കുന്നതെന്ന് അറിയാൻ താൽപ്പര്യമുണ്ട്. അന്ന് ശ്രീ. അഹമ്മദ് ഈ സഭയിൽ പറഞ്ഞു, കരയിലും കടലിലും സമാധാന ലംഘനമാണ് എന്ന്. ഇപ്പോഴും കടലിലും സമാധാനമില്ല, കരയിലുമില്ല. കടലിൽ സമാധാനമില്ലാത്തതുകൊണ്ടാണല്ലോ ഈ ഭേദഗതി ബില്ലുമായി മുഖ്യമന്ത്രി ഈ സഭയുടെ മുമ്പിൽ വന്നിരിക്കുന്നത്. കടലിൽ സമാധാനമുണ്ടോ? അതുകൊണ്ട് അങ്ങ് കൊണ്ടുവന്ന ഈ നിയമത്തെ അനുകൂലിക്കുന്നു. അതു ഫലപ്രദമായി നടപ്പിലാക്കാൻ ആവശ്യമായ നടപടികളും ഗവൺമെന്റ് സ്വീകരിക്കണം. ഇത്രയും പറഞ്ഞുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, 1986–ലെ കേരള മൽസ്യബന്ധന നിയന്ത്രണ (രണ്ടാം ഭേദഗതി) ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്നുള്ള ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കേരളത്തിൽ, ഇൻഡ്യയിലെ ആകെ മൽസ്യത്തൊഴിലാളികളിൽ 27% ജീവിക്കുകയാണ്. കേരളത്തിലെ പരമ്പരാഗത മൽസ്യത്തൊഴിലാളികളെ സംരക്ഷിക്കുവാനുള്ള ഉദ്ദേശത്തോടുകൂടിയാണ് 1980–ലെ

LIBRARY ARCHIVES Kerala Legislative Assembly

ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറ് ഒരു മൽസ്യബന്ധന നിയന്ത്രണ ആക്ട് കൊണ്ടുവരാനിടയായത്. ആ ആക്ട് കൊണ്ടുവന്നത് തീരക്കടലിൽ മൽസ്യബന്ധന നൗകകളും ഉപയോഗിച്ചുകൊണ്ട് മൽസ്യ ബന്ധനം നടത്തുന്നവരെ നിയന്ത്രിക്കാനും പരമ്പരാഗത മൽസ്യത്തൊഴി ലാളികൾക്ക് ജോലി ലഭിക്കുന്നതിനുള്ള സൗകര്യമുണ്ടാക്കുന്നതിനും വേണ്ടി യാണ്. സർ, ഈ ഓർഡിനൻസിനെങ്കിലും ശാപമോക്ഷം ലഭിക്കുമല്ലോ എന്നുള്ള സന്തോഷമാണുള്ളത്. ഇപ്പോൾ കേരളത്തിൽ നിയമമാകാതെ കിടക്കുന്ന 36 ഓർഡിനൻസുകളുണ്ട്. ഈ കേരളത്തിൽ ഇപ്പോൾ നടക്കു ന്നതുതന്നെ ഒരു ഓർഡിനൻസ് ഭരണമാണ്. ഇൻഡ്യയിൽ ബീഹാറിനാ യിരുന്നു മുൻപ് ഓർഡിനൻസ് ഭരണത്തിന് പേരു കിട്ടിയിരുന്നതെങ്കിൽ അവിടത്തെ ജഗന്നാഥമിശ്രയുടെ പ്രേതമാണ് കേരളത്തിലെ മുഖ്യമന്ത്രി ശ്രീ. കരുണാകരൻ. ശ്രീ. കരുണാകരൻ കേരളം ഭരിക്കുമ്പോൾ ഓർഡിനൻസുകളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഈ ഓർഡിനൻസുകൾക്ക് നിയമപ്രാബല്യം കൊടുക്കാനോ, ഈ സഭയുടെ മുൻപിൽ അവതരിപ്പിക്കാനോ ഉള്ള നടപടി സ്വീകരിക്കാനുള്ള യാതൊരു ആത്മാർത്ഥതയും ആഗ്രഹവും ഈ ഗവൺമെൻറിനില്ല. അതുകൊ ണ്ടാണ് പെട്ടെന്ന് 3, 4 ഓർഡിനൻസുകളെങ്കിലും പാസ്സാക്കിയെന്നു വരുത്താൻവേണ്ടി വൈകുന്നേരവും കൂടി ഈ സഭ സമ്മേളിച്ചുകൊണ്ടിരി ക്കുന്നത്. ഭരണകക്ഷിക്ക് ഇക്കാര്യത്തിൽ യാതൊരു ആത്മാർത്ഥതയു മില്ല. 8 ഓർഡിനൻസുകൾ ഇങ്ങനെ പുതുക്കി നിശ്ചയിച്ചതിന്റെ ഫലമായി, കേന്ദ്രഗവൺമെൻറിൽനിന്നുതന്നെ സമ്മർദ്ദം ചെലുത്തിയി രിക്കുന്നു എന്നാണ് പത്രങ്ങളിൽ വാർത്ത കാണുന്നത്. കേന്ദ്രം ഭരിക്കുന്ന നമ്മുടെ പ്രധാനമന്ത്രിക്ക് നിയമ നിർമ്മാണത്തിൽ വലിയ താൽപ്പര്യ മുള്ളതുകൊണ്ട് ഒന്നുമല്ല.

ശ്രീ. എ. സി. ജോസ്: ബഹുമാനപ്പെട്ട മെമ്പർ എന്തിനെക്കുറി ച്ചാണ് സംസാരിക്കുന്നത് എന്ന് മനസ്സിലായില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നിയമനിർമ്മാണത്തെക്കുറി ച്ചുതന്നെയാണ് സംസാരിക്കുന്നത്. സർ, അതുകൊണ്ട് ഈ ഓർഡി നൻസുകളെല്ലാം ബില്ലാക്കി ഈ സഭയുടെ മുൻപാകെ വരണം. അതു വരു ത്താൻവേണ്ടിയുള്ള നടപടിക്രമങ്ങൾ ഭരണകക്ഷി സ്വീകരിക്കണം. ഇപ്പോൾ ഈ ഒരു ഓർഡിനൻസിനെങ്കിലും നിയമപ്രാബല്യം കിട്ടുമല്ലോ എന്ന സന്തോഷമാണ് ഞങ്ങൾക്കുള്ളത്. കേന്ദ്രഗവൺമെൻറിൽ നിന്നും നിർദ്ദേശ മുണ്ടെന്നാണ് ഇപ്പോൾ കേൾക്കുന്നത്. അതുകൊണ്ടാണ് ഇപ്പോൾ ഈ ഓർഡിനൻസ് നിയമമാക്കാൻ ബില്ലുമായി ഇവിടെ വന്നിരിക്കുന്നത്. പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധി പറഞ്ഞിട്ടുണ്ടെന്നൊക്കെ പത്രക്കാർ എഴുതി. രാജീവ്ഗാന്ധിക്ക് ഇതിലൊന്നും താൽപ്പര്യമില്ല. കാരണം പാർല മെൻറ് സമ്മേളിക്കുമ്പോൾതന്നെ ടൂർ നടത്തുന്ന ആളാണ് നമ്മുടെ പ്രധാന മന്ത്രി. നമ്മുടെ മുഖ്യമന്ത്രി ശ്രീ. കരുണാകരൻ ഇവിടെ ഇരിക്കുക യെങ്കിലും ചെയ്യുന്നുണ്ട്. ഈ ബിൽ അവതരിപ്പിക്കേണ്ടത് ശ്രീ. എ. എൽ. ജേക്കബ് ആയിരുന്നു. ശ്രീ. എ. എൽ. ജേക്കബ് ഇവിടെയില്ല. മുഖ്യമന്ത്രിക്ക് മൽസ്യത്തൊഴിലാളികളോട് താൽപ്പര്യ മുള്ളതുകൊണ്ടായിരിക്കും ഇവിടെയിരിക്കുന്നത്.

ശ്രീ. പി. സീതിഹാജി: ശ്രീ. ഹംസയുടെ പ്രസംഗത്തിൽ പറഞ്ഞു ഇവിടെ ഉറങ്ങാൻ സുഖമില്ലാത്തതുകൊണ്ട് രാജീവ് ഗാന്ധി ഏഴു ദിവസം സോവിയറ്റു യൂണിയനിൽ പോയിയെന്ന്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പത്മനാഭൻ: ഉറങ്ങാൻ വേണ്ടി പോകുകയായിരിക്കും. ശ്രീ. രാജീവ് ഗാന്ധിക്ക് ഇൻഡ്യയിൽ മര്യാദയ്ക്ക് നടക്കാൻ കഴിയില്ല. അതുകൊണ്ട് വിദേശരാജ്യത്ത് പോകുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇവിടെ ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത് ആത്മാർത്ഥതയോടുകൂടിയല്ല. മൽസ്യത്തൊഴിലാളികളെ രക്ഷിക്കാൻവേണ്ടിയല്ല. ഈ വകുപ്പുതന്നെ ചലനമറ്റ് കിടക്കുകയാണ്. ഈ വകുപ്പിൽ ആവശ്യമായ കാര്യങ്ങൾപോലും ചെയ്യാൻ നടപടികൾ സ്വീകരിക്കാത്ത ഗവൺമെന്റാണ് ഈ സംസ്ഥാനം ഇന്ന് ഭരിച്ചുകൊണ്ടിരിക്കുന്നത്. പരമ്പരാഗത മൽസ്യത്തൊഴിലാളികളെ മൽസ്യബന്ധനം നടത്തുന്നതിനു സഹായിക്കുന്ന വിധത്തിലുള്ള ഒരു നിയമനിർമ്മാണമാണ് നമുക്ക് ആവശ്യമായിട്ടുള്ളത്. ഇപ്പോൾ അഡ്ജുഡിക്കേറ്റിംഗ് ആഫീസർമാർക്ക് തീരുമാനമെടുക്കുന്നുള്ള അധികാരം വിട്ടുകൊടുത്തിട്ടുണ്ട്. 25,000 രൂപ മുതൽ 50,000 രൂപവരെ പിഴ ഈടാക്കാനുള്ള അധികാരം ആണ് ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. അഡ്ജുഡിക്കേറ്റിംഗ് ആഫീസർമാർക്ക് അങ്ങനെയുള്ള മൽസ്യബന്ധന നൗകയുടെ ഉടമസ്ഥനെയോ അതിൽ അവകാശമുന്നയിക്കുന്ന ഏതെങ്കിലുമൊരു ആളുടെയോ വാദം കേട്ടതിനുശേഷം, ആ ഉടമയോ അങ്ങനെയുള്ള ആളോ കുറ്റം ചെയ്യുന്നതു തടയാൻ മതിയായ ശ്രദ്ധ ചെലുത്തിയിരുന്നുവെന്ന് ബോദ്ധ്യമാകുന്ന പക്ഷം ഈ ഉപവകുപ്പുപ്രകാരം അത്തരം മൽസ്യബന്ധന നൗകകൾ കണ്ടുകെട്ടാൻ പാടില്ലാത്തതാണ് എന്നു തീരുമാനിക്കാനുള്ള ഒരു ഉപവകുപ്പുകൂടി ഇതിൽ ചേർത്തിട്ടുണ്ട്. ആദ്യം ഉദ്ദേശിച്ചതിനു വിരുദ്ധമായിട്ട് ഫിഷറീസ് ഉദ്യോഗസ്ഥൻമാരിൽ സ്വാധീനം ചെലുത്തി നൗകകൾ വിട്ടുകിട്ടാൻ സഹായകരമായ വിധത്തിൽ ഇത് ദുരുപയോഗപ്പെടുത്തുകയില്ലേ എന്ന ഒരു സംശയം ഈ ഉപവകുപ്പിന്റെ ഫലമായിട്ട് ഉണ്ടാകുന്നുണ്ട്. ഇന്ന് നമ്മുടെ സംസ്ഥാനത്ത് ഫിഷറീസ് ഉദ്യോഗസ്ഥൻമാരുടെ കയ്യിൽ കിട്ടിയ അധികാരംത്തന്നെ പലസ്ഥലത്തും ദുർവിനിയോഗം ചെയ്തുകൊണ്ടിരിക്കുന്ന അവസ്ഥ ഉണ്ട്. അഡ്ജുഡിക്കേറ്റിംഗ് ആഫീസർ ബോട്ട് ഉടമസ്ഥൻമാരെ സഹായിക്കുന്ന ഒരു സ്ഥിതിവിശേഷമാണ് ഈ ഉപവകുപ്പിന്റെ ഫലമായി വരാൻ പോകുന്നത്. അതുകൊണ്ട് അത് ദുർവിനിയോഗം ചെയ്യുന്നില്ലെന്ന് ഉറപ്പുവരുത്തുക രീതിയിൽ ഫിഷറീസ് വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതുണ്ടെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ ഇന്നത്തെ സ്ഥിതി വളരെ ശോചനീയമാണ്. മൽസ്യത്തൊഴിലാളികൾക്ക് കിട്ടുന്ന മൽസ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള സംവിധാനമില്ല. ഐസ് ഉണ്ടാക്കുന്നതിന് വേണ്ട ഇലക്ട്രിസിറ്റി കൊടുക്കാത്തതിന്റെ ഫലമായി കിട്ടിയ മൽസ്യംതന്നെ സൂക്ഷിച്ചുവയ്ക്കാനുള്ള സംവിധാനമില്ല. ഈ വർഷം നല്ലതുപോലെ ചാകരയുണ്ടായപ്പോൾ അതു സൂക്ഷിക്കാൻ ഐസ് കൊടുത്തില്ല. മൽസ്യത്തൊഴിലാളികൾക്ക് ഐസ് ഉണ്ടാക്കി സൂക്ഷിക്കാൻ സാധിച്ചിരുന്നെങ്കിൽ എന്തെങ്കിലും സൗകര്യങ്ങളുണ്ടാക്കാൻ സ്വാധിക്കുമായിരുന്നു. ചാകര ഉണ്ടായിട്ട് ആ ചാകരയുടെ ഗുണം മൽസ്യത്തൊഴിലാളികൾക്ക് കിട്ടിയില്ല. ധാരാളം നിയമനിർമ്മാണം ഈ രംഗത്തുണ്ടായിട്ടുണ്ട്. പക്ഷേ

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

കേരളത്തിലെ മൽസ്യത്തൊഴിലാളികൾക്ക് അതിന്റെ നേട്ടങ്ങൾ പൂർണ്ണമായി ഇതുവരെ അനുഭവിക്കാൻ ഴിയാത്ത ഒരു സ്ഥിതിവിശേഷമാണ് ഉണ്ടായിട്ടുള്ളത്. ഗ്രാമസംഘങ്ങളുടെ പേരിൽ പരമ്പരാഗത മൽസ്യത്തൊഴിലാളികളെ സഹായിക്കുമെന്ന് ഗവൺമെന്റ് അവകാശപ്പെട്ടിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ 222 ഗ്രാമസംഘങ്ങൾ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. 222 ഗ്രാമസംഘങ്ങളിലും ഉദ്യോഗസ്ഥൻമാരുടെ ഭരണമാണ് നടന്നുകൊണ്ടിരിക്കുന്നത്. ആ ഗ്രാമസംഘങ്ങളിൽ തെരഞ്ഞെടുപ്പു നടക്കുന്നില്ല. തെരഞ്ഞെടുപ്പ് എന്നു പറഞ്ഞാൽത്തന്നെ നമ്മുടെ ഗവൺമെൻറിന് ഒരു അലർജിയാണ്. തെരഞ്ഞെടുപ്പ് എന്നു കേട്ടുകൂടാ. നോമിനേറ്റഡ് കമ്മിറ്റികളാണ് എല്ലാ മേഖലയിലുമുള്ളത്. പഞ്ചായത്തിലും നോമിനേറ്റഡ് ഉദ്യോഗസ്ഥൻമാരാണുള്ളത്. മുനിസിപ്പാലിറ്റികളുടെ ഭരണം, ഗ്രാമസംഘങ്ങളുടെ ഭരണം, ഗ്രന്ഥശാലാസംഘങ്ങളുടെ ഭരണം ഇങ്ങനെ എല്ലാ രംഗങ്ങളിലെ ഭരണവും ഉദ്യോഗസ്ഥൻമാരുടെ കയ്യിൽ ഏൽപ്പിക്കുകയാണ് ചെയ്യുന്നത്.

ശ്രീ. ഒ. ഭരതൻ: മുഖ്യമന്ത്രിയുടെ പാർട്ടിയിൽത്തന്നെ തെരഞ്ഞെടുപ്പു കഴിഞ്ഞിട്ട് എത്ര കാലമായി എന്ന് ബാലകൃഷ്ണന് അറിയാമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മുഖ്യമന്ത്രിയുടെ പാർട്ടി രൂപീകരിച്ചതിനുശേഷം ഇതുവരെ തെരഞ്ഞെടുപ്പു നടത്തിയിട്ടില്ല. 16 കൊല്ലമായിട്ട് മുഖ്യമന്ത്രിയുടെ പാർട്ടിയിൽ തെരഞ്ഞെടുപ്പ് നടത്തിയിട്ടില്ല. മുഖ്യമന്ത്രിയുടെ പാർട്ടിയെപ്പോലെത്തന്നെ സ്ഥാപനങ്ങളെയും മാറ്റാനാണ് മുഖ്യമന്ത്രി ഉദ്ദേശിക്കുന്നത്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: കേരള സർവ്വകലാശാലയുടെയും കോഴിക്കോട് സർവ്വകലാശാലയുടെയും സിൻഡിക്കേറ്റുകൾ പിരിച്ചുവിട്ടു. ഇനിയിപ്പോൾ സെനറ്റുംകൂടി പിരിച്ചുവിടാൻ പോകുന്നതായി അറിയുന്നു. അതുംകൂടിയായാൽ ഏതാണ്ട് 90% പൂർത്തിയാകുകയില്ലേ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: എല്ലാ തെരഞ്ഞെടുപ്പു സമിതികളും പിരിച്ചുവിട്ട് ശ്രീ. കരുണാകരന്റെ ഏകാധിപത്യം നടപ്പാക്കുക എന്നതാണ് പരിപാടി.

ശ്രീ. പി. പി. തങ്കച്ചൻ: ശ്രീ. കരുണാകരന്റെ ഏകാധിപത്യത്തെക്കുറിച്ച് പറഞ്ഞു. താങ്കളുടെ പാർട്ടിയിൽ അഭിപ്രായസ്വാതന്ത്ര്യമുണ്ടോ? താങ്കളുടെ പാർട്ടിയിൽ അഭിപ്രായം പറഞ്ഞാൽ എന്താണ് സ്ഥിതി? ഒരു അഭിപ്രായം പറഞ്ഞുപോയി എന്നതുകൊണ്ടാണ് ശ്രീ. രാഘവനും ശ്രീ. ചക്രപാണിയും ശ്രീ. വാസുദേവമേനോനുമൊക്കെ പുറത്തു നിൽക്കുന്നത്. അഭിപ്രായ സ്വാതന്ത്ര്യംപോലും നിങ്ങളുടെ പാർട്ടിയിൽ ഉണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞങ്ങളുടെ പാർട്ടിയിലുള്ളതുപോലെ ജനാധിപത്യം ഇൻഡ്യയിൽ ഒരു പാർട്ടിയിലുമില്ല. കമ്മ്യൂണിസ്റ്റു പാർട്ടി ലോകത്തുടനീളം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് മാർക്സിസം—ലെനിനിസത്തിന്റെ സംഘടനാ രീതിയനുസരിച്ചാണ്. അതുപോലെ ലോകത്ത് ഇന്നുവരെ ഉണ്ടായിട്ടുള്ള പാർട്ടികളിൽ കമ്മ്യൂണിസ്റ്റു പാർട്ടിയെപ്പോലെയുള്ള ഒരു ജനാധിപത്യ പാർട്ടി വേറെ ഉണ്ടായിട്ടില്ല. അങ്ങനെയുള്ള ഒരു പാർട്ടിയിൽ ജനാധിപത്യം ഇല്ലെന്നു പറഞ്ഞാൽ അതംഗീകരിച്ചുകൊടുക്കുവാൻ സാധിക്കുകയില്ല. അഭിപ്രായം പറഞ്ഞതിന്റെ പേരിൽ ഞങ്ങളാരുടെയും പേരിൽ നടപടി എടുക്കാറില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: മി. കോടിയേരി, എല്ലാം കഴിഞ്ഞ് അങ്ങ് ബില്ലിലേക്ക് വരണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ ബില്ലിലേക്കു തന്നെയാണ് വരുന്നത്. ജനാധിപത്യത്തിന്റെ ഒരു പ്രശ്നം ഉന്നയിച്ചതു കൊണ്ടാണ് പറഞ്ഞത്.

ശ്രീ. എം. എം. ഹസ്സൻ: കമ്മ്യൂണിസ്റ്റു പാർട്ടിയുടെ മേൻമ യെക്കുറിച്ച് കുറച്ച്, നേരംകൂറി ഞങ്ങളെ ബോധവാൻമാരാക്കിയാൽ കൊള്ളാം. മാർക്സിസ്റ്റു പാർട്ടിയിൽ ഇപ്പോഴും നടക്കുന്ന ഒരു ജനാധി പത്യ പ്രക്രിയയുണ്ടല്ലോ? കാലത്ത് ശ്രീ. രാഘവന്റെ കൂടെ ഉച്ചയ്ക്കുശേഷം ശ്രീ. അച്യുതാനന്ദന്റെ കൂടെ. പിന്നെയും കാലത്ത് രാഘവന്റെ കൂടെ. അങ്ങനെയുള്ള കൂറുമാറ്റം നടക്കുന്ന മാർക്സിസ്റ്റു പാർട്ടിയിലെ ഇപ്പോഴത്തെ ഇടപാടുണ്ടല്ലോ? അതിനെക്കുറിച്ചുകൂടി ഒന്നു പറഞ്ഞാൽ കൊള്ളാം. ശ്രീ. ഒ. ഭരതനൊക്കെ രാഘവന്റെകൂടെയായി രുന്നു. ഊതിക്കാച്ചിയ പൊന്നായി തിരിച്ചുവരുമെന്ന് പറഞ്ഞ ശ്രീ. ഭരതൻ ഇന്നലെ അതിന് മറുപടി പറയാമെന്ന് പറഞ്ഞതാണ്. പാവം രാഘവനെ നിങ്ങളെല്ലാവരുംകൂടി കുഴിയിൽ ചാടിച്ചിട്ട് മാർക്സി സ്റ്റു പാർട്ടിയാണ് ഏറ്റവും വലിയ ജനാധിപത്യപാർട്ടി എന്നു പറയാൻ നിങ്ങൾക്ക് ലജ്ജയില്ലല്ലോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റു പാർട്ടിയിൽ രാവിലെ ഒരാളിന്റെ കൂടെയും വൈകുന്നേരം മറ്റൊരാളിന്റെകൂടെയും എന്നുള്ള ഏർപ്പാടില്ല. അത് ഹസ്സന്റെ പരിപാടിയാണ്. നമ്മുടെ തോപ്പിൽ രവി, ഈ അമ്പലക്കാളകളെ പിടിച്ചു കെട്ടണമെന്നാണ് ശ്രീ. കരുണാകരനെക്കുറിച്ച് പറഞ്ഞത്. എല്ലാ മലയാളമാസവും ഒന്നാം തീയതി അർദ്ധനഗ്നനായി ഗുരുവായൂ രപ്പന്റെ അടുത്തുപോയി പ്രസാദം വാങ്ങി നിൽക്കുന്ന ഒരു മുഖ്യമന്ത്രി ഈ സംസ്ഥാനം ഭരിക്കുമ്പോൾ നമ്മുടെ ഗതി എന്താകുമെന്നല്ലേ ശ്രീ. തോപ്പിൽ രവി ചോദിച്ചത്? ആ തോപ്പിൽ രവിയല്ലേ സർ, ഇന്നലെ ഇവിടെ വന്ന് ഗവൺമെന്റിനുവേണ്ടി പ്രസംഗിച്ചത്. ആ പാർട്ടിയിൽപ്പെട്ട ആളല്ലേ ഈ ഹസ്സൻ? ആ ഹസ്സനാണ് ചോദിക്കുന്നത്, നിങ്ങൾക്ക് രാവിലെ ഒന്നല്ലേ വൈകുന്നേരം മറ്റൊന്നല്ലേ എന്ന്. ഞങ്ങളുടെ പാർട്ടിയെ സംബന്ധിച്ചിടത്തോളം അങ്ങനെയുള്ള പ്രശ്നമില്ല. ഈ പാർട്ടിക്കകത്ത് അഭിപ്രായം പറയുന്നതിന് എല്ലാവർക്കും സ്വാതന്ത്ര്യമുണ്ട്. ഞങ്ങളുടെ 12–ാം പാർട്ടി കോൺഗ്രസ്സ് കമ്മിറ്റി കൽക്കട്ടയിൽ നടന്നപ്പോൾ രണ്ടോ യിരം ദേഗതികളാണ് കരടു രാഷ്ട്രീയ പ്രമേയത്തിന് കിട്ടിയത്. ഞങ്ങളാ അതെല്ലാം ചർച്ച ചെയ്തുകൊണ്ടാണ് തീരുമാനമെടുത്തത്. കോൺ ഗ്രസ്സ് (ഐ) യിൽ തീരുമാനമെടുക്കുന്നത് ശ്രീ. രാജീവ് ഗാന്ധി യാണ്. ഒരു വ്യക്തിയാണ് അതിൽ തീരുമാനമെടുക്കുന്നത്. ശ്രീ. സീതിഹാജിയുടെ പാർട്ടിയിൽ തീരുമാനമെടുക്കുന്നത് ബാഫക്കി തങ്ങളാണ്. കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയിൽ അങ്ങനെ യല്ല. പാർട്ടിയിലെ മുഴുവൻ മെമ്പർമാർക്കും അഭിപ്രായം പറയാൻ സ്വാത ന്ത്ര്യമുള്ള മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടിയാണ് ഇൻഡ്യയി ലുള്ളത്. അത് ഇവിടെ ഒരു വിഷയമല്ലാത്തതുകൊണ്ട് അതിന്റെ വിശ ദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. ശ്രീ. ഹസ്സനെപ്പോലെയുള്ള ആളുകൾ വെറുതേ വടികൊടുത്ത് അടി വാങ്ങിക്കരുതെന്നാണ് എനിക്ക് പറയുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇവിടെ ഗ്രാമസംഘങ്ങളിൽ തെരഞ്ഞെടുപ്പ് നടക്കുന്നില്ല.

ശ്രീ. പി. സീതിഹാജി: ശ്രീ. ഇ. എം. എസ് നമ്പൂതിരിപ്പാട് മാർക്സിസ്റ്റു പാർട്ടിയിൽ തീരുമാനമെടുക്കാറില്ലെങ്കിൽ വേറെയാരാണ് തീരുമാനമെടുക്കുന്നത്? ശ്രീ. ടി. കെ. ഹംസയാണോ? അതോ വേറെ വല്ലവരുമാണോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ശ്രീ. സീതിഹാജിക്ക് സംഘടന എന്നു പറഞ്ഞാൽ എന്താണെന്ന് അറിഞ്ഞുകൂടാ. കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി രാഷ്ട്രീയ പ്രമേയം അംഗീകരിക്കുന്നതിന് രണ്ടു മാസം മുമ്പ് പാർട്ടി കോൺഗ്രസ്സിലെ കേന്ദ്ര കമ്മിറ്റി യോഗം ചേരും. ആ കേന്ദ്ര കമ്മിറ്റിയോഗം ചേർന്ന് അംഗീകരിക്കുന്ന രാഷ്ട്രീയ പ്രമേയം ഇൻഡ്യയിൽ ആകെയുള്ള എല്ലാ പത്രങ്ങളിലും പ്രസിദ്ധീകരിക്കും, എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും അയച്ചുകൊടുക്കും. അതിനുശേഷം എല്ലാവർക്കും അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യം കൊടുത്തുകൊണ്ടാണ് മാർക്സിസ്റ്റു പാർട്ടി ഒരു തീരുമാനമെടുക്കുന്നത്. ശ്രീ. സീതിഹാജിക്ക് ജനാധിപത്യം എന്താണെന്നോ സംഘടന എന്താണെന്നോ അറിഞ്ഞുകൂടാ. അതുകൊണ്ടാണ് അദ്ദേഹം ഇങ്ങനെ ചോദിക്കുന്നത്.

ശ്രീ. പി. സീതിഹാജി: എനിക്ക് ജനാധിപത്യം അറിയില്ല, സംഘടന അറിയില്ല എന്ന് ശ്രീ. കോടിയേരി പറഞ്ഞല്ലോ? നിങ്ങളുടെ പാർട്ടി കോൺഗ്രസ്സിൽ രണ്ടായിരം ഭേഗതികൾ കൊണ്ടുവന്ന് ചർച്ച ചെയ്തുവെന്നു പറഞ്ഞു. രാഘവൻ പറയുന്നത് അങ്ങനെ ഒരു കുന്തവും നടന്നിട്ടില്ലെന്നാണ്; ഞങ്ങൾക്ക് ചർച്ചയൊന്നുമില്ല, ഏകാധിപത്യമാണെന്നാണ്; കടലിൽ കിടക്കുന്ന കെളവൻമാരെ എല്ലാം തളച്ചുകെട്ടി ഈ പാർട്ടിയെ ശുദ്ധീകരിക്കുവാൻ പോകുന്നുവെന്നാണ്. അതാണോ ജനാധിപത്യം?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇപ്പോൾ ശ്രീ. രാഘവൻ നിങ്ങൾക്കുവേണ്ടി എന്തും പറയും. കൊല്ലത്തെ യൂനൂസ് കുഞ്ഞിന്റെ ചാരനല്ലേ ഇപ്പോൾ രാഘവനുവേണ്ടി പ്രവർത്തിക്കുന്നത്. ഷാ ഇൻറർനാഷണൽ എന്നു പറയുന്ന ഹോട്ടലല്ലേ ഇപ്പോൾ രാഘവന്റെ ആഫീസ്? കോഴിക്കോട്ടെ സംഗീതാ ലോഡ്ജ്, ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജിയുടെ ലോഡ്ജ് അല്ലേ അദ്ദേഹത്തിന്റെ ആഫീസ്? അതുകൊണ്ട് രാഘവൻ ഇപ്പോൾ പലതും പറയും. ശ്രീ. രാഘവൻ പറയുന്നത് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിക്കു വേണ്ടിയല്ല. ഇവിടെ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റു പാർട്ടിയിലേതുപോലെയുള്ള ജനാധിപത്യം കോൺഗ്രസ് (ഒ) ക്ക് ഇല്ല.

ശ്രീ. എം. എം. ഹസ്സൻ: കഴിഞ്ഞതവണ ഈ ബില്ലിനെക്കുറിച്ച് ചർച്ച നടന്നപ്പോൾ കോൺഗ്രസ്സിലെ തെരഞ്ഞെടുപ്പിനെക്കുറിച്ചും മാർക്സിസ്റ്റ് പാർട്ടിയുടെ ജനാധിപത്യത്തെക്കുറിച്ചും വളരെ വീറോടെ വാദിച്ച ആളാണ് ശ്രീ. എം. വി. രാഘവൻ. ഇപ്രാവശ്യം കോടിയേരി ഇത്ര ശക്തമായി വാദിക്കുകയാണെങ്കിൽ അടുത്ത പ്രാവശ്യം ചർച്ച വരുമ്പോൾ കോടിയേരിയും മാറിപ്പറയുമെന്നുള്ള കാര്യം മറക്കരുത്. അതുകൊണ്ട് പതുക്കെ കരയിൽനിന്ന് കടലിലേക്ക് പോകുന്നതാണ് നല്ലത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയിൽ ഭൂരിപക്ഷത്തിന്റെ തീരുമാനം ന്യൂനപക്ഷം അനുവദിക്കണം. ഒറ്റയാൻ പ്രവർത്തനം ഒന്നും മാർക്സിസ്റ്റ് പാർട്ടി അനുവദിക്കുകയില്ല. ഒറ്റയാൻ പ്രവർത്തനം ഞാൻ നടത്തിയാൽ ഞാനും മാർക്സിസ്റ്റ് പാർട്ടിയിൽ നിന്ന് പുറത്തു പോകേണ്ടിവരും. അതാണ് ഈ പാർട്ടി. നിങ്ങളുടെ കോൺഗ്രസ് പാർട്ടിയും മറ്റു പാർട്ടികളുംപോലെയുള്ള പാർട്ടിയല്ല ഞങ്ങളുടേത്.

ശ്രീ. പി. സീതിഹാജി: ഭൂരിപക്ഷത്തിന്റെ അഭിപ്രായം ന്യൂനപക്ഷം സ്വീകരിക്കണമെന്നു പറഞ്ഞു. അങ്ങനെ 1964-ൽ മാർക്സിസ്റ്റു പാർട്ടി സ്വീകരിച്ചില്ലെന്ന് ശ്രീ. എം. വി. രാഘവൻ പറയുന്നു. അത് ശരിയാണോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 1964ലേതും ഇപ്പോഴത്തേതും തമ്മിൽ വലിയ വ്യത്യാസമുണ്ട്. 1964-ൽ 32 കേന്ദ്ര കമ്മിറ്റി മെമ്പർമാർ ഇറങ്ങിവന്നു. ഇന്ന് എം. വി. രാഘവൻ ഒറ്റയ്ക്കാണ്. ആ ഒറ്റയാൻ പ്രവർത്തനത്തെ അനുവദിക്കുവാൻ മാർക്സിസ്റ്റ് പാർട്ടിക്ക് സാദ്ധ്യമല്ല. 1964-ലെയും ഇന്നത്തെയും പരിതഃസ്ഥിതി കമ്മ്യൂണിസ്റ്റ്, മാർക്സിസ്റ്റ് പാർട്ടിയിൽ ഒരേ രീതിയിലല്ല.

ശ്രീ എം ജിനദേവൻ: ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ നേതാവ് ശ്രീ. ഹംസക്കുഞ്ഞ് എറണാകുളത്തു ചേർന്ന ഐക്യ-ജനാധിപത്യ മുന്നണി കൺവെൻഷനിൽ ശ്രീ എം. വി. രാഘവനുവേണ്ടി സഹായം ചെയ്തുകൊടുക്കണമെന്നു ആ കൺവെൻഷനിൽ പങ്കെടുത്തവരോട് ആവശ്യപ്പെട്ട കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ശ്രീ. ഹംസക്കുഞ്ഞ് അങ്ങനെ പ്രസംഗിച്ചതായി പത്രത്തിൽ കണ്ടു. അദ്ദേഹം പ്രസംഗിച്ചതായി പത്രത്തിൽ കണ്ടത്, എല്ലാ പാർട്ടികളിലും പിളർപ്പ് ഉണ്ടാകുമ്പോൾ മാർക്സിസ്റ്റ് പാർട്ടി സഹായിച്ചിട്ടുണ്ട്. അതുകൊണ്ട് ഇപ്പോൾ നമ്മെ ശ്രീ. രാഘവനെയും സഹായിക്കണമെന്നാണ്. അങ്ങനെയാണ് പത്രത്തിൽ കണ്ടത്. എന്നു മാത്രമല്ല തെരഞ്ഞെടുപ്പ് കഴിയുന്നതുവരെ ശ്രീ. രാഘവനുണ്ടാകുമെന്നാണ് പ്രസംഗിച്ചത്. എന്താണ് പ്രസംഗിച്ചതെന്ന് അങ്ങ് പറഞ്ഞാൽ തരക്കേടില്ല. ഇപ്പോൾ ചെയറിൽ ഇരിക്കുന്നതുകൊണ്ട് അതിനെപ്പറ്റി ഞാൻ ചോദിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇപ്പോൾ ബില്ലിനെക്കുറിച്ചുള്ള ചർച്ചയാണ്. പുറത്തു പോയാൽ സമയം കിട്ടും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇവിടെ മത്സ്യത്തൊഴിലാളി ഗ്രാമ സംഘങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തണമെന്നതാണ് പ്രശ്നം പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കണമെന്ന് ഈ ഗവൺമെൻറിന് ആത്മാർത്ഥമായ ആഗ്രഹമുണ്ടെങ്കിൽ ഗ്രാമസംഘങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തണം. പക്ഷേ തെരഞ്ഞെടുപ്പ് നടത്താൻ ഈ ഗവൺമെൻറിന് ധൈര്യമില്ല തെരഞ്ഞെടുപ്പ് നടത്തിയാൽ എന്താകും സ്ഥിതി എന്നുള്ളതിനെക്കുറിച്ച് നല്ലതുപോലെ അറിയാവുന്നതുകൊണ്ടാണ് ഗ്രാമസംഘങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്താത്തത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇവിടെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പട്ടിണിയിലാകുന്ന തരത്തിലാണ് യന്ത്രവൽക്കൃത ബോട്ടുകൾ ആഴക്കടലിൽവന്ന് മൽസ്യം പിടിച്ചുകൊണ്ടിരിക്കുന്നത്. ഇതിന്റെ ഫലമായി കടലിൽ സംഘട്ടനം നടക്കുന്നു. ഫിഷിംഗ് ബോട്ട് ഉപയോഗിച്ചുകൊണ്ട് മത്സ്യബന്ധനം നടത്തുന്നതു തടയാനും അവരെ പിടിക്കുവാനും ഫിഷറീസ് ഡിപ്പാർട്ടുമെന്റിന് യാതൊരു സംവിധാനവുമില്ല. സ്പീഡ് ബോട്ടുകൾ ഉപയോഗിച്ചുകൊണ്ട് അവരെ പിടിക്കാൻ സാധിക്കണം. അതിന് പോലീസിനെ ഉപയോഗിക്കുവാൻ സാധിക്കണം. സ്പീഡ് ബോട്ടുകൾ ഇല്ല. അതിന്റെ ഫലമായി ഈ യന്ത്രവൽക്കൃത ബോട്ടുകൾതന്നെ മത്സ്യം പിടിക്കാൻ പോകുമ്പോൾ അത് നോക്കി നിൽക്കേണ്ടിവരുന്ന അവസ്ഥാവിശേഷമാണ് ഫിഷറീസ് ഡിപ്പാർട്ടുമെന്റിനുള്ളത്.

ശ്രീ. ഒ. രേതൻ: മറ്റ് സംസ്ഥാനങ്ങളിൽനിന്നും സ്പീഡ് ബോട്ടുമായി മത്സ്യം പിടിക്കാൻ വരുന്നവർക്കെതിരെ ഈ നിയമമനുസരിച്ച് നടപടി സ്വീകരിക്കുന്നതിന് വിഷമമുണ്ട് എന്ന കാര്യം ബാലകൃഷ്ണനറിയാമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അത് ഗവൺമെന്റിന് അറിയാവുന്ന കാര്യമാണ്. അത് പരിഹരിക്കാനുള്ള യാതൊരു നടപടിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഈ ബിൽ പാസ്സായാൽപോലും ആത്മാർത്ഥമായി അതു നടപ്പാക്കാനുള്ള ശ്രമം ഗവൺമെന്റിനില്ല എന്ന്. ഇന്ന് നിലവിലിരിക്കുന്ന നിയമംതന്നെ ഫലപ്രദമായി നടപ്പാക്കിയിരുന്നുവെങ്കിൽ നമ്മുടെ സംസ്ഥാനത്തെ മൽസ്യത്തൊഴിലാളികൾക്ക് എത്രയോ സൗകര്യങ്ങൾ കിട്ടുമായിരുന്നു. എന്നാൽ ആ കാര്യത്തിലെല്ലാം നിഷേധാത്മകമായ നിലപാട് സ്വീകരിച്ചുകൊണ്ട് യന്ത്രവൽകൃത ബോട്ടുടമസ്ഥർക്ക് സഹായം ചെയ്തുകൊടുക്കുന്ന ഒരു ഗവൺമെന്റാണിത്. സർ, ഈ തോണിയുമെടുത്തുകൊണ്ടുപോയി സ്പീഡ് ബോട്ടിനെ പിടിക്കാൻ കഴിയുമോ? മറ്റ് സംസ്ഥാനങ്ങളിൽനിന്നും യന്ത്രവൽകൃത ബോട്ടുകളിൽ കടന്നു വന്ന് മത്സ്യം പിടിച്ച് അവർ പോകുകയാണ്. നമ്മുടെ മത്സ്യത്തൊഴിലാളികൾ നോക്കിനിൽക്കേണ്ട ഒരു അവസ്ഥാവിശേഷമാണുള്ളത്. അവരെ പോയി പിടിക്കാനോ, അവരെ തടങ്കലിൽ വയ്ക്കാനോ അവരെ നിയമപരമായി ശിക്ഷിക്കുവാനോ നിലവിലുള്ള നിയമംതന്നെ നടപ്പാക്കാത്തവരാണ് കൂടുതൽ വകുപ്പുകൾ എഴുതിച്ചേർത്തുകൊണ്ടുള്ള നിയമനിർമ്മാണവുമായി വന്നിട്ടുള്ളത്. ഈ നിയമനിർമ്മാണത്തെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. പ്രതിപക്ഷത്തിരിക്കുമ്പോൾ ഒരു നയവും ഭരണപക്ഷത്തിരിക്കുമ്പോൾ മറ്റൊരു നയവുമെന്ന അവുക്കാദർകുട്ടി നഹയുടെ ഏർപ്പാടേ ഞങ്ങളുടെ പാർട്ടിക്കില്ല. അഹമ്മദിന്റെ പരിപാടി ഞങ്ങളുടെ പാർട്ടിക്കില്ല. ശ്രീ. പി. എസ്. ശ്രീനിവാസൻ കൊണ്ടുവന്നപ്പോൾ അതിനെ എതിർത്തവരാണ്. ഇന്ന് അവർ അയ്യായിരം എന്നുള്ളത് ഇരുപത്തയ്യായിരമായിട്ട് വർദ്ധിപ്പിക്കുന്നുവെന്നും ഞങ്ങൾ അനുകൂലിക്കുകയാണ്. കാരണം അത് ഇവിടുത്തെ മത്സ്യത്തൊഴിലാളികളെ രക്ഷിക്കാൻ ഉപയോഗപ്പെടുത്തണ. ആ ഉദ്ദേശത്തോടുകൂടിയാണ് ഞങ്ങൾ ഇതിനെ അനുകൂലിക്കാൻ നിർബന്ധിതമായിട്ടുള്ളത്. ഇവിടെ മത്സ്യബന്ധന വകുപ്പിന്റെ പ്രവർത്തനം ഇന്ന് നിർജ്ജീവമാണ്. മത്സ്യത്തൊഴിലാളികൾ ഇന്ന് പട്ടിണി കിടക്കുകയാണ്. ആ പട്ടിണി കിടക്കുന്ന മൽസ്യത്തൊഴിലാളികളെ രക്ഷിക്കാനുള്ള സംവിധാനമുണ്ടാക്കണം. അതിന സഹായമാകുന്ന വിധത്തിൽ ഉള്ള നിയമനിർമ്മാണങ്ങൾ ഇവിടെ കൊണ്ട

LIBRARY ARCHIVES Kerala Legislative Assembly

വരുന്നതിനെ പ്രതിപക്ഷം ഒരിക്കലും എതിർക്കുകയില്ല. പക്ഷേ ആ നിയമം നടപ്പാക്കാൻ ഈ ഗവൺമെൻറ് ആത്മാർത്ഥമായി യാതൊരു ശ്രമങ്ങളും നടത്തുന്നില്ല. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി ഇവിടെ കൊണ്ടുവന്നിട്ടുള്ള നിയമനിർമ്മാണങ്ങൾ ഫലപ്രദമായി നടപ്പാക്കാൻ ഈ ഗവൺമെൻറ് തയ്യാറാകാത്ത അവസ്ഥയാണ് കണ്ടു കൊണ്ടിരിക്കുന്നത്. മത്സ്യത്തൊഴിലാളികൾക്ക് വളരെയധികം നേട്ടങ്ങളുണ്ടാക്കിയെന്ന് കൊട്ടിഘോഷിക്കുന്ന ഒരു ഗവൺമെൻറ് കേരളം ഭരിച്ചു കൊണ്ടിരിക്കുമ്പോഴും കേരളത്തിലെ മത്സ്യത്തൊഴിലാളികൾ കഷ്ടതയനുഭവിച്ചു കൊണ്ടിരിക്കുകയാണ്. ആ മൽസ്യത്തൊഴിലാളികളെ രക്ഷിക്കാൻ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണം. ഈ നിയമം കർശനമായി നടപ്പാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം എന്നുപറഞ്ഞുകൊണ്ട് ഞാൻ എൻറെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ: വി. കെ. രാജൻ: സർ, 1986-ലെ കേരള സമുദ്രമത്സ്യ ബന്ധന നിയന്ത്രണ (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റു ചെയ്യണമെന്ന ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു.

ഇവിടെ ഇത്രയും വളരെ പ്രധാനപ്പെട്ട, എട്ടുപത്ത് ലക്ഷം വരുന്ന മത്സ്യത്തൊഴിലാളികളെ ബാധിക്കുന്ന കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ഈ സമയത്ത് വകുപ്പുമന്ത്രി സ്ഥലത്തില്ല. നമ്മുടെ സംസ്ഥാനത്തെ ഒരു വലിയ ജനവിഭാഗത്തെ ബാധിക്കുന്ന കാര്യമാണ്. അതിൻറെ ചുമതല വഹിക്കുന്ന മന്ത്രി ഈ സഭയിൽപ്പോലും എഴുന്നേറ്റുവരാൻ കഴിയാത്ത അത്രയും അനാരോഗ്യമുള്ള ആളാണ്. ജേക്കബ് പേട്ടനോട് എനിക്ക് ഇഷ്ടമാണ്. കൃഷി വകുപ്പ് അദ്ദേഹം ഏറെക്കുറെ ശരിയാക്കിയ ചിത്രമാണ് നമുക്ക് കഴിഞ്ഞ ദിവസങ്ങളിൽ കിട്ടിയത്. മത്സ്യ വകുപ്പും ആ രൂപത്തിൽ അദ്ദേഹം ഇന്ന് ഒതുക്കിക്കഴിഞ്ഞിരിക്കുകയാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ആ വകുപ്പ് കൈകാര്യം ചെയ്തത് മുഖ്യമന്ത്രിയാണെന്ന് അറിയില്ലേ?

ശ്രീ. വി. കെ. രാജൻ: അതറിയാം.

ശ്രീ. വി. ദിനകരൻ: മത്സ്യത്തൊഴിലാളികളോടു താൽപ്പര്യമില്ലാത്തതുകൊണ്ടാണ് ആ വകുപ്പുമന്ത്രി സഭയിൽ ഹാജരാകാതെയിരുന്നത് എന്നു പറഞ്ഞു. മത്സ്യത്തൊഴിലാളികളോട് ഗവൺമെൻറിന് പ്രത്യേകമായ താൽപ്പര്യമുണ്ടെന്നുള്ളതിന് തെളിവാണ് മുഖ്യമന്ത്രിതന്നെ ഈ ബില്ല് പൈലറ്റ് ചെയ്യാൻ ഈ സഭയിൽ ഹാജരായിരിക്കുന്നത്.

ശ്രീ. വി. കെ. രാജൻ: മൽസ്യത്തൊഴിലാളികളോട് താൽപ്പര്യമുള്ളതാണെങ്കിൽ ആ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിതന്നെ ഇവിടെ വന്നിരുന്ന് ഈ വകുപ്പിനെക്കുറിച്ചുള്ള ചർച്ചയിൽ പങ്കെടുക്കുന്നതുപോലെ മെച്ചമാണ് മുഖ്യമന്ത്രി കൈകാര്യം ചെയ്യുന്നത് എന്നാണ് ദിനകരന് അഭിപ്രായമെങ്കിൽ എനിക്ക് വിരോധമില്ല. മത്സ്യത്തൊഴിലാളികളോട് അത് നിങ്ങൾ ചെന്ന് പറയുന്നതിലും തരക്കേടില്ല. ഞാൻ സൂചിപ്പിക്കുന്നത് ഈ ഗവൺമെൻറ് തൊഴിലാളി വിഭാഗങ്ങളോട് കാണിക്കുന്ന താൽപ്പര്യത്തെയാണ്. ദിനകരന് എന്തെങ്കിലും ചെയ്തുകൊടുത്തിട്ടുണ്ടാവും. അതനുസരിച്ച് അദ്ദേഹം എന്തെങ്കിലും പറയും. ഇവിടെ മത്സ്യത്തൊഴിലാളി മേഖലയെക്കുറിച്ച് കുറച്ചുനേരത്തെ ബിൽ അവതരിപ്പിച്ചു കൊണ്ട് മുഖ്യമന്ത്രി ഒരു പ്രസംഗം ചെയ്തു. ഈ ബിൽ കൊണ്ടുവരാൻ ഇടയായ

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യങ്ങളെക്കുറിച്ചും അദ്ദേഹം പറഞ്ഞു. ഞാൻ അദ്ദേഹത്തോട് ഒന്നു ചോദിക്കുകയാണ്. എത്രയോ കാലത്തിന് മുൻപ് ഈ ബിൽ ഇവിടെ പാസ്സാക്കേണ്ടതായിരുന്നു. ഈ മത്സ്യത്തൊഴിലാളികളുടെ ബോട്ടിന്റെ നിയന്ത്രണങ്ങളെ സംബന്ധിച്ച് ഹൈക്കോടതിയിൽ നിന്ന് ഒരു വിധി വന്നു. ആ വിധി വന്നതിനിടയിൽ രണ്ടു പ്രാവശ്യം നമ്മൾ അത്തരം കാര്യങ്ങൾ ഇവിടെ ചർച്ച ചെയ്തതാണ്. ആ വിധി വന്നതിനുശേഷം എത്ര കാലത്തിനു ശേഷമാണ് സുപ്രീം കോടതിയിൽ അപ്പീൽ കൊടുക്കാൻ പോയത്. അപ്പീൽ കൊടുത്തോയെന്നുള്ളത് ഇപ്പോഴും സംശയമാണ്. അതിനു ചില പത്രപ്രസ്താവനകൾ ശ്രീ. കരുണാകരൻ ഇറക്കിയെങ്കിലും അതു വിശ്വാസയോഗ്യമല്ല. അതിന്റെ വസ്തുതകളും തീയതിയുമൊക്കെ പറഞ്ഞാൽ മാത്രമേ അത് ബോദ്ധ്യപ്പെടുകയുള്ളൂ. ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞാൽ നേരെ വിപരീതമാണ് പലപ്പോഴും അതിന്റെ റിസൽട്ട്. മത്സ്യത്തൊഴിലാളികൾക്കുവേണ്ടി കേരളത്തിൽ ആദ്യമായി ഒരു നിയമം ഉണ്ടാക്കി. ആ നിയമത്തെ ചോദ്യം ചെയ്തത് ഭരണ മുന്നണിക്കകത്തുള്ള കേരള കോൺഗ്രസ്സിലെ വമ്പൻ മാരായ ആളുകളാണ്. പെഴ്സീൻ ബോട്ടിന്റെ വർക്കിംഗ് പ്രസിഡന്റ് ഈപ്പൻ വർഗ്ഗീസാണ്. ബഹുമാന്യനായ ഡെപ്യൂട്ടി സ്പീക്കർക്കു മുണ്ട് ഇതേപോലെ ഒരു സംഘടന. പെഴ്സീൻ ബോട്ട്, യന്ത്രവൽകൃത ബോട്ടുകൾ ഇവ ഉൾപ്പെടെയുള്ള സംഘടനയുടെ പ്രസിഡന്റ് യൂണിയൻ ലീഗിന്റെയും കേരള കോൺഗ്രസ്സിന്റെയും മറ്റും പ്രമുഖ സ്ഥലങ്ങളിൽ വർത്തിക്കുന്ന ആളുകളാണ്. ആ ആളുകളുടെ താൽപ്പര്യാർത്ഥം ഈ ബോട്ടുകളുടെ നിയന്ത്രണനിയമം ചോദ്യംചെയ്യപ്പെട്ടു. 22 കിലോമീറ്റർ എന്ന പരിധി സ്വാമി പി. എസ്. ശ്രീനിവാസൻ അവതരിപ്പിച്ചു പാസ്സാക്കിയ നിയമത്തിലുണ്ടായിരുന്നു. പത്ത് കിലോമീറ്റർ വ്യത്യാസമുള്ളത് ബോട്ടുകളുടെ കാര്യത്തിൽ ഉണ്ടായിരുന്നു. അത് ഹൈക്കോടതി ചോദ്യം ചെയ്തു അപ്പോഴാ, ആവശ്യമായ രേഖകൾ സഹിതം മത്സ്യത്തൊഴിലാളികളുടെ കഷ്ടങ്ങളും ദുരിതങ്ങളും നിരത്തിവച്ചുകൊണ്ട് ഈ ബില്ലിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതിയിൽ കേസ് വാദിക്കാൻ അഡ്വക്കേറ്റ് ജനറൽ തയ്യാറായില്ല.

ശ്രീ. എ. വി. താമരാക്ഷൻ: ഈ ഹൈക്കോടതി തന്നെ 22 കിലോമീറ്റർ എന്നുള്ളത് പത്ത് കിലോമീറ്ററായി വെട്ടിച്ചുരുക്കിയതിനെതിരെ സുപ്രീംകോടതിയിൽ അപ്പീൽ കൊടുക്കാൻ ഈ തൊഴിലാളികളുടെ പേരിൽ മുതലക്കണ്ണീർ പൊഴിക്കുന്ന ശ്രീ. കരുണാകരന്റെ ഗവൺമെന്റ് തയ്യാറായിട്ടില്ല എന്ന് അറിഞ്ഞോ അറിയാതെയോ?

ശ്രീ. വി. കെ. രാജൻ: അതുതന്നെയാണ് ഞാൻ പറഞ്ഞു വന്നത്. കഴിഞ്ഞ ആഴ്ച രണ്ടുപേരും കൂട്ടായിട്ട് പറഞ്ഞതാണ് അപ്പീൽ കൊടുത്തുവെന്ന്; കൊടുത്തിട്ടൊന്നുമില്ല.

ശ്രീ. വി. ദിനകരൻ: 22 കിലോമീറ്റർ എന്നത് കരുണാകരൻ ഗവൺമെന്റ് കൊണ്ടുവന്ന നിയമമാണ്. പി. എസ്. ശ്രീനിവാസൻ അല്ല. അതിനെതിരെ ഹൈക്കോടതിയിൽ ബോട്ടുടമകൾ പോയി. 10 കിലോമീറ്റർ ആക്കി വെട്ടിക്കുറച്ചുകൊണ്ടുള്ള വിധി സമ്പാദിക്കുകയുണ്ടായി. ആ വിധിക്കെതിരെ സുപ്രീം കോടതിയിൽ ഗവൺമെന്റ് അപ്പീൽ പോയിരിക്കുകയാണ് എന്ന കാര്യം അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. രാജൻ: ശ്രീ. ദിനകരൻ മൽസ്യത്തൊഴിലാളി സമുദായത്തിൽ ജനിച്ച ആളായതുകൊണ്ട് ഇതിനെ സംബന്ധിച്ച വിവരമുണ്ടെന്നാണ് ഞാൻ ധരിച്ചിരുന്നത്. ഇവിടെ കരുണാകരൻ കൊണ്ടു വന്നത് അല്ല '22 മീറ്റർ എന്ന വ്യവസ്ഥ. ഇവിടെ നേരത്തേ അവതരിപ്പിച്ച ആ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഉണ്ടായതാണ്. പെഴ്സീൻ ബോട്ട് 22 കിലോമീറ്ററിനു അപ്പുറത്തേ പോകാൻ പാടുള്ളൂ. ഇത് ശ്രീ. കരുണാകരൻ കൊണ്ടുവന്നതല്ല. ഹൈക്കോടതിയിൽ ഈ കേസ് വന്നപ്പോഴാം അഡ്വക്കേറ്റ് ജനറൽ നടത്തിയ വാദഗതിയുടെ അടിസ്ഥാനത്തിൽ ഹൈക്കോടതിയിൽ നിന്നുവന്ന വിധിയുണ്ട്. ഗവൺമെന്റ് നിയോഗിച്ച വക്കീൽ ആവശ്യാനുസരണം വാദിച്ചില്ല എന്ന് ഹൈക്കോടതി വിധിയിൽ എഴുതിയിരുന്നു. ഞാൻ മുഖ്യമന്ത്രിയോട് ചോദിക്കുന്നു. അങ്ങനെ വിധി വന്നപ്പോഴാം മൽസ്യത്തൊഴിലാളികളോട് സ്നേഹം ഉള്ള അങ്ങേയ്ക്ക് അതിനെ സംബന്ധിച്ച് അടിയന്തിരമായ നടപടികൾ സ്വീകരിക്കാനോ അല്ലെങ്കിൽ ഇങ്ങനെ വിധിക്ക് ഇടയായ ആധാര പുരുഷനായ അഡ്വക്കേറ്റ് ജനറലിന്റെ പേരിൽ നടപടിയെടുക്കാനോ എന്തുകൊണ്ടു മടിക്കുന്നു?

ശ്രീ. എം. കെ. കേശവൻ: ബഹുമാനപ്പെട്ട മെമ്പർ, ഈ കേസ്സിൽ കക്ഷി ചേർന്ന് നമ്മുടെ കേരള ഗവൺമെന്റ് മൽസ്യത്തൊഴിലാളികളെ പ്രതിനിധീകരിച്ചില്ലെന്നു പറഞ്ഞു. 1982 മേയ് മാസത്തിലെ തിരഞ്ഞെടുപ്പിനു കോൺഗ്രസ്സ് ഐ യുടെ ഫണ്ടിലേക്ക് പഴ്സീൻ വലയുടെ മുതലാളിമാർ ലക്ഷക്കണക്കിനു രൂപ സംഭാവന കൊടുത്തതായി അങ്ങേയ്ക്കറിയാമോ?

ശ്രീ. വി. കെ. രാജൻ: ഇലക്ഷൻ ഫണ്ടിലേയ്ക്ക് മാത്രമല്ല അത് ഒഴിവാക്കിക്കിട്ടുന്നതിനുവേണ്ടി ഒരു കോടിയോളം ഉറുപ്പിക ബോട്ടുടമകളിൽ നിന്ന് സംഭരിച്ച് ബന്ധപ്പെട്ടവർക്ക് കൊടുത്തിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. അതൊക്കെ പരസ്യമായ കാര്യമാണ്. മൽസ്യത്തൊഴിലാളികൾക്കുവേണ്ടി മുതലക്കണ്ണീർ പൊഴിക്കുന്നത് ഈ പാവപ്പെട്ട ആളുകളെ അടിമകളാക്കി അടുത്ത ഇലക്ഷനു വോട്ട് ചെയ്യിപ്പിക്കാൻ വേണ്ടിയാണ്. അവരെ ആജീവനാന്തം അടിമകളാക്കാനുള്ള ശ്രമമാണ് ഈ ഗവൺമെന്റ് നടത്തുന്നത്. അത്തരം ആളുകളെ അടിമകളായി നിലനിർത്തിക്കൊണ്ട് അടുത്ത തിരഞ്ഞെടുപ്പിൽ അവരുടെ വോട്ട് നേടാമെന്നുള്ള ഉദ്ദേശ്യത്തിലാണ് രാജീവ് ഗാന്ധിയെ ഈ മൽസ്യത്തൊഴിലാളികളുടെ മേഖലയിൽ കൊണ്ടുവന്നത്. രാജീവ്ഗാന്ധിയെ മൽസ്യത്തൊഴിലാളി കേന്ദ്രങ്ങളിൽ കൊണ്ടുവന്നതിനുശേഷം എത്ര വീടുകൾ അവർക്ക് നൽകി? മൽസ്യത്തൊഴിലാളികളെ ഉദ്ധരിച്ചു കൊണ്ടുവരുന്നതിന്റെ ഭാഗമായി രാജീവ് ഗാന്ധി—ഇന്ദിരാജിയുടെ പൊന്നോമന മകൻ, സുന്ദര കുട്ടപ്പൻ—ഭാര്യയുമടക്കം കുടിലുകളിൽ കയറി ഇറങ്ങിയതിനുശേഷം മൽസ്യത്തൊഴിലാളികൾക്ക് മുൻകാല ഗവൺമെന്റ് ആവിഷ്ക്കരിച്ചതിലപ്പുറം ഒരു വീടുകൊടുക്കാൻ ഈ ഗവൺമെന്റിനു കഴിഞ്ഞോ? കഴിഞ്ഞിട്ടില്ല. സോണിയായും, രാജീവും പാവപ്പെട്ട മൽസ്യത്തൊഴിലാളി കൂരകളിൽ കയറിയിറങ്ങിയപ്പോഴാം ജനങ്ങൾ ആവേശഭരിതരായിരുന്നു. നിങ്ങൾ കൊടുത്ത വീടിന്റെ കണക്ക് പറയാമോ?

ശ്രീ. പി. പി. തങ്കച്ചൻ: ഇൻഡ്യയിലെ പ്രധാനമന്ത്രി ഇൻഡ്യയിലെ സാധാരണക്കാരും പാവപ്പെട്ടവരുമായ ആളുകളുടെ ഇടയിലേയ്ക്ക് കയറിച്ചെന്ന് അവരുടെ പ്രശ്നങ്ങൾ നേരിട്ട് പഠിക്കാൻ പോയത് തെറ്റാണെന്നാണോ ധരിച്ചിരിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. രാജൻ: പാവപ്പെട്ട ആളുകളുടെ കുടിലുകളിൽ പോകാതെ ഇൻഡ്യാ രാജ്യത്തെ ജനജീവിതത്തെപ്പറ്റി അറിയാത്തവരാണോ ഇവിടുത്തെ പ്രധാനമന്ത്രി? ഇൻഡ്യാ ഗവൺമെൻറിന്റെ കണക്കനുസരിച്ച് 48% ദാരിദ്ര്യരേഖയ്ക്ക് താഴെ നിൽക്കുന്നവരെന്ന് വ്യക്തമായിരിക്കുന്നു. തങ്കച്ചന്റെ പാർട്ടിയുടെ സോഷ്യലിസത്തിന്റെ ഫലമായിട്ട് ഇന്ന് നേരെ പകുതിയായി. 1947-ൽ ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയപ്പോഴും 48% ആയിരുന്നു. നിങ്ങൾ സംഖ്യ വർദ്ധിപ്പിച്ചിട്ടും 48% ശതമാനത്തിൽത്തന്നെ നിൽക്കുന്നു. വലിയ സോഷ്യലിസമല്ലേ? ഹരിജനങ്ങൾക്ക് ആടും, കോഴിയും ഒക്കെ കൊടുക്കുന്നുവെന്നല്ലേ പറയുന്നത്? അങ്ങനെ കൊടുത്തിട്ട് ഈ രാജ്യത്തെ ജനങ്ങളുടെ പ്രശ്നങ്ങളും മുഴുവനും പരിഹരിച്ചോ? രാജീവ് ഗാന്ധി പൈലറ്റായിരുന്നില്ലേ? അദ്ദേഹത്തിന് രാജ്യത്തെ ജനങ്ങളുടെ വിഷമം അറിയില്ല. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഞാൻ പറയുന്നത് രാജീവ് ഗാന്ധിയടക്കമുള്ള ആളുകളെ കൊണ്ടുവന്നിട്ട് നമ്മുടെ രാജ്യത്തെ മൽസ്യത്തൊഴിലാളികൾക്ക് ഒരു നേട്ടമുണ്ടാക്കാൻ കഴിയുന്നില്ല. ഈ 22 കിലോമീറ്റർ എന്നുള്ളതിൽ ഈ ഗവൺമെൻറ് ഉറച്ചു നിൽക്കുന്നുണ്ടോ? സുപ്രീം കോടതിയിൽ കേസ് വാദിക്കുമോ? വാദിക്കാൻ അവർ വേണ്ടത്ര നടപടി സ്വീകരിക്കുന്നില്ല എന്ന് ഞാൻ തറപ്പിച്ച് പറയുന്നു. നമ്മുടെ രാജ്യത്തെ മൽസ്യത്തൊഴിലാളികൾ എത്രയോ കുറഞ്ഞിരിക്കുന്നു. കാരണം കടലിൽ പോയാൽ മൽസ്യം പിടിക്കാൻ കഴിയുന്നില്ല. നമ്മുടെ കടലോര പ്രദേശങ്ങളിൽ താമസിക്കുന്ന ആളുകൾക്കറിയാം സ്ഥിതി. അവർ പട്ടിണിയിലാണ്. യന്ത്രവൽകൃത ബോട്ടുകളുടെ വരവോടുകൂടി നമ്മുടെ രാജ്യത്തെ മൽസ്യത്തൊഴിലാളികളിൽ നാലിലൊരു ഭാഗം, തൊഴിൽ രഹിതരായിട്ടുണ്ട്. അവർക്കെല്ലാം ഈ യന്ത്രവൽകൃത ബോട്ടുകളിൽ ജോലി കിട്ടുന്നുണ്ടോ? ജോലി കിട്ടുന്നില്ല. അത്തരം ആളുകൾ ജോലിയില്ലാതെ പട്ടിണിക്കാരായി മാറിയിരിക്കുന്ന ഒരു സ്ഥിതിവിശേഷമാണ് കടലോര മേഖലകളിൽ സഞ്ചരിച്ചാൽ നമുക്ക് ഇന്ന് കാണാൻ കഴിയുന്നത്. പാവപ്പെട്ട മൽസ്യത്തൊഴിലാളികളെ ഉയർത്തിക്കൊണ്ടുവരാൻ ആണ് ഈ നിയമം കൊണ്ട് ഉദ്ദേശിക്കുന്നത്. ഇത് വേറൊരിടത്തും ഉണ്ടായിട്ടില്ല. കോൺഗ്രസ്സുകാർ ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ഇത് പാസ്സാക്കിയിട്ടില്ല. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമ സംഘങ്ങൾ ഇവിടെ രൂപീകരിച്ചു പ്രവർത്തിച്ചിരുന്നെങ്കിൽ ഈ മൽസ്യത്തൊഴിലാളികൾക്ക് തെല്ലൊരാശ്വാസം കിട്ടുമായിരുന്നു. യന്ത്രവൽകൃത ബോട്ടുകളിൽനിന്ന് കിട്ടുന്ന മൽസ്യം തന്നെ സംരക്ഷിച്ചാൽ പോലും അത് വിറ്റഴിച്ച് ചെറിയ ചെറിയ ജോലികൾ കിട്ടാനുള്ള സൗകര്യം ഈ നാട്ടിലെ പാവപ്പെട്ട ആളുകൾക്കുണ്ടാകുമായിരുന്നു. എന്നാൽ അത് ഇന്ന് ഇല്ലാതായിരിക്കുന്നു.

തിരഞ്ഞെടുപ്പിനെപ്പറ്റി പറഞ്ഞു. തിരഞ്ഞെടുപ്പ് ഈ കോൺഗ്രസ് നടത്തുമോ? കോൺഗ്രസ് പാർട്ടിയാണ് തിരഞ്ഞെടുപ്പ് നടത്താത്ത ഒരു പാർട്ടി. ആ പാർട്ടി ഇനി തിരഞ്ഞെടുപ്പു നടത്തുമെന്ന് കോടിയേരി ബാലകൃഷ്ണൻ എത്ര ശ്രമിച്ചാലും വിചാരിക്കുന്നുണ്ടോ? അതു നടക്കില്ല. അതാണ് കോൺഗ്രസ് പാർട്ടിയുടെ പാരമ്പര്യം. ഇന്ന് പത്രത്തിൽ കണ്ടു "ഘടകകക്ഷികൾ കേന്ദ്ര വിരുദ്ധ സമരം നടത്തുന്നവരുമായിട്ട് ഞങ്ങൾക്ക് ബന്ധമില്ല എന്ന്—സി. വി. പത്മരാജൻ", ഇത് പെണ്ണയ്ക്ക അക്ഷരത്തിൽ വന്നിരിക്കുന്നു.

ശ്രീ. കെ. കൃഷ്ണൻ കുട്ടി: നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തെ പിടിച്ച് വിരട്ടി സ്റ്റേറ്റ്മെൻറ് പിൻവലിപ്പിച്ചതായിട്ട് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. രാജൻ: ഡോ. കെ. സി. ജോസഫ് കാലത്ത് അതിനെ
ക്കുറിച്ച് പ്രസംഗിച്ചു. മുസ്ലീം ലീഗ് കണ്ണൂരുട്ടിത്തുടങ്ങി. പത്മരാ
ജനെ ഇങ്ങനെ വിട്ടാൽ ഞങ്ങളും കൂടെ ഉണ്ടാവുകയില്ലെന്ന്
5 p.m.] സീതിഹാജിയും പറഞ്ഞു.

ശ്രീ. വി. ജെ. തങ്കപ്പൻ: കേന്ദ്ര വിരുദ്ധ പാർട്ടികളെ തങ്ങളുടേ കൂട്ടുകയില്ലെന്ന് കെ. പി. സി. സി. പ്രസിഡന്റു ശ്രീ. സി. വി. പത്മരാജൻ പ്രസ്താവനയിറക്കിയിട്ടുണ്ട്. അത്, കേരളകോൺഗ്രസ്സിനെ വരച്ച വരയിൽ നിറുത്തി സാണ്ടർ ചെയ്യിക്കാനുള്ള ഒരു പ്രസ്താവനയാണെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് ബോദ്ധ്യമായിട്ടില്ലേ ?

ശ്രീ. വി. കെ. രാജൻ: ആ പ്രസ്താവന അദ്ദേഹം പിൻവലിച്ചു. ആരാണ് ഈ കെ. പി. സി. സി. പ്രസിഡന്റ് എന്നു പറയുന്നത്? പത്മരാജനെ മനസ്സിലായില്ലേ? ഇത്രയുംകാലം പ്രതിഷ്ഠായ ചർച്ച നടന്നപ്പോഴും പ്രസിഡന്റിനെ പ്യൂണിന്റെ അത്രപോലും വകവച്ചില്ല

ശ്രീ. പി. പി. തങ്കച്ചൻ: ഈ അടുത്ത ദിവസം മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ വൻപാർട്ടി മേധാവിത്വവും ധിക്കാരവും അവസാനിപ്പിച്ചില്ലെങ്കിൽ അതിനെതിരായിട്ട് ഇടതുപക്ഷ മുന്നണിയിൽ നിന്ന് പിൻതിരിയേണ്ടിവരുമെന്ന് നിങ്ങളുടെ സ്റ്റേറ്റ് കമ്മിറ്റി കൂടി പാസ്സാക്കിയ പ്രമേയത്തെ സംബന്ധിച്ച് എന്തു പറയുന്നു?

ശ്രീ. വി. കെ. രാജൻ: ഞങ്ങളുടെ സ്റ്റേറ്റ് കമ്മിറ്റി കൂടി പാസ്സാക്കിയ പ്രമേയം വായിക്കാൻ അങ്ങേയ്ക്ക് വിവരമില്ലെന്നു ഞാൻ പറയുന്നില്ല. വായിച്ചു നോക്കണം. വളരെ വ്യക്തമായിട്ട് എഴുതിയിട്ടുണ്ട്. വായിച്ചു നോക്കണം.

ശ്രീ. വി. ദിനകരൻ: രാജൻ ഇങ്ങനെ പറഞ്ഞല്ലോ. ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽപ്പെട്ട മോഹനൻ എന്നു പറയുന്ന സി. പി. ഐ. പ്രവർത്തകനെ മാർക്സിസ്റ്റു കാപാലികൻമാർ കൊന്നു എന്നു പറഞ്ഞുകൊണ്ട് ആലപ്പുഴ ജില്ലയിലുടനീളം സി. പി. ഐ. യുടെ ഉന്നതൻമാരായ നേതാക്കൻമാർ വിശദീകരണയോഗം നടത്തിയകാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. വി. കെ. രാജൻ: ഞങ്ങളുടെ പാർട്ടിയുടെ പ്രവർത്തകൻമാരും സി. പി. എം. ന്റെ പ്രവർത്തകൻമാരും തമ്മിൽ അടിയുണ്ടാകാറുണ്ട്. ചിലപ്പോൾ മരിക്കാറുമുണ്ട്. ഞങ്ങളും രണ്ടു പാർട്ടിയാണ്. ഒരു പാർട്ടിയാകാൻ ഞങ്ങളും ശ്രമിക്കുകയാണ്. സാധിച്ചിട്ടില്ല.

ശ്രീ. പി. സി. ജോർജ്ജ്: അങ്ങനെയാണെങ്കിൽ കോൺഗ്രസ്സും കേരള കോൺഗ്രസ്സും രണ്ടും രണ്ടു പാർട്ടിയാണ്. രണ്ടഭിപ്രായമാണ് അവർക്കുള്ളത് രാജൻ അതുകൂടി അംഗീകരിക്കണം. ഒരു സംശയവും വേണ്ട. രാജനോടും രാജന്റെ പാർട്ടിയോടും പറയുകയാണ്. കേരള കോൺഗ്രസ് എന്നു പറയുന്നത് കേന്ദ്ര വിരുദ്ധൻമാരുടെ പാർട്ടിയല്ല. സംശയിക്കേണ്ട. കേന്ദ്ര വിരുദ്ധം എന്ന ഒരു നയം കേരള കോൺഗ്രസ്സിനില്ല. ഞങ്ങളെ സംബന്ധിച്ചിടത്തോളം ശക്തമായ കേന്ദ്രം വേണം. പക്ഷേ സംതൃപ്തമായ കേരളവും വേണം. എന്നു വിചാരിച്ചു കേന്ദ്രം കാണിക്കുന്ന എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങൾക്കും ''അയ്ലസ'' പാടിക്കൊള്ളണമെന്ന് ഒരിക്കലും ഞങ്ങൾ ഒരിടത്തും പറഞ്ഞിട്ടില്ല. അക്കാര്യത്തെക്കുറിച്ച് നിങ്ങൾ ഭയപ്പെടുകയേ വേണ്ട. നിങ്ങളുടെ കാര്യം എങ്ങനെയാണോ അതുപോലെ ഞങ്ങളുടെ കാര്യവും കണക്കാക്കിയാൽ മതി.

ശ്രീ. വി. കെ. രാജൻ: അവരോട് ഓശാന പാടാൻ തയ്യാറില്ലെന്നു പറഞ്ഞതിനോടു ഞാൻ യോജിക്കുന്നു; അഭിമാനിക്കുന്നു. അതു രാഷ്ട്രീയ നയമാണ്. പക്ഷേ തേങ്ങയെറിഞ്ഞ കാര്യം മറന്നില്ലല്ലോ. കള്ളൻ, കരിങ്കള്ളൻ, കാട്ടുകള്ളൻ കരുണാകരൻ എന്നു പറഞ്ഞ് 'കരുണാകരന്റെ നെഞ്ചത്ത്' എന്നു പറഞ്ഞുകൊണ്ട് തേങ്ങയെറിഞ്ഞത് ഓർമ്മയുണ്ടോ? ഞാൻ പറയുന്നതല്ല. ഇതൊക്കെ പത്രത്തിൽ വന്നതാണ്. കേരളത്തിന്റെ ഉത്തമ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ കേരള കോൺഗ്രസ് ആവശ്യമായ ഉന്നയിക്കണമെന്നാണ് ഞാൻ പറയുന്നത്. ഈ ബില്ലിൽ ഒരു ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. ബോട്ടു പിടിച്ചാൽ അതിൽ മൽസ്യം ഉണ്ടെങ്കിൽ അതിന്റെ അഞ്ചിരട്ടി വില ഈടാക്കും എന്നുള്ള ഒരു നിയമം ഇതിൽ എഴുതിവച്ചിട്ടുണ്ട്. അത് അംഗീകരിക്കാം. അതിന് സ്വാഗതം രേഖപ്പെടുത്തുന്നു. അതോടൊപ്പം തന്നെ നമ്മുടെ സംസ്ഥാനത്ത് കേരളക്കരയിലുള്ള ബോട്ടുകളുടെ എണ്ണം മാത്രമല്ല, ഇവിടെ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ബോട്ടുകളുടെ എണ്ണവും വളരെ കുറവാണ്. എന്നാൽ തമിഴ്നാട്ടിൽ നിന്നും കർണ്ണാടകത്തിൽ നിന്നും നൂറുകണക്കിന് യന്ത്രവൽകൃത ബോട്ടുകളും പഴ്സീൻ ബോട്ടുകളും ദിനംപ്രതി വന്ന് മൽസ്യ ബന്ധനം നടത്തുകയാണ്. അതിന്റെ ഫലമായിട്ട് ഇവിടെയുള്ള പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് രക്ഷയില്ല. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ അത്തരം ബോട്ടുകളെ നിയന്ത്രിക്കുന്നതിനോ വില ഈടാക്കുന്നതിനോ സാദ്ധ്യമല്ല.

ശ്രീ. വി. ദിനകരൻ: ഇപ്പോഴും കേരള സംസ്ഥാനത്ത് കടന്നുവന്ന് തീരക്കടൽ മൽസ്യ ബന്ധനം നടത്തുന്ന ബോട്ടുകളെ പിടിക്കാനാണ് നിയമം ഉണ്ടാക്കിയിരിക്കുന്നത്. അത് കർണ്ണാടകത്തിലെ ബോട്ടായാലും ശരി തമിഴ്നാട്ടിലെ ബോട്ടായാലും ശരി കേരളത്തിലെ തീരപ്രദേശത്തിന് നൂറു കിലോമീറ്ററിനുള്ളിൽ കടന്ന് മൽസ്യ ബന്ധനം നടത്തിയാൽ ഈ നിയമം ബാധകമാകുമെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. വി. കെ. രാജൻ: അവരെ പിടിക്കാൻ ഈ നിയമത്തിൽ വ്യവസ്ഥയില്ലെന്നാണ് ഞാൻ പറയുന്നത്. ഉണ്ടെങ്കിൽ മുഖ്യമന്ത്രി പറയണം. ദിനകരന്റെ മന്ത്രിപ്പണി വേണ്ട. എനിക്കു മറുപടി തരേണ്ട രീതിയിൽ ഈ മേഖലയിൽ വിജ്ഞാനമുള്ള ആളുമല്ല നിങ്ങൾ. മറുപടിയൊക്കെ ഞാൻ മുഖ്യമന്ത്രിയിൽ നിന്നാണ് പ്രതീക്ഷിക്കുന്നത്. മറ്റു സംസ്ഥാനങ്ങളിൽ നിന്നുവരുന്ന ബോട്ടുകൾ ഇവിടെ മൽസ്യ ബന്ധനം നടത്തുമ്പോൾ അത്തരം ബോട്ടുകളെ പിടിച്ച് കേരളത്തിലെ ബോട്ടുകളെ പിടിക്കുന്നതുപോലെ തന്നെ പിഴ ഈടാക്കാനും ജപ്തിചെയ്യാനുമുള്ള അധികാരാവകാശങ്ങൾ ഉണ്ടാകണം. അതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. നമ്മുടെ രാജ്യത്ത് രാത്രി മൽസ്യം പിടിക്കാൻ പാടില്ല. രാവിലെ ആറുമണി മുതൽ വൈകുന്നേരം 6 മണിവരെ മാത്രമേ മൽസ്യബന്ധനം നടത്താവൂ. ഇവിടെയുള്ള പരമ്പരാഗത മൽസ്യത്തൊഴിലാളികളെല്ലാം അവരുടെ ജോലി കഴിഞ്ഞ് വീടുകളിൽ ഇരിക്കുമ്പോഴാണ് ഇത്തരം ബോട്ടുകളുടെ മൽസ്യബന്ധനം. അതിന്റെ ഫലമായിട്ട് എല്ലാ കടലോര പ്രദേശങ്ങളിലും മൽസ്യത്തൊഴി

LIBRARY ARCHIVES Kerala Legislative Assembly

ലാളികൾക്ക് ജോലിയില്ലാതെ വരുന്നു. സംഘർഷനിർഭരമായ ഒരു വസ്ഥ സംജാതമാകുന്നു. ആ തലത്തിൽ ആവശ്യമായിട്ടുള്ള രീതിയിൽ അത് നിയന്ത്രിക്കത്തക്ക യാതൊരു നടപടിയും ഇന്ന് നമ്മുടെ സംസ്ഥാനത്തില്ല. മൽസ്യബന്ധനം നടത്തുന്ന സമയത്ത് അവരെ പിടിക്കുന്നതിനാവശ്യമായ നടപടികളില്ല. രാത്രിയിൽ മൽസ്യം പിടിക്കുന്നത് ഒരിക്കലും അനുവദനീയമല്ല എന്ന് ട്രേഡ് യൂണിയൻ സംഘടനകളുമായിട്ടുള്ള ഒത്തുതീർപ്പ് വ്യവസ്ഥയിൽ ഗവൺമെൻറ് ഒപ്പുവച്ചിട്ടുണ്ട്. ആ കരാർ നടപ്പാക്കുന്നില്ല. അതിനുള്ള നടപടിയും ഈ ഗവൺമെൻറ് ആവിഷ്കരിക്കുന്നില്ല. പരമ്പരാഗത മൽസ്യത്തൊഴിലാളികളെ തൊഴിലില്ലാതെ കഷ്ടപ്പെടുന്ന സാഹചര്യത്തിൽ നൈറ്റ് ട്രോളിംഗിനെ കാര്യം ഗവൺമെൻറ് തന്നെ ട്രേഡ് യൂണിയൻ സംഘടനകളുമായിട്ട് ഉണ്ടാക്കിയ ഒത്തുതീർപ്പു വ്യവസ്ഥയുടെ ഭാഗം എന്നുള്ള നിലയിൽ കൈകാര്യം ചെയ്യാൻ ശക്തമായ നടപടി സ്വീകരിക്കാൻ ഈ ഗവൺമെൻറ് തയ്യാറാകണം.

സർ, 222 ഗ്രാമസംഘങ്ങളാണുള്ളത്. ഇവ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്ത് രൂപീകരിച്ചതാണ്. അതിൽ 15 സംഘം മാത്രമേ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളൂ. 135 സംഘങ്ങളിൽ അംഗങ്ങളെ നോമിനേറ്റ് ചെയ്തു എന്നു പറയുന്നു. അതിനകത്തുള്ള തർക്കങ്ങളെപ്പറ്റി ഞാൻ വിശദീകരിക്കുന്നില്ല. എൻ. ജി. ഒ. അസോസിയേഷനിൽ ഉണ്ടായ തർക്കം. ഞാൻ അതൊന്നും പറയുന്നില്ല.

ശ്രീ. ബെന്നി ബഹനാൻ: ബഹുമാനപ്പെട്ട രാജൻ ഇവിടെ വളരെ ആധികാരികമായി ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അഭിപ്രായങ്ങൾ പറയുന്നതു കേട്ടു. ഈ അടുത്ത കാലത്തായിട്ട് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ഉണ്ടായിരിക്കുന്ന അവസ്ഥാവിശേഷത്തെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായം എന്താണെന്ന് വ്യക്തമാക്കാമോ? പത്രത്തിൽക്കൂടി പല അഭിപ്രായങ്ങളും വരുന്നു. അച്യുതമേനോൻ തുടങ്ങിയുള്ള ആളുകൾ അഭിപ്രായം പറഞ്ഞിരുന്നു. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ഈ അടുത്ത കാലത്ത് ഉണ്ടായിട്ടുള്ള രാഘവൻ സംഭവം ഉൾപ്പെടെയുള്ള കാര്യങ്ങളെ സംബന്ധിച്ചു അങ്ങയുടെ അഭിപ്രായം വ്യക്തമാക്കണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. വി. കെ. രാജൻ: എന്റെ പാർട്ടി കമ്മ്യൂണിസ്റ്റ് ഐക്യത്തിനുവേണ്ടി നിൽക്കുന്ന പാർട്ടിയാണ്.

ശ്രീ. ബെന്നി ബഹനാൻ: ഏത് ഐക്യത്തിനുവേണ്ടി? എം. വി. ആറും അച്യുതാനന്ദനും തമ്മിൽ ഐക്യം ഉണ്ടാക്കുന്നതിനാണോ അതോ എം. വി. ആറും രാജന്റെ പാർട്ടിയായ ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയും തമ്മിലുള്ള ഐക്യത്തിനുവേണ്ടിയാണോ? അതൊന്നു വ്യക്തമാക്കിയാൽ കൊള്ളാം.

ശ്രീ. വി. കെ. രാജൻ: ആധികാരികമായിട്ട് ആ കാര്യത്തെ സംബന്ധിച്ച് ഞങ്ങളുടെ പാർട്ടിയുടെ നയമെന്താണെന്ന് ഞങ്ങളുടെ പാർട്ടിയുടെ സംസ്ഥാന എക്സിക്യൂട്ടീവ് പാസ്സാക്കിയിട്ടുള്ള പ്രമേയത്തിൽ പറഞ്ഞിട്ടുണ്ട്. അത് നമ്മുടെ ലൈബ്രറിയിൽ ഉണ്ട്. അല്ലെങ്കിൽ എന്റെ സുഹൃത്തിന് ഞാൻ നാളെ ഒരു കോപ്പി കൊണ്ടുത്തരാം. അതിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അത് വയലാർ രവിയും കരുണാകരനും തമ്മിലുള്ള പോര് മാതിരി

LIBRARY ARCHIVES Kerala Legislative Assembly

യല്ല. ഈ കാര്യം നിങ്ങൾക്ക് മനസ്സിലാവുകയില്ല. രാജീവ് ഗാന്ധിയും കരുണാകരനുമടക്കമുള്ള ആളുകളും മുതലാളിത്ത വ്യവസ്ഥിതിയോട് യോജിച്ചു നിൽക്കുന്നവരാണ്. അതിനെ അടിച്ചമർത്തി തകർത്തു തരിപ്പണമാക്കി പുതിയ ഒരു വ്യവസ്ഥിതി കെട്ടിപ്പടുത്ത് പുതിയ ഒരു ലോകം കെട്ടിപ്പടുക്കുന്നതിനുവേണ്ടിയുള്ള ഒരു നിലപാടാണ് ഞങ്ങൾ സ്വീകരിച്ചിരിക്കുന്നത്. തോപ്പിൽ രവി പറഞ്ഞതുപോലെ ''അമ്മേ ഞങ്ങൾ പോകുന്നു മന്ത്രിയായി മടങ്ങിവരും'' എന്നുള്ള രീതിയിലല്ല. ആ പാർട്ടിയല്ല ഈ പാർട്ടി. പുതിയ ലോകം ഉണ്ടാക്കാൻ വേണ്ടി നിലനിൽക്കുന്ന ഒരു പാർട്ടിയാണിത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അത് ചെന്നിത്തലയപ്പറിയാണ് പറഞ്ഞതെന്ന് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. വി. കെ. രാജൻ: സർ, അങ്ങനെ ഒരുപാട് ചെന്നിത്തലമാർ അതിലുണ്ട്. പലർക്കും കിട്ടുന്നില്ല. അതിൽ ഒരാൾക്കു കിട്ടി. കാലുപിടിച്ചതിൽ പന്തളം സുധാകരൻ ഉണ്ട്. നമ്മുടെ കാർത്തികേയൻ അപ്പോഴേയ്ക്കും ഔട്ടായി. ശ്രീ. ബെന്നിയൊക്കെ എത്രയോ കാലത്തിനുമുമ്പേ ഔട്ടായി. ആ പാർട്ടിയിൽ അവർക്ക് വല്ല സ്ഥാനവുമുണ്ടോ? എന്റെ നല്ല സുഹൃത്താണ്. ശ്രീ. എ. കെ. ആന്റണിയുടെ അവസ്ഥാവിശേഷത്തെപ്പറ്റി കാണേണ്ടതാണ്. 'വീണിതല്ലോ കിടക്കുന്നു ധരണിയിൽ' എന്ന രീതിയിൽ ആണ്.

സർ, ഗ്രാമസംഘങ്ങളിലേക്കുള്ള നോമിനേഷനെക്കുറിച്ചുള്ള തർക്കങ്ങൾ ഇന്ന് വളരെ ശക്തിയായി നടക്കുകയാണ്. അതിൽ ഞങ്ങൾ ആരും ഇടപെടുന്നില്ല; ഞങ്ങളെ ആരേയും അതിൽ ഉൾപ്പെടുത്തിയിട്ടുമില്ല. പ്രതിപക്ഷത്തുള്ള ഒറ്റ ആളിനേയും അതിൽ വച്ചിട്ടില്ല. മൽസ്യത്തൊഴിലാളികൾക്ക് പുതുതായി ഒരു നയം ആവിഷ്കരിച്ചു നടപ്പിലാക്കുമ്പോൾ, നമ്മുടെ സംസ്ഥാനത്തെ മൽസ്യത്തൊഴിലാളി മേഖലയുമായി ബന്ധമുള്ള മുഴുവൻ ആളുകളുടേയും സഹായസഹകരണത്തോടുകൂടി മാത്രമേ പുതിയ പദ്ധതി നടപ്പിലാക്കാൻ സാധിക്കൂ. എന്നാലേ വിജയിക്കൂ. മൽസ്യത്തൊഴിലാളി മേഖലയിൽ ഈ ഭരണമുന്നണി മേഖലയ്ക്കകത്ത് ഇറിക്കുന്ന സംഘടനകളേക്കാൾ കൂടുതൽ ശക്തമാണ് ഇപ്പുറത്തിരിക്കുന്ന നേതൃത്വത്തിലുള്ള ആളുകളുടെ സംഘടനകൾ. എന്നാൽ ആരോരും അറിയാത്ത ചില ചെറിയ ചെറിയ പാർട്ടി പ്രവർത്തകരായിട്ടുള്ള ആളുകൾ, മൽസ്യബന്ധനവുമായി ബന്ധമില്ലാത്ത ശ്രീ. ദിനകരന്റെ പാർട്ടിയെപ്പോലും ഒഴിവാക്കിക്കൊണ്ട് എല്ലാവർക്കും കമ്മിറ്റിയിൽ അംഗത്വം കൊടുത്തു. ശ്രീ. ദിനകരനു വലിയ നിക്ഷിപ്ത താൽപ്പര്യമുണ്ടെന്നൊന്നും ഞാൻ പറയുന്നില്ല. നിക്ഷിപ്ത താൽപ്പര്യമുള്ള ആളുകൾ അപ്പുറത്തിരിപ്പുണ്ട്.

ശ്രീ. വി. ദിനകരൻ: സർ, മൽസ്യത്തൊഴിലാളികളുടെ താൽപ്പര്യത്തിനുവേണ്ടി ഈ ഗവൺമെന്റ് പ്രവർത്തിച്ചതിന്റെ പരിണതഫലങ്ങൾ 1982-ലെ ഇലക്ഷനിലും കഴിഞ്ഞ പാർലമെന്റ് ഇലക്ഷനിലും ശ്രീ. രാജന്റെ പാർട്ടിയടക്കമുള്ള ഇടതുപക്ഷ പ്രസ്ഥാനം അനുഭവിച്ച കാര്യം നിങ്ങൾക്ക് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. രാജൻ: സർ, ഇത്ര വിവരംകെട്ട വർത്തമാനം പറയുമെന്ന് ഞാൻ കരുതിയില്ല. മൽസ്യത്തൊഴിലാളികൾക്കുവേണ്ടി ഒരുപാട് കാര്യങ്ങൾ ശ്രീ. കരുണാകരന്റെ ഗവൺമെന്റ് ചെയ്തിട്ടുണ്ടോ? ഈ നിയമം കൊണ്ടുവന്നതുകൊണ്ട് ആണോ ഞങ്ങൾ തോറ്റത്? പരമ്പരാഗത മൽസ്യത്തൊഴിലാളികളെ രക്ഷിക്കാൻവേണ്ടി ഇൻഡ്യയിൽ ആദ്യമായി ഞങ്ങൾ നിയമനിർമ്മാണം നടത്തി.

ശ്രീ. വി. ദിനകരൻ: സർ, ഈ രണ്ട് നിയമങ്ങളും കൊണ്ടുവന്നത് സഖാവ് പി. എസ്. ശ്രീനിവാസന്റെ കാലത്താണ്. ആ നിയമം പ്രായോഗികമായി മൽസ്യത്തൊഴിലാളികൾക്ക് പ്രയോജനകരമല്ലെന്ന കാര്യം കൂടി മനസ്സിലാക്കണം. അതുകൊണ്ടാണ്, ശ്രീ. കരുണാകരന്റെ ഗവൺമെന്റിനു രണ്ട് നിയമങ്ങളും ഭേദഗതി ചെയ്യേണ്ടിവന്നത്.

ശ്രീ. വി. കെ. രാജൻ: സർ, ശ്രീമതി ഇന്ദിരാഗാന്ധി മരിച്ചപ്പോൾ അതിന്റെ പേരിൽ കുറേ ആളുകളെ വോട്ടു ചെയ്തു. ഞാൻ ചോദിക്കുകയാണ് ശ്രീ. കരുണാകരൻ ഈ നിയമത്തിൽ എന്ത് മാറ്റമാണ് വരുത്തിയത്? ശ്രീ. കരുണാകരൻ ഗ്രാമസംഘങ്ങളിലേക്ക് കൊണ്ടുവന്ന ഭേദഗതിയെന്താണെന്ന് അറിയാമോ? ഓരോ വർഷവും സെപ്റ്റംബർ മാസത്തിൽ വോട്ടർ പട്ടിക തയ്യാറാക്കി തിരഞ്ഞെടുപ്പ് നടത്തണമെന്നുണ്ടായിരുന്നതിനെ മാറ്റി എല്ലാ കൊല്ലവും നോമിനേഷൻ എന്നാക്കി.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: സർ, ശ്രീ. ദിനകരനും കൂട്ടുകാരും വോട്ടുവാങ്ങി ജയിച്ച് ആ സംഘടനകളിൽ വരാൻ കഴിയാത്തതുകൊണ്ട് ശ്രീ. കരുണാകരന്റെ തണലു പറ്റി. അതിൽ കടന്നുകൂടാനുള്ള അവസരം കിട്ടിയതിന്റെ നന്ദിപ്രകടനമല്ലേ ഈ കാണിക്കുന്നത്.

ശ്രീ. വി. കെ. രാജൻ: സർ, ആ ഉപകാര സ്മരണ കാണും. എന്തെന്നാൽ ജയിച്ചുവരാൻ സാദ്ധ്യതയില്ലല്ലോ? ഇന്ദിരാ കോൺഗ്രസ്സിന്റെ നോമിനേഷനു അടികൂടി അതിന്റെ അടിമകളായിട്ട് നിങ്ങൾ നടക്കുന്നു. അതായിക്കോട്ടെ. എന്നാൽ ഗ്രാമസംഘങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിനുള്ള ഭേദഗതിയല്ലാതെ അന്ന് ശ്രീ. ശ്രീനിവാസൻ കൊണ്ടുവന്നിട്ടുള്ള വ്യവസ്ഥകളിൽ മാറ്റം വരുത്തിയിട്ടില്ല.

ശ്രീ. പി. പി. തങ്കച്ചൻ: സർ, ഈ കഴിഞ്ഞ തിരഞ്ഞെടുപ്പിൽ കേരളത്തിലെ മൽസ്യത്തൊഴിലാളികൾ ഉള്ള തീരപ്രദേശങ്ങളിലൊക്കെ ഇടതുപക്ഷകക്ഷികൾ പരാജയപ്പെടുകയും ഐക്യജനാധിപത്യമുന്നണി വിജയിക്കുകയും ചെയ്തതിന്റെ കാരണം എന്താണ്?

ശ്രീ. വി. കെ. രാജൻ: സർ, അങ്ങനെ ഒരു കണക്ക് എന്റെ കയ്യിൽ ഇപ്പോൾ ഇല്ല. നിങ്ങൾക്ക് എവിടെ നിന്ന് കിട്ടിയ കണക്കാണെന്ന് എനിക്ക് അറിഞ്ഞുകൂടാ. നിങ്ങളുടെ മണ്ഡലം തീരപ്രദേശമല്ലല്ലോ? ആ കണക്ക് എവിടെ നിന്നാണ് കിട്ടിയത്?

ശ്രീ. വി. ദിനകരൻ: സർ, ശ്രീ. രാജൻ പറഞ്ഞല്ലോ തീരപ്രദേശത്തുനിന്ന് ജയിച്ചുവന്നുവെന്ന്. മുൻ ഡെപ്യൂട്ടി സ്പീക്കറായിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ നാട്ടിക മണ്ഡലത്തിൽ നിന്ന് തോറ്റത് അറിയില്ലേ? ശ്രീ. പി. കെ. വാസുദേവൻ നായർ ആലപ്പുഴ തോറ്റില്ലേ? ശ്രീ. പി. എസ്. ശ്രീനിവാസൻ ചേർത്തലയിൽ തോറ്റില്ലേ? ശ്രീ. ഷെറീഫ് കരുനാഗപ്പള്ളിയിൽ തോറ്റില്ലേ? തീരപ്രദേശത്ത് എന്താണ് തോൽക്കാതിരുന്നത്?

ശ്രീ. വി. കെ. രാജൻ: സർ, ശ്രീ. കരുണാകരനോട് വിലപേശാൻ തീരപ്രദേശത്ത് ഡീവറർ ഉണ്ട്. മൽസ്യത്തൊഴിലാളികളുടെ വോട്ട് അവരുടെ പോക്കറ്റിലാണെന്ന് ശ്രീ. കരുണാകരനോട് പറഞ്ഞോ; ഞങ്ങളോട് പറയേണ്ട. 222 ഗ്രാമസംഘങ്ങളിൽ 135 എണ്ണത്തിന് ആണ് ഇപ്പോൾ നോമിനേഷൻ സ്വീകരിക്കുന്നത്. 15 എണ്ണമാണ് എൻ. സി. ഡി. സി. യുടെ സഹായത്തോടുകൂടിയുള്ളത്. അതല്ലാത്ത മറ്റ് സംഘടനകളും ഒന്നും ചെയ്യുന്നില്ല. വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾ എന്നുള്ള പേരിൽ കുറച്ച് വള്ളവും, വള്ളത്തിന് കുറച്ച് കാശും; മൂന്ന് കിലോ വലയും കൊടുത്തതല്ലാതെ ഒന്നും ചെയ്തിട്ടില്ല. അതുകൊണ്ട് എനിക്ക് പറയാനുള്ളത് അടിയന്തിരമായി തിരഞ്ഞെടുപ്പ് നടത്തണമെന്നാണ്. തിരഞ്ഞെടുപ്പുനടത്തിയാൽ തീരപ്രദേശത്തുള്ള എല്ലാ ആളുകളും ഇവരുടെ കൂടെയുണ്ടാകുമെന്നാണ് പറയുന്നത്. അന്ന് വോട്ടർ പട്ടികയിലെ അപാകതകളും ചൂണ്ടിക്കാണിച്ചിരുന്നതാണ്. ആ വോട്ടർ പട്ടികയുടെ അപാകതകളും ഇന്ന് പരിഹരിക്കപ്പെട്ടിരിക്കുന്നു. ഇനിയെങ്കിലും അതിലേക്ക് തിരഞ്ഞെടുപ്പ് നടത്താൻ എന്തിന് മടിക്കണം? ശ്രീ. കോടിയേരി ബാലകൃഷ്ണൻ സൂചിപ്പിച്ചതുപോലെ തിരഞ്ഞെടുക്കപ്പെട്ട ഒറ്റ ബോഡിയും ഈ രാജ്യത്ത് ഇല്ലല്ലോ. പഞ്ചായത്തില്ല, മുനിസിപ്പാലിറ്റിയില്ല, ബി. ഡി. സി. ഇല്ല, ഡി. ഡി. സി. ഇല്ല, ഒന്നുമില്ല. എല്ലാം പിരിച്ചുവിട്ടു. പിരിച്ചുവിടാത്ത ഏക ജനാധിപത്യ സംവിധാനമെന്നു പറയുന്നത് ഇവിടെ വൻ ഭൂരിപക്ഷം ഉപയോഗിച്ച് ഓർഡിനൻസ് ഭരണം നടത്തുന്ന ഈ നിയമസഭയാണ്. അല്ലാതെ വേറെ ഒരു തിരഞ്ഞെടുക്കപ്പെട്ട ബോഡിയും ഈ കേരളത്തിൽ ഇന്ന് ഇല്ല. ജനാധിപത്യ സംവിധാനത്തിന്റെ വക്താക്കൾ ആണല്ലോ നിങ്ങൾ? മൽസ്യത്തൊഴിലാളി ഗ്രാമസംഘങ്ങളിലേക്ക് തിരഞ്ഞെടുപ്പു നടത്തി എല്ലാ ഗ്രാമങ്ങളിലും എൻ. സി. ഡി. സി. വഴി മൽസ്യത്തൊഴിലാളികളെ സഹായിക്കാൻ ഉള്ള നടപടികൾ സ്വീകരിക്കണം. കായലോര മൽസ്യത്തൊഴിലാളി കേന്ദ്രങ്ങളിൽ ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റിന്റെ കാലത്ത് 222 ഗ്രാമസംഘങ്ങൾ ഞങ്ങൾ നോട്ടിഫൈ ചെയ്തതാണ്. അതുപോലെതന്നെ 107 കായലോര ഗ്രാമസംഘങ്ങൾ ഞങ്ങൾ നോട്ടിഫൈ ചെയ്തതാണ്. അതിൽ 21 സംഘങ്ങളിലേക്ക് ഇപ്പോൾ കോൺഗ്രസ്സ് (ഐ) നോമിനേറ്റ് ചെയ്തതായിട്ട് അറിയുന്നു. നോമിനേറ്റ് ചെയ്തത് മൽസ്യത്തൊഴിലാളികളേ അല്ല. അവിടെ ഇന്ന് പ്രവർത്തനം നടക്കുന്നില്ല. അങ്ങനെ ഈ മൽസ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർ ദുരിതപൂർണ്ണമായ ഒരു സാഹചര്യത്തിലാണ് ഇപ്പോൾ കഴിയുന്നത്. തീരപ്രദേശത്ത് ഇന്ന് കടലാക്രമണം രൂക്ഷമായിരിക്കുകയാണ്. സാധാരണഗതിയിൽ ഗവൺമെന്റ് ഈ കാലഘട്ടം ഒരു അടിയന്തിര കാലഘട്ടമായി പരിഗണിച്ചുകൊണ്ട് അവർക്ക് ആശ്വാസം കൊടുക്കുമായിരുന്നു. എന്നാൽ ശ്രീ. കരുണാകരൻ ഗവൺമെന്റ് എന്തെങ്കിലും ചെയ്തിട്ടുണ്ടോ? അത് പറയണം.

LIBRARY ARCHIVES Kerala Legislative Assembly

മുപ്പത്തിയേഴും അറുപത്തിയേഴും ആളുകൾക്ക് അരികൊടുത്ത കണക്കാണ് പറയുന്നത്. ഒരു മാസക്കാലമായി ഞാൻ ഉറക്കൊള്ളുന്ന തൃശൂർ വടക്കൻ മേഖലകളിൽ മൽസ്യത്തൊഴിലാളികൾ വീടില്ലാതെ, താമസിക്കാൻ നിർവ്വാഹമില്ലാതെ, പട്ടിണിയിൽ കഴിയുന്നു. ഈ നിയമസഭയ്ക്കകത്ത് ഞങ്ങൾ പലരും ഉന്നയിച്ചിട്ടുള്ളതാണ് ഈ പ്രശ്നം. അടിയന്തിര ആശ്വാസം കൊടുക്കാമെന്ന് ശ്രീ. മാണി പറഞ്ഞു. ഒന്നും ചെയ്തില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെൻറ് ഒരു ക്ഷേമ കോർപ്പറേഷൻ ഉണ്ടാക്കി. ആ ക്ഷേമകോർപ്പറേഷൻ ഈ മൽസ്യത്തൊഴിലാളികൾക്കുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചോ അതെല്ലാം നിങ്ങൾ വേണ്ടെന്ന് വച്ചു. ഞാൻ പറയുന്നത് ഈ പാവപ്പെട്ട മൽസ്യത്തൊഴിലാളികൾക്കെല്ലാം പെൻഷൻ കൊടുക്കണമെന്നാണ്. മൽസ്യത്തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി ഏർപ്പെടുത്തണം. ഇടതുപക്ഷ മുന്നണി ഗവൺമെൻറിൻെറ കാലഘട്ടത്തിൽ അവർക്ക് പെൻഷൻ കൊടുക്കുന്ന പദ്ധതി നടപ്പാക്കാൻ ശ്രമിച്ചതാണ്. ആ ഘട്ടത്തിലാണ് ഗവൺമെൻറ് പിരിച്ചുവിട്ടത്. അങ്ങനെ മൽസ്യത്തൊഴിലാളികൾക്ക് പെൻഷൻ കൊടുക്കുന്ന പദ്ധതി ഏർപ്പെടുത്തിക്കൊണ്ട് മൽസ്യത്തൊഴിലാളി മേഖലയിൽ സമൂലമായ് മാറ്റം വരുത്തണം. അടിമകൾ എന്ന നിലയിൽ നിന്ന് അവരെ ഉയർത്താൻ മുൻ ഗവൺമെൻറുകൾ ആവിഷ്കരിച്ച പദ്ധതികൾ നടപ്പിലാക്കാൻ ഈ ഗവൺമെൻറ് മുന്നോട്ടു വരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കാനം രാജേന്ദ്രൻ: സർ, 1986-ലെ കേരള സമുദ്രമൽസ്യ ബന്ധന നിയന്ത്രണ (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ് ചെയ്യണമെന്ന ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു.

സർ, 1980-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെൻറിൻെറ കാലഘട്ടത്തിൽ ഇൻഡ്യയ്ക്ക് ആകെ മാതൃകയായി അവതരിപ്പിച്ച ഒരു നിയമത്തിൻെറ ഭേദഗതിയാണ് ഈ ബില്ല്. ഇത് അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറയുകയുണ്ടായി ഈ നിയമം നടപ്പിലാക്കുമ്പോൾ പിഴ വർദ്ധിപ്പിക്കുകയും, കുറേക്കൂടി കർശനമാക്കുകയും ചെയ്യുമെന്ന ലക്ഷ്യത്തോടുകൂടിയാണ് ഈ ഭേദഗതി നിയമം കൊണ്ടുവന്നിരിക്കുന്നതെന്ന്. പിഴ വർദ്ധിപ്പിച്ചതുകൊണ്ടുമാത്രം ഈ പ്രശ്നത്തിന് ഒരു പരിഹാരമാവുകയില്ല എന്നാണ് എൻെറ അഭിപ്രായം. ഒരാളിനെ കൊന്നാൽ പരമാവധി തൂക്കിക്കൊല്ലാം. തൂക്കിക്കൊല്ലാൻ വിധിക്കുമെന്ന് അറിഞ്ഞുകൊണ്ടുതന്നെ നിരവധി ആളുകൾ കൊല നടത്തുന്നുണ്ട് എന്ന കാര്യം നമുക്ക് അറിയാം. അതുകൊണ്ട് ഇത് തടയാൻ ആവശ്യമായിട്ടുള്ള സംവിധാനങ്ങൾ ഉണ്ടാക്കാതെ പിഴ വർദ്ധിപ്പിച്ചതുകൊണ്ടു മാത്രം ഇത് നിയന്ത്രിക്കാൻ കഴിയുമെന്ന വാദവുമായി മോജിക്കാൻ കഴിയുകയില്ല. ഇതിനെസംബന്ധിച്ച് വിവിധ കമ്മിറ്റികൾ പഠിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. 1981-ൽ ബാബുപോൾ കമ്മിറ്റിയും 1984-ൽ കലാവർ കമ്മിറ്റിയുമെല്ലാം ഈ പ്രശ്നത്തെ സംബന്ധിച്ച് പഠനം നടത്തുകയുണ്ടായി. അങ്ങനെ പഠനം നടത്തി ചൂണ്ടിക്കാണിച്ച ഒരു കാര്യം നമ്മുടെ പരമ്പരാഗത മൽസ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ കഴിയണമെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതിനുവേണ്ടി പ്രായോഗിക നിർദ്ദേശങ്ങളും അവർ മുന്നോട്ടുവച്ചിട്ടുണ്ട്. 1980—ൽ ഈ നിയമമുണ്ടാക്കുന്ന സന്ദർഭത്തിൽതന്നെ അതുവരെയുള്ള കണക്കുകളും പരിശോധിച്ചപ്പോൾ അഖിലേന്ത്യാടിസ്ഥാനത്തിൽ മൽസ്യത്തിന്റെ ഉൽപ്പാദനം വർദ്ധിക്കുകയും കേരളത്തിൽ ആ വർഷങ്ങളിലെ കണക്കുകളും പരിശോധിച്ചപ്പോൾ കുറഞ്ഞുവരികയും ചെയ്തതായി കാണാൻ കഴിഞ്ഞു. നമുക്ക് വിദേശനാണ്യം നേടിത്തരുന്ന ഈ മൽസ്യസമ്പത്തിനെ സംരക്ഷിക്കണമെന്നുണ്ടെങ്കിൽ അതിനാവശ്യമായ നടപടികളും വേണമെന്നുള്ളതുകൊണ്ടാണ് പേഴ്സീൻ നൈറ്റ് ഉപ്പെടെയുള്ളത് നിരോധിച്ചുകൊണ്ട് പരമ്പരാഗതമൽസ്യത്തൊഴിലാളികളുടെ ഭയം ഒഴിവാക്കി പരമാവധി മൽസ്യസമ്പത്ത് ചൂഷണം ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്ന് പറഞ്ഞത്. അതിനുവേണ്ടി ഒരു നിയമം കൊണ്ടുവന്നപ്പോൾ ടെറിട്ടോറിയൽ സീയിൽ 12 നോട്ടിക്കൽ മൈൽവരെയാണ് നമ്മുടെ സംസ്ഥാന ഗവൺമെന്റിന് നിയന്ത്രണം കൊണ്ടുവരാൻ കഴിഞ്ഞത്. 12 നോട്ടിക്കൽ മൈൽ എന്നു പറഞ്ഞാൽ 22 കിലോമീറ്ററാണ്. നമ്മുടെ സംസ്ഥാന ഗവൺമെന്റിന് ആ 22 കിലോമീറ്ററിനുള്ളിൽ നിയന്ത്രണം കൊണ്ടുവരാൻ കഴിയുമെന്നുള്ളതുകൊണ്ടാണ് ഈ നിയമം കൊണ്ടുവന്നത്. 22 കിലോമീറ്ററിനപ്പുറത്തു മാത്രമേ ആധുനികസങ്കേതം ഉപയോഗിച്ചുകൊണ്ടുള്ള അല്ലെങ്കിൽ പേഴ്സീൻ നെറ്റോ ട്രോളിയോ ഉപയോഗിച്ചുകൊണ്ടുള്ള മൽസ്യബന്ധനം നടത്താവൂ. അതുകൊണ്ട് 22 കിലോമീറ്റർ വരെയുള്ള ഏരിയാ അതിന്റെ ആഴത്തിന്റേയും ദൈർഘ്യത്തിന്റേയും അടിസ്ഥാനത്തിൽ പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്കുവേണ്ടി സംരക്ഷിക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ നിയമം കൊണ്ടുവന്നത്. എന്നാൽ 1980—ൽ തന്നെ കേന്ദ്രഗവൺമെന്റിന്റെ ഒരു ഡയറക്ഷൻ വന്നു. ഈ നിയമം വന്നുകഴിഞ്ഞതിനുശേഷം എല്ലാ സംസ്ഥാന ഗവൺമെന്റുകൾക്കും കേന്ദ്രഗവൺമെന്റ് അയച്ച ഡയറക്ഷനിൽതന്നെ 22 കിലോമീറ്റർ എന്നുള്ളത് ചുരുക്കി പത്തു കിലോമീറ്റർവരെ സംരക്ഷിക്കണമെന്നു പറഞ്ഞു. സംസ്ഥാന ഗവൺമെന്റിന്, 22 കിലോമീറ്ററിനുള്ളിൽ പ്രവേശിക്കാൻ പാടില്ല, എന്ന നിയമമുണ്ടാക്കാനുള്ള നിയമപരമായ എല്ലാ സാഹചര്യങ്ങളും നിലനിൽക്കെ മറ്റെന്തെങ്കിലും താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടിയായിരിക്കാം കേന്ദ്രഗവൺമെന്റ് നിർദ്ദേശംതന്നു. ആ നിർദ്ദേശം തന്നു കഴിഞ്ഞതിനുശേഷം ഇതിനെ സംബന്ധിച്ച് കോടതിയിൽ തർക്കമുണ്ടായപ്പോൾ നമ്മുടെ ഹൈക്കോടതിതന്നെ കേരളത്തിൽ പത്തു കിലോമീറ്ററിനുള്ളിൽ ഈ പ്രവർത്തനങ്ങൾ നടത്താൻ പാടില്ല, അത്രയും നിയന്ത്രിക്കാനേ അധികാരമുള്ളു എന്നു പറഞ്ഞു. 1983—ൽ ആണെന്നു തോന്നുന്നു തമിഴ്നാട് റെഹക്കോടതിയിലും ഇതുപോലുള്ള ഒരു വിധിയുണ്ടായി. ഇങ്ങനെ വന്നുകഴിഞ്ഞതിനുശേഷം സ്വകാര്യവ്യക്തികളുടെ മൗലികാവകാശം സംരക്ഷിക്കുക എന്നതിന്റെ പേരിൽ പേഴ്സീൻനെറ്റ് ഉപയോഗിക്കാനും മറ്റുമുള്ള സൗകര്യമുണ്ടാക്കുന്ന കോടതിവിധിയുണ്ടായിക്കഴിഞ്ഞപ്പോൾ നമ്മുടെ സംസ്ഥാന ഗവൺമെന്റ് എന്തു ചെയ്തു എന്നറിയാൻ താൽപ്പര്യമുണ്ട്. സ്വാഭാവികമായും നീതി നടപ്പാകണമെന്നുണ്ടെങ്കിൽ ഇക്കാര്യത്തിൻമേൽ സുപ്രീംകോടതിയിൽ അപ്പീൽ പോകുന്നതിനും ബഹുഭൂരിപക്ഷംവരുന്ന പരമ്പരാഗതമൽസ്യത്തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനുംവേണ്ടി ഈ ഗവൺമെന്റ് തയ്യാറാവേണ്ടതാണ്. പക്ഷേ അത്തരം ഒരു നടപടി ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നില്ല. നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതുകൊണ്ടുമാത്രം, നമ്മുടെ മൽസ്യത്തൊഴിലാളി രംഗത്തെ പ്രശ്നം പരിഹരിക്കപ്പെടുന്നില്ല. ബാബുപോലും കമ്മിറ്റിയും, കലാവർ കമ്മിറ്റിയും ചൂണ്ടിക്കാണിച്ച കാര്യം ഈ നിയന്ത്രണം കൊണ്ടുവന്ന് പരമ്പ

LIBRARY ARCHIVES Kerala Legislative Assembly

രാഗതമൽസ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതോടൊപ്പംതന്നെ അവർ ചൂഷണം ചെയ്യുന്ന മൽസ്യസമ്പത്ത് ന്യായമായ വിലയ്ക്ക് വിറ്റഴിക്കാനും അവർക്ക് ജീവിതസൗകര്യം ഉണ്ടാക്കാനും വേണ്ട നടപടികളും സ്വീകരിക്കണമെന്നാണ്. അതിനുശേഷം 1980-ലെ ഗവൺമെൻറുതന്നെ മൽസ്യത്തൊഴിലാളിക്ഷേമസംഘങ്ങളും രൂപീകരിക്കുകയും ആ ക്ഷേമസംഘങ്ങൾവഴി പല പരിപാടികളും ആവിഷ്കരിക്കുവാനുള്ള നിർദ്ദേശങ്ങളും സമർപ്പിക്കുകയും ചെയ്തു. എൻ. സി. ഡി. സി. യുടെ സഹായത്തോടുകൂടി ഈ മേഖലയിൽ വിവിധപ്രവർത്തനങ്ങളും നടത്താൻ കഴിയുമെന്നു് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അങ്ങനെ പ്രവർത്തനങ്ങളും നടത്തണമെങ്കിൽ മാർക്കറ്റിംഗ് സൗകര്യങ്ങളും വിപുലപ്പെടുത്താനും അവർക്ക് വളരെയധികം മൽസ്യസമ്പത്ത് ചൂഷണം ചെയ്യാനുള്ള പരിഷ്കൃതമായ മാർഗ്ഗങ്ങളും ഉപയോഗിക്കാനുമുള്ള മാർഗ്ഗം കണ്ടുപിടിക്കുന്നതുംപ്പെടെയുള്ള നിരവധി പ്രവർത്തനങ്ങളും നമ്മുടെ ഗവൺമെൻറ് നടത്തേണ്ടതായിട്ടുണ്ട്.. അത് വേണ്ടെന്നുണ്ടെങ്കിൽ ഈ ഗ്രാമസംഘങ്ങളുടെ പ്രവർത്തനങ്ങളും ശക്തിപ്പെടുത്താൻ കഴിയണം. ഗ്രാമസംഘങ്ങളുടെ കാര്യം ഇവിടെ പലരും പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. ഗ്രാമസംഘങ്ങളെ സംബന്ധിച്ചിടത്തോളം നിയമം കൊണ്ടുവരുമ്പോളും ഉണ്ടായിരുന്നത് എന്ത് ഉദ്ദേശമായിരുന്നുവോ അതിൽനിന്നും വ്യത്യസ്തമായി ഇത് നടപ്പിലാക്കി എന്നു വരുത്തണമെന്നുള്ള നിലയിലാണ് ഗ്രാമസംഘങ്ങളിൽ ഇപ്പോളും പ്രവർത്തനം നടക്കുന്നത്. തിരഞ്ഞെടുപ്പ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. നോമിനേറ്റ് ചെയ്തതുകൊണ്ട് എന്താണ് കുഴപ്പം, ഭരണസമിതിയുണ്ടാകുമല്ലോ എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞദിവസം പറഞ്ഞത്. വോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കി ഗ്രാമസംഘങ്ങളും ഏതാണെന്ന് ഐഡൻറിഫൈ ചെയ്ത് ആ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുന്നില്ല എന്നുള്ളതാണ് പ്രശ്നം. കേരളത്തിൽ മൊത്തമുള്ള മൽസ്യത്തൊഴിലാളികളിൽ 86 ശതമാനത്തോളം പരമ്പരാഗതമൽസ്യത്തൊഴിലാളികളാണ്. ആ 86 ശതമാനമാളുകൾക്ക് ആകെയുള്ള ക്യാച്ചിന്റെ 60 ശതമാനമാണ് ലഭിക്കുന്നത്. സമ്പന്നരായ ബാക്കി 14 ശതമാനം ആളുകൾ 40 ശതമാനം മത്സ്യ സമ്പത്ത് ചൂഷണം ചെയ്യുകയാണ്. ഇങ്ങനെയുള്ള ഒരു സാഹചര്യത്തിൽ ഭൂരിപക്ഷംവരുന്ന പരമ്പരാഗതമൽസ്യത്തൊഴിലാളികളെ രക്ഷിക്കണമെന്നുണ്ടെങ്കിൽ നിയമത്തിൽ ഭേദഗതി വരുത്തുന്നത് നല്ല കാര്യമാണ്, പക്ഷേ നിയമത്തിൽ ഭേദഗതി വരുത്തിയതുകൊണ്ടുമാത്രമായില്ല. നിയമത്തിൽ ഭേദഗതി വരുത്തുന്നതോടൊപ്പംതന്നെ അവർക്ക് ഇത് ഫലപ്രദമായി നടപ്പിലാക്കിക്കൊടുക്കാനുള്ള മാർഗ്ഗങ്ങളെ സംബന്ധിച്ച് ആലോചിക്കണം. ഇവിടെ സൂചിപ്പിച്ചു ഇന്ത്യയിലെ തീരപ്രദേശത്തുള്ള എല്ലാ സംസ്ഥാനങ്ങളുംകൂടി കൂടിയാലോചിച്ച് ഇത്തരം ഒരു നിയമത്തെ സംബന്ധിച്ചിടത്തോളം ചില നിർദ്ദേശങ്ങളും സമർപ്പിക്കുവാൻ കഴിയുമോ എന്നതിനെക്കുറിച്ച് ആലോചിക്കണമെന്ന്.. കേന്ദ്രഗവൺമെൻറുതന്നെ സംസ്ഥാനങ്ങളോട് ഇത് ആവശ്യപ്പെട്ടിട്ടുണ്ട്. ഗുജറാത്തിൽ ഇപ്പോൾ നിലനിൽക്കുന്ന നിയമംതന്നെ മതി, ഇനി വേണ്ടെന്ന് സൂചിപ്പിക്കുകയുണ്ടായി. കർണ്ണാടകത്തിൽ ഒരു നിയമത്തിന് രൂപം കൊടുത്തിട്ടുണ്ട്. ആ നിയമം പാസ്സായിട്ടില്ല. തമിഴ്നാടും മഹാരാഷ്ട്രയും ഓരോ നിയമം കൊണ്ടുവന്നിട്ടുണ്ട്. അതുകൊണ്ട് തീരപ്രദേശത്തുള്ള സംസ്ഥാനങ്ങളും ഒന്നിച്ചുനിന്നുകൊണ്ട് ഇതിനുവേണ്ടി ഒരു നിയമനിർമ്മാണം കൊണ്ടുവരികയും കേന്ദ്രഗവൺമെൻറ് ഇക്കാര്യത്തിൽ ശക്തമായ നിലപാട് സ്വീകരിക്കുകയും ചെയ്യാതെ നമുക്ക് ഇതിന് ഒരു നിയ

LIBRARY ARCHIVES Kerala Legislative Assembly

ന്തണം ഫലപ്രദമായി കൊണ്ടുവരാൻ കഴിയുകയില്ല. മറ്റു സംസ്ഥാനങ്ങളിൽനിന്ന് ട്രോളികളും മറ്റ് ഫിഷിംഗ് വെസ്സൽസും വന്നുകഴിയുമ്പോഴും നമ്മുടെ സംസ്ഥാനത്തെ അതിർത്തി ലംഘിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ കഴിയണമെന്നുണ്ടെങ്കിൽ അതിന് ഫലപ്രദമായ സംവിധാനം ഇപ്പോഴില്ല. നിയമംകൊണ്ടുവന്ന സമയത്ത് ഒരു ഡി. ഐ. ജി. യുടെ നേതൃത്വത്തിൽ സ്പീഡ്ബോട്ടും അതിനുള്ള സംവിധാനങ്ങളുമെല്ലാം ഉണ്ടാക്കണമെന്നു തീരുമാനിച്ചിരുന്നുവെങ്കിൽ ഇന്ന് അതിന് ഫലപ്രദമായിട്ടുള്ള പ്രവർത്തനം നടക്കുന്നില്ല. അതുകൊണ്ട് പട്രോളിംഗ് സമ്പ്രദായം ശക്തിപ്പെടുത്താൻ കഴിയണമെന്നുണ്ടെങ്കിൽ കേന്ദ്രഗവൺമെന്റുമായി ആലോചിച്ച് ഫലപ്രദമായ കോസ്റ്റ്ഗാർഡ് സമ്പ്രദായം ഏർപ്പെടുത്താൻ നമ്മുടെ സംസ്ഥാനഗവൺമെന്റും മറ്റ് സംസ്ഥാനങ്ങളും കൂടി തീരുമാനിച്ചുവെങ്കിൽ മാത്രമേ കഴിയുകയുള്ളൂ. അങ്ങനെ ഒരു കോസ്റ്റ് ഗാർഡ് സമ്പ്രദായം നിലവിൽ വരുത്തുന്നതിനും ഇവർ ഈ അതിർത്തി കടക്കുന്നുണ്ടോ എന്നുള്ളത് പരിശോധിക്കുന്നതിനും യാതൊരു സംവിധാനവുമില്ലാതെ 5,000 രൂപ 25,000 രൂപ ആക്കിയതുകൊണ്ടൊന്നും അത് ഫലപ്രദമായി തടയാൻ കഴിയുകയില്ല. അതുകൊണ്ട് ഗവൺമെന്റ് ശിക്ഷണനടപടികളുടെ ശക്തി കൂട്ടുന്നതോടൊപ്പം തന്നെ ഈ കുറ്റം തടയുന്നതിനുവേണ്ടി അത് കണ്ടുപിടിക്കാനാവശ്യമായ ഫലപ്രദമായ കരുതൽ നടപടികളും കൂടി സ്വീകരിച്ചെങ്കിൽ മാത്രമേ കഴിയുകയുള്ളൂ എന്നു പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: സർ, ഈ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനുവേണ്ടി വിടണമെന്നുള്ള ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു. ഇത് 1981—ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിച്ചിരുന്ന അവസരത്തിൽ ഫിഷറീസിന്റെ ചുമതല വഹിച്ചിരുന്ന മന്ത്രി ശ്രീ. പി. എസ്. ശ്രീനിവാസൻ കൊണ്ടുവന്നതാണ്. കടലിൽ മൽസ്യം പിടിക്കാൻ പോകുന്ന തൊഴിലാളികളുടെയും കരയിൽ മൽസ്യവുമായി ബന്ധപ്പെട്ടുജീവിക്കുന്ന തൊഴിലാളികളുടെയും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ആ നിയമത്തിന്റെ ഒരു പകുപ്പിലാണ് ഇപ്പോൾ ഭേദഗതി നിർദ്ദേശിക്കുന്നത്. സെക്ഷൻ 17—ന്റെ ഒന്നിലും രണ്ടിലും, ഒരുഭാഗത്ത് നിയമം വളരെ കർശനമാക്കണമെന്നു പറയുമ്പോൾ മറ്റൊരുഭാഗത്ത് ലഘൂകരിക്കാനും ഈ ഭേദഗതിയിൽ വ്യവസ്ഥയുണ്ട്: സർ, ഞാനതു വായിക്കാം: സെക്ഷൻ 17—ന്റെ സബ്സെക്ഷൻ ഒന്നിൽ പറയുന്നത് അയ്യായിരം രൂപ ശിക്ഷയെന്നുള്ളത് 25,000 തൊട്ട് 50,000 രൂപവരെ ആക്കാമെന്നാണ്. സബ് സെക്ഷൻ രണ്ടിൽ പറയുന്നത് ഇങ്ങനെവന്നാൽ അവരുടെ ലൈസൻസ് റദ്ദാക്കുകയോ പിടിക്കുന്ന് മൽസ്യമോ അതല്ലെങ്കിൽ വെസ്സലോ സർക്കാരിലേക്ക് കണ്ടുകെട്ടുകയോ ചെയ്യാമെന്നാണ്. എന്നിട്ട് പ്രൊവൈസോയിലും പറഞ്ഞിട്ടുണ്ട്. അതായത് ഈ പറയുന്ന ഉടമസ്ഥന്, അല്ലെങ്കിൽ അതിന്റെ ചുമതല വഹിക്കുന്ന ആൾക്ക് ഈ കുറ്റകൃത്യം ചെയ്യാൻ താൽപ്പര്യമില്ലായിരുന്നു എന്നു കണ്ടാൽ ആ ബോട്ടും പിടിച്ച മൽസ്യവും വിട്ടുകൊടുക്കാമെന്നു പറയുന്നുണ്ട്. സർ, ഇപ്പോഴുള്ള ഭേദഗതിയിൽ ഒരുപ്രാവശ്യം അവരെ വിട്ടിരിക്കുകയാണ്. അതാണു ഞാൻ പറഞ്ഞത്. അവിടെ ഒരു പ്രാവശ്യം ചെയ്തു രണ്ടാമത്തെ പ്രാവശ്യം തൊട്ടാണ് പിഴവരുന്നത് എന്ന്. അങ്ങനെ ഒരിടത്ത് 5,000 രൂപയെന്നുള്ളത് വർദ്ധിപ്പിക്കുന്നു. മറുഭാഗത്ത് അയവേറിയ ഒരു സമീപനവും ഈ ഗവൺമെന്റ് സ്വീകരിക്കുന്നു. അതുപോലെതന്നെ ജുഡീഷ്യൽ ഓഫീസർ

LIBRARY ARCHIVES Kerala Legislative Assembly

എൻകയറി നടത്തി അതിനാവശ്യമായ നടപടികളും നടത്തണമെന്ന് 16–ാമത്തെ സെക്ഷനിൽ പറയുന്നുണ്ട്. സെക്ഷൻ 2 (എ) യിൽ പറയുന്നു, അഡ്ജുഡിക്കേഷൻ ഓഫീസർ ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള ഒരു അസിസ്റ്റന്റ് ഡയറക്ടറുടെ പദവിയിൽക്കുറയാത്ത ആളായിരിക്കണമെന്ന്. ഇത് ഒരു ജുഡീഷ്യൽ സ്വഭാവമുള്ള അഡ്ജുഡിക്കേഷനായതുകൊണ്ട് ഇതിനുവേണ്ടി ഒരു ജുഡീഷ്യൽ ഓഫീസർ ആയിരിക്കുന്നത് കുറെക്കൂടി ഭേദമായിരിക്കും എന്നാണെന്റെ അഭിപ്രായം. മൽസ്യത്തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻവേണ്ടി ഉദ്ദേശിച്ചുകൊണ്ടുള്ള ഈ നിയമം നടപ്പിലാക്കിയ അവസരത്തിൽ ഒരുപാട് പരാധീനതകളും ക്രമക്കേടുകളും അഴിമതികളുമൊക്കെയുണ്ടായിട്ടുണ്ട്. അതുപോലെതന്നെ ആ സൊസൈറ്റികളിൽ തിരഞ്ഞെടുപ്പ് നടത്താത്തത് ഈ പറയുന്ന രീതിയിൽ ഈ സംഘങ്ങളിലെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെക്കൊണ്ട് അഴിമതി നടത്തുന്നതിനുവേണ്ടിയാണ്. എത്ര പറഞ്ഞിട്ടും ആ പ്രശ്നം പരിഹരിക്കാൻ ആരും തയ്യാറാകുന്നില്ല. അതുപോലെ തന്നെ ഇടയിടെ കുറെ ഫിഷറീസ് ഓഫീസർമാരെ നിയമിച്ചു. ആ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാർതന്നെ ടെസ്റ്റ് നടത്തി റാങ്ക് ലിസ്റ്റ് പബ്ലിഷ് ചെയ്തു. എന്നിട്ട് ആ റാങ്ക്ലിസ്റ്റിലുള്ളവരെ എടുക്കാതെ ടെസ്റ്റിൽ തോറ്റ ആളുകളെ വിളിച്ച് അവരെ നിയമിച്ചു. അതുകൊണ്ട് ഞാൻ പറയുന്നത് മൽസ്യത്തൊഴിലാളികളെ സംരക്ഷിക്കാനും അവരുടെ നില മെച്ചപ്പെടുത്താനുമുള്ള ഈ നിയമം നടപ്പിലാക്കുമ്പോൾ ഇവിടത്തെ അഴിമതിയും പരാധീനതകളും മുഴുവൻ കണക്കിലെടുത്തുവേണം അത് ചെയ്യാൻ.

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, ഇത്തരത്തിൽ ഒരു നിയമം ഉണ്ടാക്കിയെടുത്തതുകൊണ്ട് എന്തെങ്കിലും ഗുണമുണ്ടാകുമെന്ന് എനിക്ക് വിശ്വാസമില്ല. ശ്രീ. പി. എസ്. ശ്രീനിവാസൻ 1980–ൽ കൊണ്ടുവന്ന ഈ നിയമം ഫലപ്രദമായി നടപ്പിലാക്കാൻ ഈ ഗവൺമെന്റിനു കഴിഞ്ഞിരുന്നുവെങ്കിൽ ഒരുകാരണവശാലും ഈ ഭേദഗതിയുടെ ആവശ്യം ഇപ്പോഴില്ലായിരുന്നു. അതുമാത്രമല്ല ഒറിജിനൽ ആക്ടിലെ 17–ാം വകുപ്പിലെ ശിക്ഷ ലഘൂകരിച്ചുകൊണ്ട് യന്ത്രവൽകൃത മൽസ്യബന്ധനം നടത്തുന്ന വലിയ ബിസിനസ്സുകാർക്ക് ഗുണപ്രദമാകുന്ന രീതിയിലാണ് ഈ അമൻറുമെന്റ് കൊണ്ടുവന്നിട്ടുള്ളത്. അതു ഞാൻ വിശദമാക്കാം. ഈ ബില്ലു കൊണ്ടുവരുന്നതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ പറയുമ്പോൾ ഈ നിയമം നടപ്പിലാക്കുന്നതിന് എന്തെങ്കിലും സാങ്കേതികമായ ബുദ്ധിമുട്ടുണ്ട് അതുകൊണ്ടു മാറ്റം വരുത്തുന്നുവെന്നല്ല. മറിച്ച് യന്ത്രവൽകൃത ബോട്ടുടമസ്ഥൻമാരും പരമ്പരാഗത മൽസ്യത്തൊഴിലാളികളും തമ്മിൽ സംഘട്ടനമുണ്ടാകുമ്പോൾ ക്രമസമാധാനം പാലിക്കാൻ പോലീസിനുകഴിയുന്നില്ല. അതുകൊണ്ട് നിയമത്തിൽ ഭേദഗതി വരുത്തുന്നു, ഒപനാൽറ്റി വലുതാക്കുകയാണ്. വലിയ ശിക്ഷ നൽകിയതുകൊണ്ട് എന്തെങ്കിലും കുറ്റകൃത്യം നടക്കാതിരിക്കുമോ? കുറ്റകൃത്യം തടയുന്നതിനുള്ള സംവിധാനമേർപ്പെടുത്തുന്നതിനു പകരം ആ കുറ്റത്തിന്റെ ശിക്ഷ വലുതാക്കിയാൽ കുറ്റകൃത്യം തടയാൻ കഴിയുമോ? ഒരു കാരണവശാലും ആ തത്വത്തോട്

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

യോജിക്കാൻ കഴിയുകയില്ല. ഈ നിയമം നടപ്പിലാക്കുന്നതിന് എന്തെങ്കിലും സാങ്കേതികമായ ബുദ്ധിമുട്ടുണ്ടെങ്കിൽ അത് ഒഴിവാക്കുന്നതിന് ഇന്ന ഭേദഗതി കൊണ്ടുവരുന്നുവെന്ന് നമ്മുടെ ഗവൺമെന്റിന് പറയാൻ കഴിഞ്ഞിട്ടില്ല. പരമ്പരാഗത മൽസ്യത്തൊഴിലാളികളും യന്ത്രവൽക്കൃത

LIBRARY ARCHIVES Kerala Legislative Assembly

ബോട്ടിൽ മൽസ്യം പിടിക്കുന്ന വൻകിട മീൻപിടിത്തക്കാരും തമ്മിൽ പുറം കടലിൽ വച്ചുണ്ടാകുന്ന സംഘട്ടനമൊഴിവാക്കാൻ ഈ പെനാൽറ്റി വലുതാക്കിയതുകൊണ്ടു സാധിക്കുമോ? പരമ്പരാഗത മൽസ്യത്തൊഴിലാളികളെ സംരക്ഷിക്കാൻവേണ്ടി കൊണ്ടുവന്നിരിക്കുന്നുവെന്നു പറയുന്ന ഈ ഭേദഗതി വൻകിട മീൻപിടിത്തക്കാരെ രക്ഷിക്കാൻവേണ്ടിയാണെന്ന് വ്യക്തമായി ബോദ്ധ്യപ്പെടുത്താൻ എനിക്ക് കഴിയും. ഒറിജിനൽ ആക്ടിൽ 17—ാമത്തെ വകുപ്പിന്റെ അവസാനം പിടിക്കപ്പെട്ട മീനും മീൻ പിടിക്കാനുപയോഗിച്ചിരുന്ന യന്ത്രസാമഗ്രികളും കണ്ടുകെട്ടുന്നതിന് വ്യക്തമായ നിബന്ധനയുണ്ട്. ഇപ്പോൾ വൻകിട മീൻപിടിത്തക്കാരെ രക്ഷിക്കുന്നതിനുവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഈ ഭേദഗതി ഒന്നിൽക്കൂടുതൽ തവണ പരമ്പരാഗത മൽസ്യത്തൊഴിലാളികളെ ദ്രോഹിക്കത്തക്ക രീതിയിലുള്ളതാണ്. ആഴക്കടലിൽ യന്ത്രവൽകൃത സംവിധാനത്തോടുകൂടി മൽസ്യബന്ധനം നടത്തിയെന്നു തെളിഞ്ഞാൽ മാത്രമേ അവരുടെ യന്ത്രങ്ങളും മറ്റ് സാമഗ്രികളും കണ്ടുകെട്ടാൻ വ്യവസ്ഥയുള്ളു. ഇതിനു മറുപടി പറയാനും സബ്ജക്ട് കമ്മിറ്റിയിൽ എന്തെങ്കിലും വ്യത്യാസം വരുത്താനും ചുമതലപ്പെട്ട ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ സ്ഥലത്തില്ല. ഇതൊന്നു ശ്രദ്ധിക്കുന്നതിനും ഇതിൽ എന്തെങ്കിലും വസ്തുതയുണ്ടോയെന്നു പരിശോധിക്കുന്നതിനും ആരേയും ചുമതലപ്പെടുത്തിയതായി അപ്പുറത്തു കാണുന്നില്ല. വകുപ്പുമന്ത്രി അസുഖമായി കിടക്കുന്നുവെന്നാണറിയുന്നത്. പക്ഷേ ചുമതലപ്പെട്ട മറ്റൊരു മന്ത്രി വേണ്ടേ സർ, ഇതൊന്നു ശ്രദ്ധിക്കാൻ? ആരോടു പറയാൻ, ഏതെങ്കിലും മന്ത്രി ഇത് ശ്രദ്ധിക്കുന്നുണ്ടെങ്കിൽ ഞാനിതു പിൻവലിക്കാം. ഞാൻ പറഞ്ഞുകൊണ്ടിരിക്കുന്നത് വളരെ പ്രസക്തമായ ഒരു കാര്യമാണ്., നിയമത്തിന്റെ ഭേദഗതിയെക്കുറിച്ച് പഠിയ്ക്കുമ്പോൾ അതൊന്നു ശ്രദ്ധിക്കണം. സബ്ജക്ട് കമ്മിറ്റിയിൽ അതൊന്നു ചർച്ച ചെയ്യാനും വേണ്ടിവന്നാൽ എന്തെങ്കിലും മാറ്റം വരുത്താനും ഒരാളുവിടെ വേണ്ടേ സർ? ബഹുമാന്യനായ മുഖ്യമന്ത്രി വരുന്നുണ്ട്, പക്ഷേ അത് ഒന്നുകൂടി പറയേണ്ടിവരും. സർ, മുഖ്യമന്ത്രിയുടെ ശ്രദ്ധയ്ക്കുവേണ്ടിയാണിതു പറയുന്നത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, അദ്ദേഹം പറഞ്ഞത് ഞാൻ കേട്ടിരുന്നു.

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, അപ്പോൾ എന്റെ വാദം നമ്മുടെ ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്ന ഈ ഭേദഗതി പരമ്പരാഗത മൽസ്യത്തൊഴിലാളികളെ ദ്രോഹിക്കാനും യന്ത്രം ഉപയോഗിച്ച് മൽസ്യം പിടിക്കുന്ന ആളുകളെ രക്ഷിക്കാനുമുള്ളതാണെന്നാണ്.. അതോ യാദൃച്ഛികമായി അങ്ങനെ ആയതാണോ? അതല്ല അത് ഈ ഗവൺമെന്റ് കരുതിക്കൂട്ടി കൊണ്ടുവന്നതാണോ, അത് വ്യക്തമാക്കണം. കരുതിക്കൂട്ടി കൊണ്ടുവന്നതാണെങ്കിൽപോലും അതു മാറ്റാൻ ഗവൺമെന്റ് തയ്യാറാകുമെന്നു തോന്നുന്നില്ല. പക്ഷേ യാദൃച്ഛികമാണെങ്കിൽ ഈ കാര്യം സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യുമ്പോൾ ഒന്നു പരിഗണിക്കുകയും മാറ്റുകയും വേണം. ഒറിജിനൽ ആക്ടിൽ ആദ്യത്തെ കുറ്റത്തിനുതന്നെ കുറ്റക്കാരനാണെന്നു തെളിയുകയും, ശിക്ഷ ഏറ്റു വാങ്ങുകയും ചെയ്താൽ അയാളുടെ യന്ത്രമുപയോഗിച്ചു പിടിച്ച മൽസ്യവും വലയും അതുപോലെതന്നെ യന്ത്രവൽകൃത ബോട്ടോ, ട്രാളറോ എന്താണെന്നുവച്ചാൽ അതും കണ്ടുകെട്ടാനുള്ള വ്യവസ്ഥയുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ദിനകരൻ: സർ, ഈ ഒറിജിനൽ ആക്ടിൽ തന്നെ പരിധി ലംഘിക്കുന്ന ബോട്ടുകളും കണ്ടുകെട്ടാനുള്ള വ്യവസ്ഥയുണ്ടെന്നു പറഞ്ഞു. അതൊന്നു വായിക്കാമോ?

ശ്രീ. വി. ജെ. തങ്കപ്പൻ: വായിക്കാം 2 (h). The fishing vessel or fish that may have been impounded or seized, as the case may be, under section 14 shall be forfeited to the Government. ഇതാണ് ഒറിജിനൽ ആക്ട്. ഒറിജിനൽ ആക്ടിൽ ആദ്യത്തെ ഒഫൻസിൽത്തന്നെ ഇതു ചെയ്യാം. പക്ഷേ ഇപ്പോൾ കൊണ്ടുവന്ന ഭേദഗതി അത് അറിഞ്ഞുകൊണ്ടുവന്നതാണെങ്കിൽ എന്റെ ആരോപണം യന്ത്രവൽകൃതബോട്ടുടമസ്ഥൻമാരെ രക്ഷിക്കാനും ഈ ബില്ലിന്റെ അടിസ്ഥാനതത്വത്തെ തകർക്കാനുംവേണ്ടി ബോധപൂർവ്വം കൊണ്ടുവന്നതാണെന്നാണ്. അതല്ല യാദൃച്ഛികമായി കൊണ്ടുവന്നതാണെങ്കിൽ ഇക്കാര്യം ഗവൺമെന്റ് പരിഗണിക്കണമെന്നും സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്യുമ്പോൾ ഭേദഗതിചെയ്യുമെന്നും ഞാൻ വിശ്വസിക്കുന്നു. അതിന്റെ പ്രസക്തമായ ഭാഗം ഞാൻ വായിക്കാം. 17-ാം വകുപ്പിൽ രണ്ടാം ഉപവകുപ്പ് ഒന്ന്, "എന്നാൽ (1)-ാം ഉപവകുപ്പുപ്രകാരമുള്ള ശിക്ഷ ഒരാളിൽ രണ്ടാം തവണയോ അഥവാ അതിനുശേഷമോ ചുമത്തിയാൽ അതതു സംഗതിപോലെ ജപ്തിചെയ്തതോ കൈവശപ്പെടുത്തിയതോ പിടിച്ചെടുത്തതോ ആയ മൽസ്യബന്ധന നൗകയോ മൽസ്യമോ 14-ാം വകുപ്പുപ്രകാരം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതിന് അഡ്ജുഡിക്കേറ്റിംഗ് ആഫീസർക്ക് നിർദ്ദേശിക്കാവുന്നതാണ്. അവിടെയാണ് അഭിപ്രായ വ്യത്യാസമുള്ളത്. ഇത് എന്തിനാണ് ഇപ്പോൾ ചുണ്ടിക്കാണിച്ചതെന്നു ചോദിച്ചാൽ സബ്ജക്ട് കമ്മിറ്റി കറക്ട് ചെയ്യുമെങ്കിൽ ഒരു ഭേദഗതിയെഴുതേണ്ടകാര്യമില്ലെന്നുള്ളതുകൊണ്ടാണ്. ഈ ബില്ലിൽ പെനാൽറ്റികൂട്ടിക്കൊണ്ട്, അതിന്റെ തുക വർദ്ധിപ്പിച്ചുകൊണ്ട് യന്ത്രവൽക്കൃതബോട്ടുടമസ്ഥൻമാർ മീൻപിടിക്കുന്നതിനെ തടസ്സപ്പെടുത്താനാണുദ്ദേശമെങ്കിൽ ഒരു കാരണവശാലും ഒന്നാമത്തെ ഭേദഗതി കൊണ്ടുവരരുതെന്നാണ് എന്റെ അഭിപ്രായം. അതുപോലെതന്നെ ഫിഷറീസ് ഡിപ്പാർട്ടുമെന്റിലെ ഒരു ആഫീസർക്ക്, അഡ്ജുഡിക്കേറ്റിംഗ് ആഫീസറെന്നുപറയുന്നയാൾക്ക് ഇത് കണ്ടുകെട്ടുന്നതിനുള്ള അവകാശമില്ല. കണ്ടുകെട്ടുന്നതിനു ശുപാർശ ചെയ്യാവുന്നതാണ്. ഇതു കണ്ടുകെട്ടുന്നതിനുള്ള പൂർണ്ണമായ അവകാശത്തോടുകൂടിയ ഒരു ഉദ്യോഗസ്ഥനെ അഡ്ജുഡിക്കേറ്റിംഗ് ആഫീസറായി നിയമിക്കണം. അത് ഫിഷറീസ് ഡിപ്പാർട്ടുമെന്റിലെ ആളാകണമെന്നില്ല. ഒന്നുകിൽ തഹസിൽദാരെയോ ആർ. ഡി. ഒ. യെയോ ഇക്കാര്യത്തിൽ നിയോഗിക്കണം. മൽസ്യത്തൊഴിലാളി സഹകരണസംഘങ്ങളിലെ തെരഞ്ഞെടുപ്പിനെപ്പറ്റിയൊന്നും ഞാനിവിടെ പറയുന്നില്ല. പറയേണ്ടതാണ്. ശ്രീ. പി. എസ്. ശ്രീനിവാസൻ കൊണ്ടുവന്ന നിയമത്തിൽ ഭേദഗതിവരുത്തുമ്പോൾ അത് ക്രമസമാധാനം നിലനിറുത്തുന്നതിനുവേണ്ടി കൊണ്ടുവന്ന ഭേദഗതിയാണെന്ന് പറയരുത്. ക്രമസമാധാനം നിലനിറുത്താൻ മറ്റു സംവിധാനങ്ങളുണ്ട്. അതിന് മൊത്തത്തിൽ ഒരു ഏർപ്പാടുണ്ടാക്കണം. ആഴക്കടലിൽനിന്നും യന്ത്രവൽകൃതബോട്ടുപയോഗിച്ച് നടത്തുന്ന മൽസ്യബന്ധനം, തടയാനാണുദ്ദേശമെങ്കിൽ, ഈ പരമ്പരാഗത മൽസ്യത്തൊഴിലാളികളെ സഹായിക്കുന്നതിന് അവർക്ക് കൂടുതൽ മൽസ്യം കിട്ടണമെന്നാഗ്രഹിക്കുന്നതാണുദ്ദേശമെങ്കിൽ പെനാൽറ്റി വർദ്ധിപ്പിക്കുന്നതോടൊപ്പംതന്നെ യന്ത്രവൽക്കൃത ബോട്ടുടമസ്ഥൻമാരെ രക്ഷിക്കാൻവേണ്ടികൊണ്ടുവന്നിരിക്കുന്ന ഭേദഗതി

LIBRARY ARCHIVES Kerala Legislative Assembly

രണ്ടിൽ ഒന്നാം ഉപവകുപ്പ് എടുത്തുമാറ്റുന്നതിന് ബഹുമാനപ്പെട്ട മുഖ്യ മന്ത്രി സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യുമ്പോഴെങ്കിലും തയ്യാറാകണം എന്ന എന്റെ ഭേദഗതി നിർദ്ദേശിക്കുന്നു.

ഡോക്ടർ കെ. സി. ജോസഫ്: സർ, 293–ാം വകുപ്പനുസരിച്ച്.....(ബഹളം).....

മി. സ്പീക്കർ: ഹൗസിന്റെ ഡിസിഷൻ ആറുമണിവരെ എന്നാണ്. ഇനി ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടികൂടിയുണ്ട്. .....(ബഹളം).....

ശ്രീ. ടി. പി. പീതാംബരൻമാസ്റ്റർ: ആറുമണിവരെ സമയം അനുവദിച്ചിട്ടുണ്ട്. ഇപ്പോഴേ അഞ്ചേമുക്കാലേ ആയിട്ടുള്ളു. .....(ബഹളം).....

ശ്രീ. കെ. ചന്ദ്രശേഖരൻ: സമയം നിശ്ചയിച്ചു. ആ സമയം അലോട്ട് ചെയ്തു. അങ്ങ് ഒരു തെറ്റുചെയ്തുവെന്നല്ല ഞാൻ പറയുന്നത്. എല്ലാം എക്സ്പീരിയൻസ് കൊണ്ടായിരിക്കുമല്ലോ വരിക. നാലുമണിമുതൽ ആറുമണിവരെയെന്നുള്ളതാണ് നിബന്ധനയെന്നു പറഞ്ഞു. എന്നാൽ ഉള്ള സമയം തന്നെ എല്ലാപാർട്ടിക്കാർക്കുമായി വീതിച്ചു കൊടുക്കുന്നതായിരുന്നില്ലേ നല്ലത്? പതിനാറുപേർ പേരു തന്നിട്ടുണ്ടെങ്കിൽ ആ പതിനാറുപേർക്കുമായി ഉള്ള സമയം വീതിച്ചുകൊടുക്കുന്നതല്ലേ നല്ലത്? നാലുമണിമുതൽ ആറുമണിവരെയെന്നുള്ള നിബന്ധന റിപ്പോർട്ട് അഡോപ്റ്റ് ചെയ്തതിന്റെ കൂടെ ഉണ്ടെന്നുണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ അങ്ങയുടെ ഡിസ്ക്രീഷൻ ഉപയോഗിച്ച് പതിനാറ് ആളുകളെയും അക്കോമഡേറ്റ് ചെയ്യാമായിരുന്നു. ഞങ്ങളെ ഇവിടെ വൈകുന്നേരംവരെ വന്നിരുന്നിട്ട് വെറുതേ എഴുന്നേറ്റുപോകുന്നത് ശരിയാണോ?

മി. സ്പീക്കർ: അങ്ങ് പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു പോയിന്റാണ്. യാതൊരു സംശയവുമക്കാര്യത്തിലില്ല. അതുകൊണ്ടാണ് ഈ ചർച്ച തുടങ്ങുന്ന അവസരത്തിൽത്തന്നെ ചെയർ ഇക്കാര്യം പറഞ്ഞത്. ആറുമണിക്ക് തീർക്കണമെന്നുള്ളതാണ് ഹൗസിന്റെ ഡിസിഷൻ. അതുകൊണ്ടാണ് ബഹുമാനപ്പെട്ട അംഗങ്ങളും മറ്റ് മെമ്പർമാർക്ക് സൗകര്യപ്പെടുത്തുന്നതിനുവേണ്ടി ചുരുക്കി സംസാരിക്കണമെന്നു പറയുന്നത്. ഇതിനകത്തു നമുക്കറിയാം ഒരുപാട് പേർ ഭേദഗതിതന്നിട്ടുണ്ട്.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, എല്ലാമെമ്പർമാർക്കും.....

Mr. Speaker: The spirit is right. അടുത്ത ബില്ലിൽ ഇക്കാര്യം ശ്രദ്ധിക്കാം. ഏതായാലും ഇതിൽ മുഖ്യമന്ത്രിയുടെ മറുപടികൂടികഴിയുമ്പോഴേ ആറുമണിയാകും. .....(ബഹളം)..... ചെയർ ഒരു കാര്യം ചെയ്യാം. ഇതുകഴിഞ്ഞ് അടുത്ത ബില്ലിൽ കുറച്ചുകൂടി റെസ്ട്രിക്ട് ചെയ്യാം. ബഹുമാനപ്പെട്ട അംഗങ്ങളും ഒരു സെൽഫ് റെസ്ട്രിക്ഷനു വിധേയമാകട്ടെയെന്നു കരുതിയിട്ടാണ്.....

ശ്രീ. കെ. പങ്കജാക്ഷൻ: രണ്ടുമണിക്കൂറിനകത്ത് സമയം റെസ്ട്രിക്ട് ചെയ്യുകയെന്നുപറയുന്നതിലർത്ഥമില്ല. സംസാരിക്കുന്നവർക്ക്.....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ബഹുമാനപ്പെട്ട ചന്ദ്രശേഖരനും മറ്റാളുകളും ചൂണ്ടിക്കാണിച്ചതിൽ പോയിൻറുള്ളതുകൊണ്ടു പറഞ്ഞതാണ്. ബഹുമാനപ്പെട്ട അംഗങ്ങളാണത് ശ്രദ്ധിക്കേണ്ടത്. ചെയറിന് അതിനകത്ത് ഒരുപാട് പ്രയാസങ്ങളുണ്ട്. അതുകൊണ്ട് അടുത്ത ബിൽ മുതൽ കഴിയുന്നതും റിലവൻറ് പോയിൻറ്സ് പറഞ്ഞുനിറുത്തുകയാണെങ്കിൽ മാക്സിമം ആളുകൾക്ക് പങ്കെടുക്കുവാനുള്ള അവസരം കിട്ടും.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഈ ബില്ലിന് സഭയുടെ എല്ലാ ഭാഗത്തുനിന്നും പിൻതുണനൽകിയതിൽ എനിക്ക് സന്തോഷവും നന്ദിയുമുണ്ട്.....(ബഹളം).....

മി. സ്പീക്കർ: നേരത്തേ അമൻറുമെൻറ് കൊടുത്തിരുന്ന മെമ്പർമാരെ യഥാക്രമമാണ് വിളിച്ചിരുന്നത്. പാർട്ടികൾക്ക് സമയം കിട്ടാതെ വരുന്ന പ്രശ്നങ്ങൾ നേരത്തേ ചെയർ ഡിസ്ക്കസ് ചെയ്ത പോയിൻറാണ്.

ശ്രീ. കെ. കരുണാകരൻ: ഈ ബില്ലിനെ അനുകൂലിച്ചുകൊണ്ട് ശ്രീ. വർക്കല രാധാകൃഷ്ണൻ ഉന്നയിച്ച ഒരു പ്രശ്നം മൽസ്യബന്ധനം നടത്തുന്ന കാലഘട്ടത്തെസംബന്ധിച്ചാണ്. ഈ ബില്ലിൻെറ ഉദ്ദേശ പരിധിയിലുള്ളതല്ലെങ്കിൽപ്പോലും അദ്ദേഹം ഇവിടെ സൂചിപ്പിച്ചത് പരമ്പരാഗതമൽസ്യത്തൊഴിലാളികളെ സഹായിക്കാൻവേണ്ടി കൊണ്ടുവന്ന ബില്ലാണിതെങ്കിൽ ഈ കാലഘട്ടത്തിൽ അതായത് ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ മൽസ്യം പിടിക്കാൻ അനുവദിക്കുന്നത് അവർക്ക് ദ്രോഹകരമായിത്തീരുമെന്നുള്ളതാണ്. അതിന് അദ്ദേഹം പറഞ്ഞ കാരണം ആ കാലം ബ്രീഡിംഗ് കാലമാണെന്നാണ്. ഇക്കാര്യം പരിശോധിക്കാൻവേണ്ടിയാണ് കലാവർ കമ്മിറ്റിയെ നിയമിച്ചത്. വിദഗ്ദ്ധൻമാരടങ്ങിയ ആ കമ്മിറ്റി അതിൻെറ ശുപാർശയിൽ പറയുന്നത് എല്ലാ കാലങ്ങളിലും ബ്രീഡിംഗ് ഉണ്ടാകുമെന്നാണ്. വർഷക്കാലത്തും വർഷക്കാലം ആരംഭിക്കുന്നതിനുമുൻപും അതിനുശേഷവും, അതിൻെറ മദ്ധ്യേയുള്ള കാലഘട്ടത്തിലും ബ്രീഡിംഗ് ഏതാണ്ട് 7.5%, 8%, 8.7%, 9% എന്നിങ്ങനെയാണ് നടക്കുന്നതെന്നാണ് ആ കമ്മിറ്റി അവരുടെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. ഇന്നുള്ള മൽസ്യബന്ധനത്തിൻെറ 50% ഈ കാലഘട്ടങ്ങളിലാണ് നടക്കുന്നത്. ഈ കാലഘട്ടത്തിൽ മൽസ്യബന്ധനം നടത്താതിരുന്നാൽ അതു നഷ്ടപ്പെടും. ആ കാലഘട്ടങ്ങളിൽ നടത്തുന്ന മൽസ്യബന്ധനം പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ തൊഴിലിനെ ഒരുനിലയിലും പ്രതികൂലമായി ബാധിക്കുകയില്ലെന്നാണ് കലാവർ കമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. മൽസ്യബന്ധനം നടത്തുന്ന യന്ത്രവൽകൃത ബോട്ടുടമസ്ഥൻമാരെ തടയുന്നതിനുള്ള ശരിയായ സംവിധാനം ഇന്നില്ല. ഈ ഗവൺമെൻറ് വന്നതിനുശേഷം ഈ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി ഒരു ഡി. ഐ. ജി.യുടെ നേതൃത്വത്തിൽ ഒരു സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്.

ശ്രീ. എ. വി. താമരാക്ഷൻ: സർ, ഇവിടെ തന്നിരിക്കുന്ന ബാക്ക് ഗ്രൗണ്ട് മെറ്റീരിയൽ അനുസരിച്ച് 1969–71 കാലയളവിൽ പരമ്പരാഗത മേഖലയിലെ മൊത്തം ക്യാച്ച് 3,35,000 ടൺ ആയിരുന്നു എന്നു പറയുന്നുണ്ട്. 10 കൊല്ലം കഴിഞ്ഞതിനുശേഷം തൊഴിലാളികളുടെ എണ്ണം വളരെ കൂടിയിട്ടും ആ രംഗത്തുള്ള ക്യാച്ച് 1,67,000 ടൺ ആയി കുറയുവാനുള്ള കാരണമെന്താണെന്ന് അങ്ങേയ്ക്ക് പറയാമോ? 1969–71-ൽ പരമ്പരാഗതമേഖലയിലെ തൊഴിലാളികൾ 3,35,000 ടൺ മൽസ്യം പിടിച്ച കരളത്തിൽ 10 കൊല്ലത്തിനുശേഷം തൊഴിലാളികളുടെ എണ്ണം വർദ്ധി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിട്ടും ഇവിടെ ഉൽപ്പാദനം അതിന്റെ നേരെ പകുതിയായി എന്ന് (1,67,000 ടൺ) അങ്ങയുടെ ഡിപ്പാർട്ടുമെന്റ് പറയുന്നു, അതിന്റെ കാരണം എന്താണ്?

ശ്രീ. കെ. കരുണാകരൻ: സർ, മൊത്തത്തിൽ മൽസ്യബന്ധനം വർദ്ധിച്ചിട്ടുണ്ട് എന്നുള്ളതാണ് സത്യം. ഇതിൽ വരുന്ന ന്യൂനതകൾ എന്തൊക്കെയാണെന്ന് ഈ കമ്മിറ്റി പരിശോധിച്ചിട്ടുണ്ട്. അവർ പറയുന്നത് പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ ഇടയിലുണ്ടായിരുന്ന ഒരു ധാരണ ഈ കാലവർഷസമയത്ത് മൽസ്യം പിടിക്കുന്നതുകൊണ്ട് നഷ്ടം സംഭവിക്കുന്നുവെന്നാണ്. പക്ഷേ ശാസ്ത്രീയമായി പരിശോധിച്ചതിൽ നിന്നും, കണക്കുകൾ പരിശോധിച്ചതിൽനിന്നും, അതു ശരിയല്ല എന്നാണു കാണുന്നത്. ഞാൻ വേണമെങ്കിൽ റിപ്പോർട്ടിന്റെ ഒരു ഭാഗം വായിക്കാം. "After making detailed statistical analysis of the data available in this regard, the Committee concludes that the recruitment pattern is suggestive of almost continuous point and recruitment monthly rates 8.36, 7.41, 8.9, 9.39 etc.".

അതുകൊണ്ട് ഇക്കാര്യത്തിൽ പരമ്പരാഗതമൽസ്യത്തൊഴിലാളികൾക്ക് ഉണ്ടായിട്ടുള്ള ധാരണ തെറ്റാണെന്നും മൽസ്യം പിടിക്കുന്നതുകൊണ്ട് തെറ്റില്ലെന്നും അതിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ചില കാലഘട്ടങ്ങളിൽ ചില ഏരിയായിൽ മൽസ്യബന്ധനം ഒഴിവാക്കണമെന്ന് കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ട്. രാത്രികാലങ്ങളിൽ മൽസ്യബന്ധനം നടത്തുന്നത് നിരോധിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അതനുസരിച്ച് അത് നിരോധിച്ചിട്ടുണ്ട്. ഞാൻ ഇവിടെ പറയാനുദ്ദേശിക്കുന്നത് ഈ നിയമം മറികടക്കുന്ന ആളുകൾക്കുള്ള ശിക്ഷ കർക്കശമാക്കാൻ കൊണ്ടുവന്നിട്ടുള്ള ഈ ഭേദഗതിയെക്കുറിച്ചാണ്. ഈ ഭേദഗതി കൊണ്ടുവന്ന് നടപ്പിലാക്കുന്ന അവസരത്തിൽ അത് എങ്ങനെ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കുവാൻ കഴിയും എന്നുള്ളതിനെക്കുറിച്ച് ഇവിടെ നടന്ന വാദപ്രതിവാദത്തിൽ സൂചിപ്പിച്ചത് ഈ യന്ത്രവൽക്കൃതബോട്ടുകൾ വന്ന് മൽസ്യബന്ധനം നടത്തി തിരിച്ചുപോകുമ്പോൾ അവരെ തടയാനോ അല്ലെങ്കിൽ അവരുടെ പേരിൽ നടപടി നടത്താനോ ആവശ്യമായ സംവിധാനം ഇന്ന് നമ്മുടെ കൈവശം ഇല്ല, സ്പീഡ് ബോട്ടുകൾ ഉണ്ടായിരുന്നാൽ മാത്രമേ ഈ വലിയ യന്ത്രവൽക്കൃത ബോട്ടുകളെ തടഞ്ഞുനിർത്തി അവരുടെമേൽ നടപടിയെടുക്കാൻ സാധിക്കുകയുള്ളു എന്നാണ്. നമുക്ക് ഇന്ന് 3 സ്പീഡ് ബോട്ടുകളുണ്ട്. 9 പൈലറ്റ് ബോട്ട്സ് ഉണ്ട്; 6 മെക്കനൈസ്ഡ് ബോട്ട്സ് ഉണ്ട്. ഈ 3 സ്പീഡു ബോട്ടുകളിൽ ഒന്ന് എറണാകുളത്തും ഒന്ന് കോഴിക്കോട്ടും ഒന്ന് കൊല്ലത്തും വർക്കുചെയ്യുകയാണ്. ഇപ്പോൾ ഈ 3 ഏരിയായിലും അതായത് കൊല്ലത്തിനും എറണാകുളത്തിനും മദ്ധ്യേയുള്ള ആലപ്പുഴ തുടങ്ങിയ സ്ഥലങ്ങൾ ഒന്നുകിൽ എറണാകുളം കൊണ്ട് കവർ ചെയ്യാം അല്ലെങ്കിൽ കൊല്ലം കൊണ്ട് കവർ ചെയ്യാം. ഇതിന്റെ മദ്ധ്യേയുള്ള സ്ഥലം ഇത് രണ്ടും ഡിവൈഡ് ചെയ്തിട്ട് അവർ അത് കവർ ചെയ്യുകയാണ്. അതുപോലെതന്നെ കൊച്ചിയും കോഴിക്കോടും എടുത്താൽ മദ്ധ്യഭാഗം വരെ കൊച്ചിയിൽ പോകുന്നുണ്ട്. ഇങ്ങനെ അത് 3 റീജിയണിലായിട്ടാണ് വച്ചിരിക്കുന്നത്. ഇനിയും നമുക്ക് സാധിക്കുമെങ്കിൽ വാങ്ങിക്കാം. പക്ഷേ കോസ്റ്റ് വളരെ കൂടുതലായതുകൊണ്ടും അവയ ലബിലിറ്റി വളരെ കുറവായതുകൊണ്ടുമാണ് വാങ്ങാതിരിക്കുന്നത്. എതായാലും ആ രംഗത്ത് മെഷിനറി കുറെക്കൂടി ശക്തിപ്പെടുത്താനുള്ള തീരുമാനം എടുത്തിട്ടുണ്ട്. അതിന് ആവശ്യമായിട്ടുള്ള സ്റ്റാഫ് പാറ്റേൺ അവർ നിർദ്ദേശിച്ചിട്ടുണ്ട്. ആ സ്റ്റാഫ്

LIBRARY ARCHIVES Kerala Legislative Assembly

പാറേറൺ അനുവദിച്ചിട്ടുണ്ട്, ഈ 3 റീജിയണിലും ഇതിനാവശ്യമായ സംവിധാനം ഉണ്ടാക്കുവാൻ വേണ്ടി. ഇപ്പോൾ 22 കിലോമീറ്ററിനുള്ളിൽ മൽസ്യബന്ധനം.....

ശ്രീ. എ. വി. താമരാക്ഷൻ: സർ, മൂലനിയമത്തിൽ 22 കിലോമീറ്ററിനുള്ളിൽ പേഴ്സീൻ ബോട്ടുകൾ മൽസ്യബന്ധനം നടത്താൻ പാടില്ലെന്നുള്ളതായിരുന്നു. ഹൈക്കോടതിയുടെ സിംഗിൾ ബഞ്ചും ഡിവിഷൻ ബഞ്ചും ആ നിയമം റദ്ദുചെയ്തു. ഗവൺമെൻറിനുവേണ്ടി വാദിച്ച അഡ്വക്കേറ്റ് ജനറൽ അതിന് ആധാരമായ വസ്തുതകൾ കോടതിയെ ബോദ്ധ്യപ്പെടുത്തിയില്ലെന്ന് പറഞ്ഞുകൊണ്ട് ഡിവിഷൻ ബഞ്ച് ആ നിയമം റദ്ദുചെയ്തു. സർ, അതിനെതിരായി അപ്പീൽ കൊടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ? അതിനുള്ള കാലാവധി കഴിഞ്ഞിട്ടില്ലേ? ഇപ്പോൾ വന്നിട്ടുള്ള ഹൈക്കോടതിയുടെ തീരുമാനം ലക്ഷക്കണക്കിന് പാവപ്പെട്ടവരെ ബാധിക്കുകയില്ലേ? എന്താണ് ഇതുസംബന്ധിച്ച് അങ്ങയുടെ അഭിപ്രായം?

ശ്രീ. കെ. കരുണാകരൻ: ഈ 22 കിലോമീറ്ററിനുള്ളിൽ മൽസ്യബന്ധനം നടത്തുന്നത് കേരളഗവൺമെൻറ് നിയമപ്രകാരം തടഞ്ഞു, പക്ഷേ ഹൈക്കോടതി 10 കിലോമീറ്ററിനുള്ളിൽ മാത്രം എന്ന് നിയന്ത്രിച്ചതുകൊണ്ട് കേരള ഗവൺമെൻറിൻെറ തീരുമാനം റദ്ദുചെയ്യുകയാണുണ്ടായത്. അതിൻമേൽ അപ്പീൽ കൊടുക്കാനുള്ള നിർദ്ദേശം മാത്രമല്ല, അപ്പീൽ കൊടുക്കുവാനുള്ള എല്ലാ നടപടിയും സ്വീകരിച്ചു. സുപ്രീം കോർട്ട് അഡ്വക്കേറ്റിനെ ഏൽപ്പിച്ചു; എനിക്കുതോന്നുന്നത് കോടതി തുറന്നാൽ ഉടനെ അത് ഫയൽ ചെയ്യുമെന്നാണ്. എന്തായാലും കോടതി തുറന്നാൽ ഉടനെ ഫയൽ ചെയ്യാനുള്ള നിർദ്ദേശം കൊടുത്തുകഴിഞ്ഞു. അതിനുള്ള കണക്കുടഡ് പേപ്പേഴ്സ് എല്ലാം ഇവിടെനിന്നും അയച്ചിട്ടുണ്ട്. വക്കീലിനെ അയച്ചു, അത് കൊടുക്കുന്നതിനുള്ള എല്ലാം തയ്യാറാക്കിയിട്ടുണ്ട്. മിക്കവാറും കൊടുത്തുകാണുമെന്ന് തോന്നുന്നു. ഇല്ലെങ്കിൽ ഉടനെ തന്നെ കൊടുക്കുന്നതായിരിക്കും. അതിനുള്ള എല്ലാ നിർദ്ദേശങ്ങളും ഗവൺമെൻറിൻെറ ഭാഗത്തുനിന്നും കൊടുത്തുകഴിഞ്ഞു.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: കേരള ഗവൺമെൻറ് 22 കിലോമീറ്ററിനകത്ത് മെക്കനൈസ്ഡ് ഫിഷിങ്ങ് പാടില്ലെന്ന് നിർദ്ദേശം കൊടുക്കുമ്പോൾതന്നെ ഇൻഡ്യാഗവൺമെൻറ് 10 കിലോമീറ്ററിനകത്ത് പാടില്ല എന്നും 10 കിലോമീറ്ററിന് പുറത്ത് മൽസ്യബന്ധനമാകാം എന്നും നിർദ്ദേശം കൊടുത്തിട്ടുണ്ടെന്ന് പറയുന്നതിൻെറ അടിസ്ഥാനത്തിലാണോ നമ്മുടെ കോടതി അപ്രകാരമൊരു തീരുമാനം എടുത്തത് എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് കേന്ദ്രഗവൺമെൻറിനെ കൊണ്ട് തന്നെ ഇക്കാര്യത്തിൽ വേണ്ട ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: സർ, എന്തടിസ്ഥാനത്തിലാണ് ഇങ്ങനെയൊരു നിഗമനത്തിലെത്തിയത് എന്നുള്ളതിനെക്കുറിച്ച് നിശ്ചയമില്ല. പക്ഷേ ഒരു കാര്യം 22 കിലോമീറ്റർ വരെയുള്ള സ്ഥലം കേരള ഗവൺമെൻറിൻെറ നിയന്ത്രണത്തിലാണ്. അതുകൊണ്ടാണ് ഈ 22 കിലോമീറ്റർ ദൂരം നിശ്ചയിച്ചത്. ഈ 22 കിലോമീറ്ററിനുള്ളിലുള്ളത് നിശ്ചയിക്കാൻ കേരള ഗവൺമെൻറിന് അധികാരമുള്ളതുകൊണ്ടാണ് നിയമം ഉണ്ടാക്കിയിട്ടുള്ളത്. ഇൻഡ്യാഗവൺമെൻറ് ഒരു പക്ഷേ 10

LIBRARY ARCHIVES Kerala Legislative Assembly

അല്ലെങ്കിൽ 15 എന്നു പറഞ്ഞാലും കേരള ഗവൺമെന്റ് ഉണ്ടാക്കിയ നിയമം കേരളത്തിന് ബാധകമാണ്. ഹൈക്കോടതി എന്ത് നിലപാട് സ്വീകരിച്ചുവെന്ന് നിശ്ചയമില്ല. അതുകൊണ്ട് ആ കാര്യത്തിൽ ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്. അതിന് അപ്പീൽ കൊടുക്കുന്നുണ്ട്. സമയക്കുറവുകൊണ്ട് അതിന്റെ മറ്റുകാര്യങ്ങളിലേക്ക് ഞാൻ പോകുന്നില്ല.

ഇവിടെ പിഴയെ സംബന്ധിച്ചുള്ള നടപടിയെക്കുറിച്ച് പറഞ്ഞു. 5,000 രൂപ, 25,000 ആയി വർദ്ധിപ്പിച്ചു, 50,000 ആയി വർദ്ധിപ്പിച്ചു; അത് പിടിച്ചെടുക്കാനുള്ള അവകാശമുണ്ടെന്ന് പറഞ്ഞു. ആദ്യത്തെ നിയമത്തിലും ഈ നിയമത്തിലും ഉള്ള വ്യത്യാസം ആദ്യത്തെ നിയമത്തിൽ പറയുന്നത്, പ്രിസൈഡിംഗ് ഓഫീസർ 'may' എന്നാണ്. ഇതിൽ പറയുന്നത് 'shall' ആണ്. അതായത്, There is no other option state ചെയ്തിരിക്കുകയാണ്. അതുകൊണ്ട് ഈ ഭേദഗതി ആവശ്യമാണ്. കഴിഞ്ഞ പ്രാവശ്യമുണ്ടാക്കിയ നിയമം ഫലപ്രദമായില്ല. അതുകൊണ്ടാണ് ആ പ്രിസൈഡിംഗ് ഓഫീസർ 'shall' എന്നാക്കിയത്. പ്രിസൈഡിംഗ് ഓഫീസറെ സ്വാധീനിക്കാനോ വേറൊരുവിധത്തിൽ തീരുമാനിക്കാനോ ഇട നൽകാതെ നിർബന്ധപൂർവ്വമാണ് ചെയ്തിട്ടുള്ളത്. അതുകൊണ്ട് ഈ ഭേദഗതി ആവശ്യമാണ്. ഈ നിയമം ഫലപ്രദമാക്കിത്തീർക്കാൻ വേണ്ടിയാണിത്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന അപേക്ഷിക്കുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

6 p.m.] (വോട്ടെടുപ്പു നടന്നു. അതിൽ സഭ താഴെക്കാണും പ്രകാരം വേർതിരിഞ്ഞു).

അനുകൂലിക്കുന്നവർ—37

1. ശ്രീ. ടി. കെ. അബ്ദു
2. ,, കെ. പി. അരവിന്ദാക്ഷൻ
3. ,, ടി. കെ. അറുമുഖൻ
4. ,, ഒ. ഭരതൻ
5. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
6. ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ
7. ,, കെ. ചന്ദ്രശേഖരൻ
8. ,, വി. എസ്. ചന്ദ്രശേഖരൻപിള്ള
9. ,, എസ്, ഗോവിന്ദക്കുറുപ്പ്
10. ,, ടി. കെ. ഹംസ
11. ,, കെ. ടി. കണാരൻ
12. ,, എം. കെ. കേശവൻ
13. ,, വി. കേശവൻ
14. ,, സി. ടി. കൃഷ്ണൻ
15. ,, കെ. കൃഷ്ണൻ കുട്ടി
16. ,, കോലിയക്കോട് എൻ. കൃഷ്ണൻനായർ
17. ,, കെ. ടി. കുമാരൻ

LIBRARY ARCHIVES Kerala Legislative Assembly

18. ശ്രീ പി. കുമാരൻ
19. ,, പി. വി. കുഞ്ഞിക്കണ്ണൻ
20. ,, ലോനപ്പൻ നമ്പാടൻ
21. ,, സി. പി. മൂസ്സാൻകുട്ടി
22. ,, എ. കെ. പത്മനാഭൻ
23. ,, ഇ. പത്മനാഭൻ
24. ,, കെ. പങ്കജാക്ഷൻ
25. ,, ടി. പി. പീതാംബരൻ മാസ്റ്റർ
26. ,, കെ. പി. പ്രഭാകരൻ
27. ശ്രീമതി റേച്ചൽ സണ്ണി പനവേലി
28. ശ്രീ. വർക്കല രാധാകൃഷ്ണൻ
29. ,, പി. കെ. രാജൻ
30. ,, കാനം രാജേന്ദ്രൻ
31. ,, എ. സി. ഷൺമുഖദാസ്
32. ഡോക്ടർ എ. സുബ്ബറാവു
33. ശ്രീ. എ. വി. താമരാക്ഷൻ
34. ,, സി. കെ. തങ്കപ്പൻ
35. ,, വി. ജെ. തങ്കപ്പൻ
36. ,, പി. സി. തോമസ് (കടുത്തുരുത്തി)
37. ,, ജി. വരദൻ

പ്രതികൂലിക്കുന്നവർ—59

1. ശ്രീ എ. വി. അബ്ദുറഹിമാൻ ഹാജി
2. ,, പി. എം. അബൂബേക്കർ
3. ,, ഇ. അഹമ്മദ്
4. ,, കൊരമ്പയിൽ അഹമ്മദ്ഹാജി
5. ,, സി. ടി. അഹമ്മദ് അലി
6. ,, കെ. അവുക്കാദർകുട്ടിനഹ
7. ,, ആർ. ബാലകൃഷ്ണപിള്ള
8. ,, പി. കെ. കെ. ബാപ്പ
9. ,, യു. എ. ബീരാൻ
10. ,, ബെന്നി ബഹനാൻ
11. ,, പി. ഭാസ്കരൻ
12. ,, വി. ദിനകരൻ
13. ,, പി. സി. ജോർജ്ജ്
14. ,, കെ. എം. ഹംസക്കുഞ്ഞ്
15. ,, എം. എം. ഹസ്സൻ
16. ,, ടി. എം. ജേക്കബ്
17. ,, ടി. എസ്. ജോൺ
18. ,, എ. സി. ജോസ്
19. ഡോക്ടർ കെ. സി. ജോസഫ്
20. ശ്രീ കെ. സി. ജോസഫ്
21. ,, പി. ജെ. ജോസഫ്
22. ,, വി. വി. ജോസഫ്
23. ശ്രീമതി എം. കമലം
24. ശ്രീ കെ. ജി. ആർ. കർത്താ

LIBRARY ARCHIVES Kerala Legislative Assembly

25. ശ്രീ ജി. കാർത്തികേയൻ
26. ,, കെ. കരുണാകരൻ
27. ,, പി. കെ. കുഞ്ഞാലിക്കുട്ടി
28. ,, മണിമംഗലത്തു കുട്ട്യാലി
29. ,, ഇ. ജെ. ലൂക്കോസ്
30. ,, കെ. പി. എ. മജീദ്
31. ,, എം. വി. മാണി
32. ,, കെ. മുഹമ്മദാലി
33. ,, ഇ. ടി. മുഹമ്മദ് ബഷീർ
34. ,, പി. എ. മുഹമ്മദ് കണ്ണ്
35. ,, പി. വി. മുഹമ്മദ്
36. ,, ടി. എച്ച്. മുസ്തഫ
37. ,, കെ. എസ്. നാരായണൻ നമ്പൂതിരി
38. ,, കെ. പി. നൂറുദ്ദീൻ
39. ,, തച്ചടി പ്രഭാകരൻ
40. ,, കെ. രാഘവൻമാസ്റ്റർ
41. ,, രാഘവൻ പൊഴക്കടവിൽ
42. ,, കെ. കെ. രാമചന്ദ്രൻമാസ്റ്റർ
43. ,, കെ. പി. രാമചന്ദ്രൻനായർ
44. ,, എസ്. രാമചന്ദ്രൻപിള്ള
45. ,, തേറമ്പിൽ രാമകൃഷ്ണൻ
46. ,, കെ. പി. രാമൻ
47. ,, രമേശ് ചെന്നിത്തല
48. ,, തോപ്പിൽ രവി
49. ,, പി. സീതിഹാജി
50. ,, കടവൂർ ശിവദാസൻ
51. ,, നാലകത്തു സൂപ്പി
52. ,, കെ. കെ. ശ്രീനിവാസൻ
53. ,, എൻ. ശ്രീനിവാസൻ
54. ,, പന്തളം സുധാകരൻ
55. ,, വി. സുരേന്ദ്രൻപിള്ള
56. ,, പി. പി. തങ്കച്ചൻ
57. ,, സി. എഫ്. തോമസ്
58. ,, കെ. കെ. തോമസ്
59. ,, പി. കെ. വേലായുധൻ

നിഷ്പക്ഷത പാലിക്കുന്നവർ —ആരുമില്ല

അനുകൂലിക്കുന്നവർ—37
പ്രതികൂലിക്കുന്നവർ—59
നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചതായി പ്രഖ്യാപിച്ചു. ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

1986-ലെ കേരള സമുദ്ര മൽസ്യബന്ധന നിയന്ത്രണ (2-ാം ഭേദഗതി) ബിൽ ഭൂനികുതിയും വനവും മൽസ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയച്ചു.

(3) 1986—ലെ കേരള ഗ്രന്ഥശാലാ സംഘം (ഭരണനിർവ്വഹണം ഏറ്റെടുക്കൽ) ഭേദഗതി ബിൽ.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, 1986—ലെ കേരള ഗ്രന്ഥശാലാസംഘം (ഭരണനിർവ്വഹണം ഏറ്റെടുക്കൽ) ഭേദഗതി ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. ടി. എം. ജേക്കബ്: 1986—ലെ കേരള ഗ്രന്ഥശാലാസംഘം (ഭരണനിർവ്വഹണം ഏറ്റെടുക്കൽ) ഭേദഗതി ബിൽ സാമൂഹ്യസേവനം സംബന്ധിച്ച 6—ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണം എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ): സർ, ഞാൻ അതിനെ പിന്താങ്ങുന്നു.

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഇത് വളരെ ചെറിയ ഒരു ബില്ലാണ്. ഇതിനെപ്പറ്റി അധികമൊന്നും പറയാൻ ഞാനാഗ്രഹിക്കുന്നില്ല. കേരള ഗ്രന്ഥശാലാ സംഘത്തിന്റെ ഭരണം ഭംഗിയായി നടത്തിക്കൊണ്ടുപോകുന്നതിനായി ചെയ്യേണ്ടിവന്ന ഒരു നടപടിയെ തുടർന്ന്, ആവശ്യമായിവന്ന ഒരു ഭേദഗതിയാണ് ഇത്. 1114—ൽ ട്രാവൻകൂർ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സംഘമാണ് കേരള ഗ്രന്ഥശാലാ സംഘം. അതിന്റെ ശരിയായ ഭരണം ചില കാരണങ്ങളാൽ താറുമാറാകുകയും.....

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ ഈ ബിൽ കൺസിഡറേഷന് എടുത്തുകൂടാ എന്നാണ് എന്റെ അഭിപ്രായം. അതിന്റെ ഒബ്ജക്ഷനാണ് ഞാൻ പറയുന്നത്.

മി. സ്പീക്കർ: ഏത് ചട്ടപ്രകാരം ആണെന്ന് പറയൂ.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഐ ഓപ്പോസ് ദി ബിൽ.

മി. സ്പീക്കർ: അത് ഭേദഗതി അവതരിപ്പിക്കുമ്പോൾ പറയാം ഇപ്പോൾ അങ്ങനെ വിളിച്ചിട്ടില്ല.

ശ്രീ. ടി. എം. ജേക്കബ്: 1975—76—ലെ തെരഞ്ഞെടുപ്പിനെ തുടർന്നുണ്ടായ ചില സംഭവവികാസങ്ങൾ ഈ ഗ്രന്ഥശാലാ സംഘത്തിന്റെ ഭരണം നടത്തിക്കൊണ്ടുപോകുന്നതിന് സാധിക്കാത്ത സാഹചര്യം ഉളവാക്കുകയുണ്ടായി.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: What is the point of order? ഏത് ചട്ടപ്രകാരമാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: റൂൾ 79 പ്രകാരം.

LIBRARY ARCHIVES Kerala Legislative Assembly